മിസ്റ്റർ കെ. കുഞ്ഞിരാമൻ മേനോൻ: ഇതു വേണ്ടെന്നുവെച്ചു് ഇതിന്റെ പണി മുൻസീഫ്കോർട്ടിനെ ഏല്പിക്കുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ സി. എ. ഔസേപ്പ്: അതു രണ്ടും യോജിച്ചു കായ്ക്കുന്നതല്ല.

VILLAGE COURTS WITHIN MUNICIPAL LIMITS—EXPENDITURE REGARDING

50. (176) Mr. P. K. Krishnankutty Menon *(Vellarapilli)*: Will Government be pleased to state.—

(*a*) the number of village courts established within Municipal limits where there are already Munisiff's Courts;

(*b*) the amount spent by Government per year for their working;

(*c*) the number of suits filed in each of those Courts;

(*d*) the amount of income realised by way of Court fee, etc., from those Courts?

Mr. C. A. Ouseph *(Minister for Education and Public Health)*:

(*a*) 7.

(*b*) Rs. 18,940—0—0.

(*c*) No. of suits filed in the year 1123.—

Mattancheri	46
Ernakulam	153
Irinjalakkuda	211
Lokamaleswaram	132
Trichur	72
Vadakkancheri	60
Chittur	36
Total	710

(*d*) Rs. 1,954—0—0.

മിസ്റ്റർ പി. കെ. കൃഷ്ണൻകുട്ടിമേനോൻ: ഈ വില്ലേജ് കോടതികൾ ഓരോന്നും നടത്തുന്നതിൽ കൊല്ലത്താൽ എത്ര നഷ്ടം ഉണ്ട്?

മിസ്റ്റർ സി. എ. ഔസേപ്പ്: അതു തിരിച്ചു പറയുവാൻ നോട്ടീസുവേണം.

മിസ്റ്റർ പി. കെ. കൃഷ്ണൻകുട്ടിമേനോൻ: ചെലവും, വരവുമായിട്ടാണ് ഇതിൽ കാണുന്നതു്.

മിസ്റ്റർ സി. എ. ഔസേപ്പ്: അതിൽനിന്നു ഏതാണ്ടു് ലാഭനഷ്ടം ഉദ്ദേശിക്കാം

മിസ്റ്റർ പി. കെ. ഡീവർ: ഗവൺമെണ്ടു കോടതികൾ നടത്തുന്നതു ലാഭത്തിനുള്ള ഒരു മാർഗ്ഗമായിട്ടാണോ?

മിസ്റ്റർ സി. എ. ഔസേപ്പ്: കോടതികൾ ഒരു ആദായമാർഗ്ഗമായിട്ടു ഒരു ഗവൺമെണ്ടും സ്ഥീകരിച്ചിട്ടില്ല. കോർട്ടുഫീയൊക്കെ അതിലുള്ള ആദായങ്ങളാണു്.

മിസ്റ്റർ പി. കെ. ഡീവർ: വില്ലേജ് കോടതിയിൽ കോർട്ടുഫീയുണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പ്: ഇല്ല.

മിസ്റ്റർ പി. കെ. ഡീവർ: പട്ടണങ്ങളിലുള്ള വില്ലേജ് കോടതികൾ നിർത്തണമെന്നു വക്കീലന്മാരുടെ വല്ല ക്ഷോഭവും കിട്ടിയിട്ടുണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പ്: നോട്ടീസുവേണം.

മിസ്റ്റർ സി. വി. ഐയ്യു: വില്ലേജുകളിൽ ഇതുകൊണ്ടു വളരെ ഉപയോഗമുണ്ടെന്നു ഗവൺമെണ്ടിനു തോന്നുന്നുണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പ്: വില്ലേജുകളിൽ വളരെ പ്രയോജനമുണ്ടു്.

2. NOMINATION OF A MEMBER TO THE HOUSE COMMITTEE

Mr. President: Under Standing Order 72 I nominate Mr. P. K. Paul to be a member of the House committee.

We shall now take up demands for grants.

3. VOTING OF DEMANDS FOR GRANTS

17. General Administration—Rs. 4,71,390

Mr. E. Ikkanda Warriar *(Prime-Minister)*: I move for a grant of Rs. 4,71,390 under 17-General Administration.

LIBRARY ARCHIVES Kerala Legislative Assembly

Mr. C. A. Ouseph *(Minister for Education and Public Health)*: I second it.

Mr. President : There are various cut motions on this and I will put the grant at the latest at 7-45 p.m. if the discussion is not concluded by that time.

CUT MOTION NO 1.

മിസ്റ്റർ കെ. ഐ. വേലായുധൻ: പ്രസിഡണ്ട് സർ, "To reduce the allotment of Rs. 4, 10, 643 for (1) Huzur Secretariat in Demand No. 17 by Re 1.

To discuss the inepuality that exists in the matter of promotion, service and transfers between members of the staff of the Secretarait and thos : ... offices sn the State"

ഇതാണ് എന്റെ പ്രമേയം. ഹുസൂർ സെക്രട്ടറിയേറ്റിൽ ഉള്ള ഉദ്യോഗസ്ഥന്മാർ ബാക്കി യുള്ള ഡിപ്പാർട്ട്മെണ്ടുകളിലെ ഉദ്യോഗസ്ഥന്മാരെ അപേക്ഷിച്ചു പ്രമോഷൻ കാര്യങ്ങളിലും, ഡിപ്പാർട്ട്മെണ്ടുകളുമായിട്ടുള്ള ഉദ്യോഗമാറ്റങ്ങളിലും അനുഭവിച്ചുവരുന്ന പ്രത്യേകത്വ ങ്ങളെ ചൂണ്ടികാണിക്കുവാനാണ് ഞാൻ ഈ ഖണ്ഡനോപക്ഷേപം കൊണ്ടുദ്ദേശിക്കുന്നത്. സാധാരണജനങ്ങളുടെ ഇടയിൽ ഒരു ധാരണയുണ്ട്, സെക്രട്ടറിയറ്റിൽ ഒരു ഉദ്യോഗം കിട്ടുകയാണെങ്കിൽ വേഗത്തിൽ ഉയരാം എന്നു്. ഇതുവളരെ വാസ്തവമാണ്. പ്രവർത്തനവും ഏതാണ്ട് അങ്ങിനെതന്നെയാണ്. അതിനുള്ളപ്രത്യേകകാരണം ദിവാൻ രാജ്യംഭരിച്ചിരുന്ന കാലത്തു വളരെ അധികം സൌകര്യങ്ങളും ഗുണങ്ങളും സെക്രട്ടറിയേറ്റിൽ ജോലിചെയ്യുന്ന ഉദ്യോഗസ്ഥന്മാർക്ക് ചെയ്തുകൊടുത്തിരുന്നുവെന്നുള്ളതാണ്. സെക്രട്ടറിയേറ്റിലെ ഒരു ചെറിയ ഉദ്യോഗസ്ഥനു് മറ്റു ഡിപ്പാർട്ട്മെണ്ടിലുള്ള ഏറ്റവും വലിയ ഉദ്യോഗ ങ്ങളിലേയ്ക്കു് കയറിപ്പറ്റുവാൻ നിഷ്പ്രയാസം സാധിച്ചിരുന്നു. ശരിയായ അവകാശികൾക്കു് ഇതു കൊണ്ടുണ്ടാകുന്ന തിക്തകഫലം അനുഭവിക്കുകമാത്രമേ നിവൃത്തിയുള്ളൂ. തിരുവിതാംകൂറിൽ മന്ത്രിയായിരുന്ന സി. കേശവൻ തന്നെ പറഞ്ഞിട്ടുണ്ട്; കണ്ണേജപന്മാർക്കും, അവരുടെ സിൽബന്തികൾക്കും സേവകന്മാർക്കും പറ്റിക്കുടാനുള്ള ഗർഭഗൃഹമാണ് സിക്രട്ടറിയേറ്റ് എന്നു്. ഇതിവിടെ അക്ഷരംപ്രതി പരമാർത്ഥമാണെന്നു് ഇവിടത്തെ സെക്രട്ടറിയേറ്റിലെ ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചും അവരുടെ പെട്ടെന്നുള്ള ഉദ്യോഗകയറ്റത്തെ സംബന്ധിച്ചും നോക്കുകയാണെങ്കിൽ മനസ്സിലാക്കുവാൻ സാധിക്കും. ഇവിടെ Pay Revision Committee ക്കാർ ശമ്പളതോതു നിർണ്ണയിച്ചിട്ടുള്ളതിൽ നിന്നുവ്യതിചലിച്ച ചില പ്രത്യേകസ്ഥാനത്തുനിന്നും പിന്നീട്ടുകൂട്ടുകയും, കുറയ്ക്കുകയും ചെയ്തതായിട്ടു നമുക്കു് അറിയുവാൻ കഴിയും. ഇങ്ങിനെയുള്ള Pay Revision കൊണ്ടു, ഹുസൂർസെക്രട്ടറിയേറ്റിലുള്ള ഉദ്യോഗസ്ഥന്മാർക്കു് കിട്ടിയിട്ടുള്ളഗുണങ്ങൾക്കുപുറമെ ചില പ്രത്യേകസ്ഥാനങ്ങളിൽനിന്നും ആനുകൂല്യങ്ങൾ നല്ല ശമ്പളമായും കൊഴുത്ത ബത്തയായും അവർക്കു സിദ്ധിച്ചുവരുന്നു. സർ ഇങ്ങിനെയെല്ലാം ചെയ്യുവാൻ എന്താണു് സെക്രട്ടറിയേറ്റിൽ ഉള്ളവർക്കു വല്ലവിശേഷതയുമുണ്ടോ? ഗവർമ്മെണ്ടു് ഇക്കാര്യത്തിൽ മൌനം അവലംബിക്കുന്നതു ന്യായമാണോ? അല്ലെങ്കിൽ ഇതുകൊണ്ടു തെറ്റുതിരുത്തില്ലേ? ൧൯൫൫ മുതൽ ൧൯൫൮ ഗ്രേഡിൽ അഞ്ചു ഉദ്യോഗങ്ങൾ സൃഷ്ടിച്ചുകഴിഞ്ഞിട്ടുള്ളതു് ഒരു പക്ഷേ നമ്മുടെ ഇന്നത്തെ ഗവർമ്മെണ്ടു് നല്ലപോലെ ആലോചിച്ചിട്ടുണ്ടാകുകയില്ല; ആലോചിച്ചിട്ടുണ്ടെങ്കിൽ മൌനം അവലംബിച്ചിരിക്കുകയാണു്. അതുപോലെതന്നെ ഏല്ലാക്ലാർക്കുമാരുടേയും മീതെ ഒരു സൂപ്രണ്ടുള്ളതായിട്ടും കാണുവാൻ സാധിക്കും. സാധാരണയായിട്ടു പഞ്ചായത്തുഡിപ്പാർട്ട്മെണ്ടിലോ, പബ്ലിക്ക് വർക്സ്ഡിപ്പാർട്ട്മെണ്ടിലോ റവന്യൂഡിപ്പാർട്ട്മെണ്ടിലോ നോക്കുകയാണെങ്കിൽ നാല്പതോ അൻപതോ നൂറോ ക്ലാർക്കുമാരുള്ളഡിപ്പാർട്ട്മെണ്ടിൽ ഒരേ ഒരു മാനേജരെ മാത്രമേകാണുവാൻ സാധിക്കുകയുള്ളൂ. മാനേജരുടെ സ്ഥാനം മാത്രമാണു് ഇന്നു ഹുസൂറിലുള്ള സൂപ്രണ്ടുമാർക്കുള്ളതു്. പക്ഷെ മാനേജർക്കു ജോലിക്കൂടുതൽ ഉണ്ടെന്നുമാത്രം വ്യത്യാസം. ഇതിനും പുറമെ അപ്പർഗ്രേഡിൽ ൧൯൫൫ മുതൽ ൧൯൫൮ യിൽ പത്തിരുപത്തഞ്ചു ക്ലാർക്കുമാരേയും അവിടെകാണാം. അവരിൽ മിക്കപേർക്കും യാതൊരുഗ്രേഡിലും സ്ഥിരമില്ലാത്തവരാണു്. അതെസമയത്തു മറ്റു ഡിപ്പാർട്ട്മെണ്ടുകളിൽ പത്തുനൂറു ക്ലാർക്കുമാരുള്ളതിൽ മൂന്നോ നാലോ ആളുകളെമാത്രമേ അപ്പർഗ്രേഡിൽ കാണുകയുള്ളൂ. ജോലിയിൽ വളരെക്കാലമായി സ്ഥിരംകിട്ടിയിട്ടുള്ളവരുമാണു്. അതിന്റെ അർത്ഥം ആലോചിച്ചുനോക്കിയാൽ അന്നന്നു് അധികാരത്തിൽ വരുന്ന ഉദ്യോഗസ്ഥന്മാരോടു അടുത്തുപെരുമാറുന്നവർക്കു് ഇങ്ങിനെയുള്ള ആനുകൂല്യങ്ങൾ ലഭിക്കുക, അല്ലെങ്കിൽ നൽകിവരുകയാണു്. അതിനുംപുറമെ ദിവാൻ ഭരിച്ചിരുന്നകാലത്തു് അദ്ദേഹത്തോടു് എതെങ്കിലും വിധത്തിൽ മമതയുള്ളവർക്കു ന്യായരഹിതമായ വിധത്തിൽ ആനുകൂല്യങ്ങൾ ചെയ്യുവാൻ സാധിച്ചിരുന്നതിന്റെ ഫലമായി അങ്ങിനെയുള്ള സേവകന്മാർക്കു് ഏറ്റവും വലിയ ഉദ്യോഗങ്ങളിൽ കയറിപറ്റുവാൻ സാധിച്ചിട്ടുണ്ടു്. ഉദാഹരണം നോക്കുകയാണെങ്കിൽ റവന്യൂ ഡിപ്പാർട്ടുമെണ്ടിൽ ഒരു ബി. എ. ക്കാരൻ ക്ലാർക്കു് പത്തോ പതിനഞ്ചോ കൊല്ലം

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. I. Velayudhan]

ജോലി ചെയ്യാലാണ് ര ാക. മുതൽ ന്യ ാക. വരെ ഗ്രേഡ് കിട്ടുന്നത്. എന്നാൽ അതെ കപാളിഫിക്കേഷനുള്ള ഒരാൾ ഫ്ലസൂറിൽ ഒരു ക്ലാക്കായിട്ട വന്നാൽവളരെ ചുരുങ്ങിയകാലം കൊണ്ട് ര ാക. മുതൽ ന്യ ാക. ശമ്പളം വാങ്ങുന്ന റവന്യൂ ഡിപ്പാർട്ടുമെണ്ടിലെ ക്ലാക്കിന്റെ മീതെ തഹസീൽദാരായിട്ടോ, മേലധികാരിയായിട്ടോ ഒരു ദിവസം മാറിവരുന്നതായി നമുക്ക് കാണുവാൻ സാധിക്കും. എന്നാൽ ബി. ഏ. പാസ്സായിട്ടുള്ള ചില ക്ലാക്കുമാർ റവന്യൂ ഡിപ്പാർട്ടുമെണ്ടിൽ ഫ്രൻ കൊല്ലംവരെ സപ്ലീസ്സുണ്ടായിട്ടും ഇന്നും യാതൊരു ഉയർച്ചയുമില്ലാതെ ഇരിക്കുന്നതായിട്ട കാണാം. ഇങ്ങിനെയുള്ള അസമതപങ്ങളെ ഇല്ലാതാക്കണമെന്നുള്ളതാണ് എന്റെ ഉദ്ദേശം, അതിന്നായിട്ടാണ് ഈ ഉപക്ഷേപം അവതരിപ്പിച്ചിട്ടുള്ളത്". ഇങ്ങിനെയുള്ള സംഭവങ്ങൾ ഒന്നല്ല, രണ്ടല്ല വളരെയധികമുണ്ട്. ഞാൻ വ്യക്തികളെകുറിച്ച പറയുന്നില്ല. അങ്ങിനെ പറയുന്ന പക്ഷം വളരെയധികം വ്യക്തികളെക്കുറിച്ച പറയേണ്ടിവരും. അതു വ്യക്തിവിദ്വേഷംകൊണ്ടാണെന്ന പലരും തെറ്റിദ്ധരിക്കും. ഇവിടെ കഴിഞ്ഞമന്ത്രിസഭയുടെ പേരിൽ അവിശ്വാസപ്രമേയം കൊണ്ടുവന്നസംഗതി എല്ലാപേർക്കും അറിയാവുന്നതാണ്. ആ അവിശ്വാസപ്രമേയം Move ചെയ്ത അവസരത്തിൽ അതു പാസ്സാകാതെയിരിക്കാനായി ഫ്ലസൂറിൽ എതുകക്ഷിക്കാർ ചില കുതന്ത്രങ്ങളൊക്കെ പ്രയോഗിച്ചു. അതിന്റെ ഫലമായി ചില സൂപ്രണ്ടന്മാരുടെതസ്തികകളൊക്കെയുണ്ടാക്കി. ഓരോ ആവശ്യങ്ങൾക്കും പ്രത്യേകകാര്യങ്ങൾക്കും നോട്ടവാന്നമാണ് ഫ്ലസൂറിൽ വലിയ ഉദ്യോഗങ്ങൾ, ആരോടും ചോദിക്കാതെ, യാതൊരുനിയമവും നോക്കാതെ സൃഷ്ടിക്കുന്നതെന്ന മനസ്സിലാക്കുവാൻ സാധിക്കുന്നുണ്ട്. ഇന്നത്തെ ഒരു ക്രിമനൽ പ്രതിയെ അന്ന സൂപ്രണ്ടാക്കുന്നതിനു വേണ്ടിയാണ് അന്നത്തെ മന്ത്രിസഭ ര സൂപ്രണ്ടന്മാരെ പുതിയതായി സൃഷ്ടിച്ചത്. വെറും ഒരു ക്ലാക്കായിരുന്ന ഒരു വ്യക്തിയെ പ്രത്യേകതാല്പര്യത്തിനുവേണ്ടി സൂപ്രണ്ടാക്കിയപ്പോൾ ആ സ്ഥാനത്തിന്നർഹരായ മൂന്ന പേർ പരാതി പറഞ്ഞു. എന്നാൽ നിങ്ങൾക്കും കൂടിയിരിക്കട്ടെ എന്നുപറഞ്ഞു മൂന്നു പോസ്റ്റുകൾകൂടി പുതിയതായുണ്ടാക്കി. ഇങ്ങിനെ തല്ലാലത്തെ ആവശ്യമനുസരിച്ച ഓരോരുത്തക്കുവേണ്ടി ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന ഉദ്യോഗങ്ങളെകുറിച്ച നോക്കിയാൽ അവിടെ നടക്കുന്ന അഴിമതികൾ കാണാം. കാട്ടിലെമരം തേവരുടെ അന വലിയടാ വലി, എന്ന തത്വമാണ് അവിടെ സ്വീകരിച്ചിരിക്കുന്നതെന്ന ഇതിൽനിന്ന മനസ്സിലാക്കാൻ സാധിയ്ക്കും. ഞാൻ വ്യക്തിവിദ്വേഷം കൊണ്ടുപറയുന്നതല്ല. സെക്രട്ടറിയേറ്റിൽ നടക്കുന്ന അഴിമതികളെ ചൂണ്ടിക്കാണിക്കാൻ വേണ്ടി പറയുന്നതാണ്. ഒരു ക്ലാക്കിനെ ഒരു ഡിപ്പാർട്ടുമെണ്ടിൽ നിയമിച്ചാൽ ആ കാലാവധികഴിഞ്ഞാൽ ഉടനെതന്നെ പുറത്തുപോകണം. എന്നാൽ ഫ്ലസൂറിനെ സംബന്ധിച്ചിടത്തോളം ആ വക വ്യവസ്ഥകളൊന്നും അവിടെ ബാധകമല്ല. അവിടെയുണ്ടായിരുന്ന ഗവമ്മെണ്ടു സെക്രട്ടറിയുടെ ഒരു മരുമകൻ അടുത്തവസരത്തിൽ Thrown out ആയി. പക്ഷെ, അദ്ദേഹം സെക്രട്ടറിയുടെ മരുമകനാണ്. പബ്ലിക്ക് സർവ്വീസ്കമ്മീഷന്റെ നിയമമൊന്നും സിക്രട്ടറിയുടെ മരുമകനു ബാധകമല്ല. അദ്ദേഹത്തിനുവേണ്ടി ഒരു പ്രത്യേകതസ്തിക അവിടെയുണ്ടാക്കി. പബ്ലിക്ക് സർവ്വീസ് കമ്മീഷനു എഴുതി ഈ ആളെ ഉടനെ നിയമിക്കണം, അല്ലെങ്കിൽ അംഗീകരണം കൊടുക്കണമെന്നു. പക്ഷെ,നിയമമില്ലാത്തതുകൊണ്ടു പബ്ലിക്ക് സർവ്വീസ് കമ്മീഷൻ അങ്ങിനെ ചെയ്തില്ല. മഹാരാജാവിന്റെ തണലിൽ നിന്നുകൊണ്ട് വ ാമുതൽ ഫ ാ ാശ്രപാവരെ ഗ്രേഡിൽ ആ വ്യക്തിക്കു ഉദ്യോഗം കൊടുത്തു. ഇത്തരം അഴിമതികളാണഫ്ലസൂറിൽ ദൈനംദിനം നടക്കുന്നത്. അവക്കു ഡിപ്പാർട്ടുമെണ്ടു ഹെഡ്സ് ആകുന്നതിനൊ അതുപോലെയുള്ള മറവു ഉയർന്ന ഉദ്യോഗങ്ങളിൽ കടന്നുകൂടുവാനൊ യാതൊരുബുദ്ധിമുട്ടുമില്ല. ഇതിനു ഒരു പരിഹാരമുണ്ടാക്കണമെന്നു ഇന്നത്തെ ജനകീയഗവമ്മെണ്ടിനോടു ഞാൻ വീണ്ടുംവീണ്ടും പറയുന്നു. മറവഡിപ്പാർട്ടുമെണ്ടുകളിൽ ഒഴിവുവരുമ്പോൾ എതുകൊണ്ടു ഫ്ലസൂറിൽനിന്നു പ്രമോഷൻ കൊടുത്തു അങ്ങോട്ടയയ്ക്കുന്നു? അതേ സമയംഫ്ലസൂരിൽ ഒരു പ്രമോഷൻ വരുമ്പോൾ മറവഡിപ്പാർട്ടുമെണ്ടിലുള്ളവർക്കു എതുകൊണ്ടു ഇവിടെ കൊടുക്കുന്നില്ല? ഗവമ്മെണ്ടു പറയുമായിരിക്കും ഫ്ലസൂരിലെ പരിചയമുള്ള സൂപ്രണ്ടന്മാരെയാണ പ്രമോഷൻകൊടുത്തുമറവഡിപ്പാർട്ടുമെണ്ടുകളിലേയ്ക്കു അയയ്ക്കുന്നതെന്നു. പക്ഷെ, അതുശരിയല്ല. വാസ്തവത്തിൽ മറവഡിപ്പാർട്ടുമെണ്ടിൽ ഒരു സാധാരണ ക്ലാക്കു എടുക്കുന്ന പണിപോലും ഫ്ലസൂരിലെ സൂപ്രണ്ടിനില്ല. നാലഞ്ചുക്ലാക്കന്മാരുടെ ജോലി ഒന്നു മാനേജ് ചെയ്യണമെന്നേയുള്ളു.

അതുകൊണ്ടു ഈ വക അനീതികൾക്കും അഴിമതികൾക്കും വിരാമമിടാൻ ഇന്നത്തെ ജനകീയമന്ത്രിസഭയോടു അപേക്ഷിച്ചുകൊണ്ടു ഈ ഉപക്ഷേപം ഞാൻ ഇവിടെ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ വി. കെ. ജോസഫ്: മിസ്റ്റർ പ്രസിഡണ്ട്, സർ, ഹുസൂർസെക്രട്ടറിയേറ്റിലെ ഉദ്യോഗസ്ഥന്മാരുംമറ്റ ഡിപ്പാർട്ട്മെണ്ടുകളിലെ ഉദ്യോഗസ്ഥന്മാരും തമ്മിൽ ഉദ്യോഗക്കയറ്റത്തിന്റെ കാര്യത്തിലും, സർവ്വീസിന്റെ കാര്യത്തിലും, ദിനബത്തയുടെ കാര്യത്തിലും, വളരെയധികം അസമത്വങ്ങളുണ്ട്. ഇതു് എന്താണ്ടു് "കൈയ്യക്കുള്ളവൻ കാര്യക്കാരൻ" എന്ന നിലയാണ് നടക്കുന്നതു്. ഹുസൂർകച്ചേരിയിൽ നിന്നാണല്ലൊ കാര്യങ്ങൾ പുറത്തുവരുന്നതു്. ഹുസൂർ ഉദ്യോഗസ്ഥന്മാർ ഗവണ്മെണ്ടിനെ എങ്ങിനെയെങ്കിലും കബളിപ്പിച്ചുകൊണ്ടു് അവരുടെ സ്വാധീനശക്തി ചെലുത്തിക്കൊണ്ടിരിക്കുകയാണ്. ഗവണ്മെണ്ടിനു് ഇതു കാണുവാനുള്ള പ്രാപ്തിക്കുറവുകൊണ്ടൊ, അതൊ കണ്ണടച്ചിട്ടൊ എങ്ങിനെയൊ അവരുടെ കാര്യങ്ങൾ നടക്കുന്നുണ്ടു്. ഒരുദാഹരണം ഈ സഭമുമ്പാകെ വെയ്ക്കുണമെന്നു വിചാരിക്കുന്നു. രണ്ടു മൂന്നു ദിവസങ്ങൾക്കുമുമ്പു ദിനബത്തയെക്കുറിച്ചും സഞ്ചാരബത്തയെക്കുറിച്ചും ഗസറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്നതുകൊണ്ടു് C. S. R.-ൽ അതിനെ സംബന്ധിച്ചു ഭേദഗതിചെയ്തിരിക്കുന്നതായികണ്ടു. അതായതു് 6-ാം ക്ലാസ്സു് ഉദ്യോഗസ്ഥന്മാർക്കു്, ₹ 6-0-0 അതിൽ കൂടുതലൊ ശമ്പളം മേടിക്കുന്നുദ്യോഗസ്ഥന്മാർക്കു് ദിനബത്ത ഒരു രൂപാ. സ-ാം ഗ്രേഡിലുള്ള ഉദ്യോഗസ്ഥന്മാർക്കു്— ₹ 6 മുതൽ ₹ 6 0 വരെയുള്ള ഉദ്യോഗസ്ഥന്മാർക്കു— ₹ 1 അണയാണ്. അതിനുശേഷം 6-ാം ക്ലാസ്സും വ-ാം ക്ലാസ്സും ഉദ്യോഗസ്ഥന്മാർക്കു് വ-ം സ-ം അണ വീതമാണ്. ഈ ബത്തയല്ല ഇപ്പോൾ കൊടുക്കുന്നതെന്നു കാര്യം ഞാൻ വിസ്മരിക്കുന്നില്ല. ഈവക ബത്ത C. S. R.-ൽ ഒരടിസ്ഥാനബത്തയായി സ്വീകരിച്ചിട്ടുള്ളതാണ്. പക്ഷെ, അതോടുകൂടി ചില നോട്ടകളുമുണ്ടു്.

T. A. for class V officers whose pay is 150 and above Re. 1.
Travelling allowance for VIth class officers whose pay is Rs. 125 and above 0—12—0.
Travelling allowance for VIIth class—All other officers in superior service 0—8—0.
Note 1.—Travelling allowance of officers will be calculated on the actual pay .....

Mr. President : Will the Hon'ble Member explain the relevancy to the cut motion.

Mr. V. K. Joseph *(Alur)*: I will come to it. I am quoting examples that is all.

The clerks of the Huzur Secretariat will be allowed to draw a uniform daily allowance of Re. 1 while they are on inspection duty. The Superintendents of the Huzur Secretariat coming under class V of Appendix E will be allowed to draw a daily allowance of Re. 1—8—0 while they are in camp on inspection duty.

എനിക്കു് ഈ സഭ മുമ്പാകെ പറയുവാനുള്ളതു് ഈ Inspection duty മറ്റ ഡിപ്പാർട്ട്മെൻറിലുള്ള ഉദ്യോഗസ്ഥന്മാർക്കുണ്ടു്. റവന്യൂ ഡിപ്പാർട്ട്മെൻറിലെ ഉദ്യോഗസ്ഥന്മാർ താലൂക്കു പരിശോധനക്കും മറ്റും പോകുന്നുണ്ടു്. അവർ Inspection duty യിൽ ആയിരിക്കുമ്പോൾ അവക്കു കൂടുതൽ അലവൻസില്ല. ഹുസൂരിലുള്ളവക്കു മാത്രമാണ് ഈ കൂടുതൽ കിട്ടുന്നതു്. പിന്നെ കുറച്ചു ദിവസങ്ങൾക്കു മുമ്പു് ഏതോ ഒരു ദിനപത്രത്തിൽ കണ്ടു ഹുസൂർ കച്ചേരിയിൽ ഒരു കുണ്ടലീല തന്നെയാണ നടക്കുന്നതെന്നു്. ഈ കുണ്ടലീല ഇൻസ്പെക്ഷൻ ഡ്യൂട്ടിയിലായിരിക്കുമ്പോഴും ഉള്ളതുകൊണ്ടാകാം അവക്കു മാത്രം ഈ കൂടുതൽ അലവൻസു കൊടുക്കുന്നതിനു കാരണം. എതായാലും ഈ വ്യത്യാസം വെച്ചുകൊണ്ടിരിക്കുന്നതു ന്യായമല്ല. അതുപോലെ ഹുസൂറിൽ ജോലി കിട്ടിയ ആളുകളെ ചില കാലത്തു് അവിടെനിന്നു മറ്റ ഡിപ്പാർട്ട്മെൻറുകളിലേക്കു് പ്രമോഷൻ കൊടുത്തു് അയയ്ക്കാറുണ്ടു്. ആ നിലയ്ക്കു് ഇപ്പോൾ കുറെ ഭേദം വന്നിട്ടുണ്ടു്. എങ്കിലും വേറെ ചില അസമത്വങ്ങൾ ഉണ്ടു്. ഹുസൂറിൽ സ 0 മുതൽ 6 ഇ വരെയുള്ള ഗ്രേഡിൽ 8 വ ക്ലാർക്കുമാരുണ്ടു്. വ 0 മുതൽ ₹ 6 വരെയുള്ള ഗ്രേഡിൽ ഇ ₹ ക്ലാർക്കുമാരുണ്ടു്. അങ്ങിനെ ഈ 8 വ പേരെ ഉയർത്താൻ വേണ്ടി അവിടെ ഇ ₹ സീനിയർ ക്ലാർക്കുമാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടു്. എന്നാൽ മറ്റ ഡിപ്പാർട്ട്മെൻറുകളിലെ ഉദാഹരണം നോക്കിയാൽ, ലാൻറ് റവന്യു ഡിപ്പാർട്ട്മെൻറിൽ സ 0 മുതൽ 6 ഇ വരെ ഗ്രേഡിലുള്ള ₹ ൻ സ ഉദ്യോഗസ്ഥന്മാരുണ്ടു്. അവിടെ സീനിയർ ഗ്രേഡിലുള്ള ഉദ്യോഗസ്ഥന്മാർ ആകെ ന സ പേരേയുള്ളു. ഹുസൂറിൽ 8 വ ക്ലാർക്കുമാർക്കു് ഉയരുന്നതിനു് ഇ ₹ ഉയർന്ന തസ്തികകൾ ഉണ്ടാക്കിയിരിക്കുമ്പോൾ ലാൻറ് റവന്യുവിൽ ഈ ₹ ൻ സ ഉദ്യോഗസ്ഥന്മാർക്കു് ഉയരുന്നതിനു് ആകെ ന സ തസ്തികകളെ ഉള്ളു. ഈ അസമത്വം നീക്കുകയും അതേസമയംതന്നെ മറ്റ ഡിപ്പാർട്ട്മെൻറുകളിലുള്ളവർക്കു് സീനിയോറിറ്റി അനുസരിച്ചു് പ്രമോഷൻ കിട്ടത്തക്കവിധത്തിൽ ഒരു പ്രൊവിഷൻ ഉണ്ടാക്കുകയും വേണം. ഗവണ്മെണ്ടു് പറയുമായിരിക്കും സാങ്കേതികമായ ചില ക്വാളിഫിക്കേഷനെല്ലാം ആവശ്യമാണെന്നു്. ഗവണ്മെണ്ടിന്റെ ആ വാദം ശരിയല്ല. ഉദാഹരണത്തിനു് എഫെനാൻസ് ഡിപ്പാർട്ട്മെണ്ടുതന്നെ എടുക്കാം. ഹുസൂർ സെക്രട്ടറിയേറ്റിൽ

LIBRARY ARCHIVES Kerala Legislative Assembly

[Mr. V. K. Joseph]

ഫൈനാൻസ് സെക്ഷനിൽ നാലോ അഞ്ചോ കൊല്ലം ജോലിനോക്കിയിട്ടുള്ള ഒരാൾക്കു് സൂപ്രണ്ടാകാനുള്ള ട്രാണിയിലും കൂടുതൽ ട്രാണി അക്കൗണ്ടൻറ് ജനറൽസ് ആഫീസിൽ പതിനഞ്ചോ ഇരുപതോ കൊല്ലം സർവ്വീസുള്ള ഒരാൾക്കുണ്ടു്.

അതുകൊണ്ടു് ഹുസൂർ സെക്രട്ടറിയേറ്റിലും മറ്റു ആഫീസുകളിലുമുള്ള ഉദ്യോഗസ്ഥന്മാരുടെ ഉദ്യോഗനിയമനകാര്യത്തിലും ഉദ്യോഗക്കയറ്റത്തിലും ശരിയായ ചില നിയമങ്ങൾ ഉണ്ടാക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ആ നിലയിൽ ഗവൺമെണ്ടു് ഇതിനെ വീക്ഷിക്കുമെന്നുള്ള പ്രതീക്ഷയോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: മിസ്റ്റർ പ്രസിഡണ്ടു്, സർ, ബഹുമാനപ്പെട്ട പഴഞ്ഞി മെമ്പർ മിസ്റ്റർ വേലായുധൻ കൊണ്ടുവന്നിട്ടുള്ള ഖണ്ഡനോപക്ഷേപത്തെ ഞാൻ പിന്താങ്ങുന്നു. ജനസമുദായത്തിൽ ജാതിജാത്യന്തരത്തേയും സ്വജനപക്ഷപാതത്തേയും മറ്റും ആശ്രയിച്ചു് കള്ളറകൾ ഉണ്ടായിട്ടുള്ളതുപോലെ പബ്ലിക് സർവ്വീസിലും ചില ചില അത്യാവശ്യങ്ങൾ വഴിയായി കള്ളറകൾ ഉണ്ടായിട്ടുണ്ടു്. നോൺ ടെക്നിക്കൽ സിവിൽ സർവ്വീസിൽ സെക്രട്ടറിയേറ്റിനേയും മറ്റു ഡിപ്പാർട്ടുമെൻറുകളേയും വെവ്വേറെ കമ്പാർട്ടുമെണ്ടുകളായി നിർത്തി സെക്രട്ടറിയേറ്റിനും അതുപോലെ ചിലതിനും അധികാരാവകാശങ്ങൾ അനുഭവപ്പെട്ടത്തിക്കൊടുക്കുന്നതു് ഒട്ടും ശരിയല്ല. എല്ലാറ്റിലും അധികം സെക്രട്ടറിയേറ്റിൽ ആണു് ഈ അധികാരാവകാശങ്ങൾ കടന്നുകൂടിട്ടുള്ളതു്. കുലീനതയും സ്വാധീനശക്തിയും മറ്റും ഉപയോഗപ്പെടുത്തി കാലേ സർവ്വീസിൽ കടന്നു് കൺഫർമേഷൻ വാങ്ങി വലിയ നിലകളിലേക്കുയരുന്ന പല ഉദ്യോഗസ്ഥന്മാരും സെക്രട്ടറിയേറ്റിൽ ഉണ്ടു്. അവരോളമോ അവരിൽ അധികമോ സർവ്വീസും പ്രാപ്തിയും ഉള്ള മറ്റു ഡിപ്പാർട്ടുമെണ്ടുകളിലെ ഗ്രമസ്ഥന്മാർക്കും സെക്രട്ടറിയേറ്റുകാർക്കും ഉള്ള അവകാശങ്ങളെ അവഗണിച്ചാണു് മേൽപറഞ്ഞവർ പ്രമോഷൻ വാങ്ങിക്കൊണ്ടിരിക്കുന്നതു്. ഈ സമ്പ്രദായം നമുക്കവസാനിപ്പിക്കണം. പബ്ലിക് സർവ്വീസിൽ കള്ളറകൾ നിലനിർത്തുകയെന്നു പറഞ്ഞാൽ വ്യക്തിതാൽപര്യങ്ങൾ രക്ഷിച്ചുപോരുവാനുള്ള മാർഗ്ഗങ്ങൾ നിലനിർത്തുകയെന്നാണർത്ഥം. പലർക്കും പിൻവാതിലിൽകൂടി കയറി വലിയ പദവികളിൽ ചെന്നുകയറുവാനുള്ള സ്വാതന്ത്ര്യം ഇനിയും വിട്ടുകൊടുക്കുന്നതു് ജനകീയഭരണത്തിനു യോജിച്ചതല്ല. ജനകീയഭരണം സാമൂഹ്യനീതികർശ്ശനമായുള്ള നിയമങ്ങൾകൊണ്ടു നിറവേറുകയുള്ളൂ. നമ്മുടെ പബ്ലിക് സർവ്വീസിൽ നോൺ ടെക്നിക്കൽ വകുപ്പിനെ ക്ലറിക്കൽ (cadre) എന്നും അഡ്മിനിസ്ട്രേറ്റിവ് (cadre) എന്നും രണ്ടായി തിരിച്ചു് രണ്ടിനും അഖിലകൊച്ചി അടിസ്ഥാനത്തിന്മേൽ പരീക്ഷകൾ ഏർപ്പെടുത്തി standardisation വരുത്തണം. ഗ്രമസ്ഥന്മാർക്കു്, സൂപ്രണ്ടന്മാരുടെയോ മാനേജർമാരുടെയോ സ്ഥാനത്തോളമുയരാമെന്ന വെയ്ക്കുക. അതുവരെയുള്ളതു് clerical service. അതിലേക്കു റിക്രൂട്ടുചെയ്യുന്നവർ സെക്രട്ടറിയേറ്റിൽ ആയാലും മറ്റെവിടെയായാലും സീനിയോറ്റി അനുസരിച്ചു പ്രമോഷൻ വാങ്ങുവാൻ അർഹരായി തീരണം. ക്ലറിക്കൽ സർവ്വീസിൽ സെക്രട്ടറിയേറ്റിൽനിന്നും മറ്റു ഡിപ്പാർട്ടുമെൻറിലേക്കും മറ്റു ഡിപ്പാർട്ടുമെണ്ടുകളിൽനിന്നു സെക്രട്ടറിയേറ്റിലേക്കും അവകാശമനുസരിച്ചു് ആളുകളെ മാറിക്കൊണ്ടിരുന്നാൽ കാര്യക്ഷമത കുറയുമെന്നുള്ളതു് അർത്ഥശൂന്യമായ വാദമാണു്. വ്യക്തിതാല്പര്യങ്ങൾ നിലനിറുത്തുവാൻ ചിലർ ഉന്നയിച്ചുപോന്നിട്ടുള്ള അമ്മാതിരി വാദങ്ങൾ നമുക്കു തുടർന്നുകൂടാ. അഡ്മിനിസ്ട്രേറ്റിവ് വകുപ്പിൽ I. E. S. പോലെ എന്തെങ്കിലും ഭരണവൈദഗ്ധ്യസാധകമായ പരീക്ഷ ഏർപ്പെടുത്തി അതിൽ പാസ്സാകുന്നവരെ മാത്രം വകുപ്പുകളുടെ തലസ്ഥാനങ്ങളിൽ നിയമിക്കുവാൻ വ്യവസ്ഥ ചെയ്യേണ്ടതാണു്. ജനസേവനക്ഷമതയും കാര്യക്ഷമതയും നിയമാനുസരണവ്രതവും ഉള്ള മേലുദ്യോഗസ്ഥന്മാരെ ഏർപ്പെടുത്തി പബ്ലിക് സർവ്വീസ് പരിഷ്കരിക്കുന്നതിനു ഈ നടപടി കൂടിയേ കഴിയൂ. ഈ രണ്ടു നിർദ്ദേശങ്ങളും ഇന്നത്തെ ഗവൺമെണ്ടിന്റെ ഗാഢമായ ശ്രദ്ധയ്ക്കു വിഷയീഭവിക്കണമെന്നാണു് എന്റെ അഭിപ്രായം. അഖിലകൊച്ചി അടിസ്ഥാനത്തിൽ ഏതാണ്ടു് ഇപ്രകാരം വ്യവസ്ഥകൾ ചെയ്യുവാൻ നാം മടിക്കുകയാണെങ്കിൽ സേവക്കാരെയും ഗ്രൂപാശ്ശക്കാരെയും പബ്ലിക് സർവ്വീസിലേക്കു കടത്തിവിട്ടുപോന്നിട്ടുള്ള സാമൂഹ്യദ്രോഹകരമായ പഴയ നീതിയെ പ്രോത്സാഹിപ്പിക്കുവാൻ തന്നെയാണു് നാമും തയ്യാറാകുന്നതെന്നു വരും. പ്രജാമണ്ഡലം ആ വഴിക്കു തിരിയുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

മിസ്റ്റർ സി. വി. ഇയ്യു: സർ, അധികാരത്തിലിരിക്കുന്ന കക്ഷിയിലെ പ്രമുഖാംഗങ്ങൾ ഈ സഭയുടെ വിലയേറിയ സമയം ഈ വക സംഗതികൾക്കു വേണ്ടി കളയരുതെ

LIBRARY ARCHIVES Kerala Legislative Assembly

ന്നാണ് എനിക്ക പറയുവാനുള്ളതു". ഇതിന്റെ അർത്ഥം ഒന്നുകിൽ ഇവിടെ പ്രസംഗിച്ച മെമ്പർമാരുടെ അഭിപ്രായം അവരുടെ കക്ഷിയിലെ ഭൂരിപക്ഷത്തിന്റെ അഭിപ്രായത്തിനു് എതിരായിരിക്കണം, അല്ലെങ്കിൽ അവക്കു് അവരുടെ മിനിസ്റ്റർമാരെ നിയന്ത്രിക്കാൻ പ്രാപ്തിയില്ലെന്നാണു് മനസ്സിലാക്കേണ്ടിയിരിക്കുന്നതു".

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: ബഹുമാനപ്പെട്ട മെമ്പർ അദ്ദേഹത്തിന്റെ അഭിപ്രായം പറഞ്ഞാൽ കൊള്ളാം.

Mr. President: Order, order. Speak on the Cut motion please.

മിസ്റ്റർ സി. വി. ഇയ്യു: ഈ വക വിഷയങ്ങളെക്കുറിച്ചുള്ള കാര്യങ്ങൾ ഇവിടെ കൊണ്ടുവരാതിരുന്നാൽ കൊള്ളാം. ഈ കട്ട്മോഷൻ മന്ത്രിമാരുടെ പേരിൽ ഒരവിശ്വാസമായി എടുക്കാൻ തയ്യാറാണെങ്കിൽ ഞാൻ പ്രസംഗിക്കാൻ തയ്യാറാണു".

*മിസ്റ്റർ കെ. ടി. അച്യുതൻ: ബഹുമാനപ്പെട്ട കുന്ദംകുളം മെമ്പർ പറഞ്ഞതു് അടിസ്ഥാനരഹിതമാണു്. ഞങ്ങൾ ഈ വക സംഗതികൾ ഇവിടെ കൊണ്ടുവരുന്നതു് ഞങ്ങൾക്കുള്ള അഭിപ്രായങ്ങൾ പൊതുജനങ്ങളെ അറിയിക്കാൻ കൂടിയാണു്. ഈ വിഷയത്തിൽ മിസ്റ്റർ മുണ്ടശ്ശേരി പറഞ്ഞ ചില കാര്യങ്ങളോടു ഞാൻ യോജിക്കുന്നു. ഈ കൊച്ചു രാജ്യത്തിൽ വളരെ കുറച്ചാളുകളെ അഡ്മിനിസ്ട്രേറ്റീവ് വകുപ്പിലുള്ളൂ. അതുകൊണ്ടു് ക്ലറിക്കൽ വകുപ്പെന്നും അഡ്മിനിസ്ട്രേറ്റീവ് വകുപ്പെന്നും തരംതിരിച്ചു് ഇനിയുള്ള കാലങ്ങളിൽ ഒരിരുത്തം ഉണ്ടാക്കാതിരുന്നാൽ കൊള്ളാം.

മിസ്റ്റർ പി. കെ. ഡീവർ: സർ, ഞങ്ങളുടെ കക്ഷിയിൽ അഭിപ്രായവ്യത്യാസം ഉള്ളതുകൊണ്ടോ മന്ത്രിമാരെ നിയന്ത്രിക്കാൻ ശക്തിയില്ലാത്തതു കൊണ്ടോ അല്ല ഞാൻ ഇതിനെക്കുറിച്ചു് രണ്ടുവാക്കു പറയുന്നതു്. ഞങ്ങളുടെ മന്ത്രിമാർ തികച്ചും ഞങ്ങളുടെ കക്ഷിയുടെ നിയന്ത്രണത്തിൽതന്നെയാണെന്നു് ബഹുമാനപ്പെട്ട കുന്ദംകുളം മെമ്പറെ അറിയിക്കാൻ എനിക്കു വളരെ സന്തോഷമുണ്ടു്.

സർ, ഞങ്ങൾ ഞങ്ങളുടെ മന്ത്രിമാരുടെ കൊള്ളരുതായ്മകൾ ഇവിടെ വിളിച്ചു പറയാൻവേണ്ടിയല്ല ഈ സംഗതികൾ ഈ സഭ മുമ്പാകെ കൊണ്ടുവന്നിട്ടുള്ളതു്. ചില വസ്തുതകൾ ഞങ്ങൾ ഇവിടെ തുറന്നുപറയുമ്പോൾ കുന്ദംകുളം മെമ്പർക്കോ ഓപ്പോസിഷൻ പാർട്ടിയിലുള്ള മറ്റാർക്കെങ്കിലുമോ എന്തെങ്കിലും വേദനയുണ്ടാകുന്നുണ്ടെങ്കിൽ അവരുടെ പഴയ പ്രവൃത്തികളുടെ ഫലം അവർ അനുഭവിക്കുന്നുവെന്നു സമാധാനപ്പെടുകയേ നിവൃത്തിയുള്ളൂ. സ്വന്തം താല്പര്യങ്ങൾക്കു വേണ്ടി അവിശ്വാസപ്രമേയത്തിനെതിരായി വോട്ടു സമ്പാദിക്കാൻ വേണ്ടിചെയ്ത കൊള്ളരുതായ്മകളെ ഞങ്ങളുടെ കക്ഷിയിലുള്ള മെമ്പർമാർ പുറത്തുകൊണ്ടുവരുമ്പോൾ, അതിൽ പരിഭവം പ്രദർശിപ്പിച്ചിട്ടു യാതൊരു പ്രയോജനവുമില്ല. ആ കൊള്ളരുതായ്മകൾ വെളിപ്പെടുത്തേണ്ടതു് ഞങ്ങളുടെ ചുമതലയാണു്. അതിൽ വൈഷമ്യം പിടിച്ചിട്ടുകാര്യമില്ല. അവിശ്വാസപ്രമേയത്തിൽനിന്നു രക്ഷപ്പെടാൻ വോട്ടു സമ്പാദിക്കുന്നതിനു വേണ്ടി ഉദ്യോഗങ്ങൾ സൃഷ്ടിക്കുക; മന്ത്രിമാരുടെ കക്ഷികളാണെന്നു് വിചാരിക്കുന്നവരുടെ ആളുകൾ ഉദ്യോഗത്തിൽനിന്നു പുറത്തു പോകാതിരിക്കാൻവേണ്ടി പബ്ലിക് സർവ്വീസ് കമ്മീഷനെയും ഉദ്യോഗനിയമന ചട്ടങ്ങളെയും ധിക്കരിച്ചു പ്രവർത്തിക്കുക; തുടങ്ങിപോയ മന്ത്രിസഭ ചെയ്ത അന്യായങ്ങളെ വിളിച്ചു പറയുന്നതിൽ ആരും അമ്പരപ്പെട്ടിട്ടുകാര്യമില്ല. നമ്മുടെ പബ്ലിക് സർവ്വീസിൽ ഇന്നു് കാണുന്ന അസംതൃപ്തി നമ്മുടെ രാജ്യത്തിന്റെ ക്ഷേമത്തിനു വേണ്ടി, നമ്മുടെ ഭരണത്തിനുവേണ്ടി മാറണമെന്നാണു് ഞങ്ങൾ പറയുന്നതു്. സർ, ആ അസംതൃപ്തി മാറേണ്ടതാണു". അതിനു ചില മാർഗ്ഗങ്ങൾ ഞങ്ങൾ ഇവിടെ നിർദ്ദേശിക്കുകയാണു്. Opposition കുറച്ചേയുള്ളൂ. എങ്കിലും അവർക്കും ഈ വക കാര്യങ്ങളിൽ അഭിപ്രായമെന്താണെന്നറിയാൻ ഞങ്ങൾക്കു് ആഗ്രഹമുണ്ടു്. ഞങ്ങളുടെ പാർട്ടിയുടെ ഭൂരിപക്ഷംകൊണ്ടു് എതിർപക്ഷത്തിന്റെ അഭിപ്രായം അറിയേണ്ടന്നു ധിക്കാരമാണെന്ന ആക്ഷേപം ഉണ്ടാവാതിരിപ്പാൻ ഞങ്ങളുടെ Opposition-നു് വല്ല നിർദ്ദേശങ്ങളുമുണ്ടെങ്കിൽ അതുകൂടി അറിയാനാണു് ഞങ്ങൾ ഈവക കാര്യങ്ങൾ ഇവിടെ പ്രതിപാദിക്കുന്നതെന്നു് അറിയാൻ കഴിയാത്ത മരാളല്ലയൊ കുന്നംകുളം മെമ്പർ. അതിൽ അദ്ദേഹം സന്തോഷിക്കേണ്ടതിനുപകരം ഞങ്ങളെ ആക്ഷേപിക്കുവാൻ പുറപ്പെട്ടുകണ്ടതിൽ വലിയ ഖേദമുണ്ടു് എന്നുമാത്രം. സർ, ഈ അസംതൃപ്തി മാറേണ്ടതത്യാവശ്യമാണു് എന്നു് ഒപ്പോസിഷനും സമ്മതിക്കാതിരിക്കയില്ല. അതിലേക്കുള്ള നിർദ്ദേശങ്ങൾ ആ ഭാഗത്തുനിന്നും ഞങ്ങളും

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. K. Dewer]

പ്രതീക്ഷിച്ചു. എന്നാൽ അതു് അസ്ഥാനത്താണെന്നാണു് Opposition ലീഡറാകണമെന്നാഗ്രഹിക്കുന്ന കുന്ദംകുളം മെമ്പർ പറയുന്നതെങ്കിൽ ഞങ്ങളും നിസ്സഹായരാണു്. സർ, ഈ അസംതൃപ്തിമാറ്റുന്നതിനുള്ള ചില നിർദ്ദേശങ്ങളും മിസ്റ്റർ മുണ്ടശ്ശേരി അവർകളും നല്കി. അവരുടേതല്ലാത്ത കുറ്റംകൊണ്ടു് ചില ആളുകളും ഉദ്യോഗത്തിൽ കയറിയതുകൊണ്ടു് അവർ അവിടെത്തന്നെ ഇരുന്നു് അവരുടെ കഷ്ടതകളെ ശപിച്ചുകൊണ്ടു് മനസ്സിനെവ്രണപ്പെട്ടുന്ന ആ ദുരവസ്ഥമാറണം. അതിനു് ഒരുഖിലകൊച്ചി സമ്പ്രദായത്തിൽ പ്രമോഷൻ കൊടുക്കണം ഒരാൾ ഒരാഫീസിൽ ഇരിക്കുന്നതുകൊണ്ടു് അയാൾക്കു് പ്രമോഷൻ കിട്ടാതെ വരുന്നു. ഒരാൾക്കു് ഹജൂരാഫീസിൽ കടക്കാൻ സാധിക്കാഞ്ഞതുകൊണ്ടു് സർവ്വീസിൽ ഒരു അസമതുലനമുണ്ടാവാൻ പാടില്ല. അതുകൊണ്ടു് ഗ്രൂപ്പന്മാർക്കു് അഖിലകൊച്ചി അടിസ്ഥാനത്തിൽ സീനിയോറിറ്റിനോക്കി പ്രമോഷൻ കൊടുക്കണമെന്നു് നിർദ്ദേശംവന്നതു സ്വീകരിക്കേണ്ടതാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു. അതുപോലുള്ള നിർദ്ദേശങ്ങളും ഓപ്പോസിഷനിലുള്ള മറ്റുമെമ്പർമാരിൽനിന്നും കിട്ടുന്നതു് നിങ്ങൾക്കും ഞങ്ങൾക്കും ഞങ്ങളുടെ മന്ത്രിമാർക്കും സഹായകമായിരിക്കുമെന്നാണു് ഞാൻ Opposition പാർട്ടിയെ അറിയിക്കുന്നതു്.

മിസ്റ്റർ സി. വി. ഇയ്യു: ഞാൻ പൂർണ്ണമായി യോജിക്കുന്നു.

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: സർ, എനിക്കു മറുപടിയായി വളരെ അധികമൊന്നും പറയാനില്ല. കുറച്ചു കാലമായി ഹുസൂർ സെക്രട്ടറിയേറ്റിലെ ഉദ്യോഗസ്ഥന്മാർക്കു ബാക്കിഡിപ്പാർട്ട്മെണ്ടുകളിലുള്ള ഉദ്യോഗസ്ഥന്മാരേക്കാൾ കൂടുതൽ ചില ആനുകൂല്യങ്ങൾ കിട്ടുന്നുണ്ടെന്നുള്ള വിശ്വാസം പരക്കെയുണ്ടെന്നു് എനിക്കറിയാം. ഇവിടെ അടുത്തകാലത്തുണ്ടായ ഈ ഗ്രേഡ് standardisation കൊണ്ടു് ഈ അസമതുലനത്തിനു് വളരെ കുറവുവന്നിട്ടുണ്ടു്. ൧൦ മുതൽ ൧൫ എന്ന നിലയിൽ ഒരു ഗ്രേഡ്, പിന്നെ ൭൦ മുതൽ ൮൫ വരെ ഒരു ഗ്രേഡ്. ഇങ്ങനെ രണ്ടു് തരം ക്ലാക്കുമാരുണ്ടു്. അവർ ഏതെല്ലാം ഡിപ്പാർട്ടുമെണ്ടുകളിൽ പ്രവേശിക്കുകയാണെങ്കിലും അവരുടെ പ്രമോഷൻകാര്യത്തിലും മറ്റും വ്യത്യാസം വരാതിരിക്കാൻ കുറച്ചു സൂക്ഷിച്ചാൽ സാധിക്കുമെന്നാണു ഞാൻ വിശ്വസിക്കുന്നതു്. എന്നാൽ ൮൫ മുതൽ ൯൦ വരെയുള്ള ഗ്രേഡുകളും ബാക്കി ഡിപ്പാർട്ട്മെണ്ടുകളിലേക്കാളും കുറച്ചു കൂടുതൽ ഹുസൂർ സെക്രട്ടറിയേറ്റിലുണ്ടു്.

മിസ്റ്റർ കെ. ഐ. വേലായുധൻ: അതു് Pay revision കഴിഞ്ഞതിനു് ശേഷം ഉണ്ടാക്കിയ ഗ്രേഡുകളാണു്.

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: മൈനർ ഡിപ്പാർട്ട്മെണ്ടിലുള്ള ൫൦ മുതൽ ൮൫ വരെ ശമ്പളംകിട്ടുന്ന Head Clerk മാരുടെ പ്രമോഷനു് കുറച്ചു തടസ്ഥം വന്നുവെന്നു കാണുന്നു. ഇതിനു് ഒരു പ്രധാനകാരണം ൮൫ മുതൽ ൯൫ വരെയുള്ള ഗ്രേഡ് അവക്കു് എപ്പോഴും കിട്ടാൻ സാധിക്കുന്നില്ല എന്നതാണു്. ഹുസൂർ സെക്രട്ടറിയേറ്റിൽ ഈ പോസ്റ്റുകൾ കുറച്ചധികമുള്ളതുകൊണ്ടു് ആ പ്രമോഷൻ മുഴുവൻ ഇവിടെയുള്ളവക്കു മാത്രം കൊടുക്കുകയാണെങ്കിൽ അതു മറ്റു ഡിപ്പാർട്ടുമെണ്ടുകളിലുള്ളവരെ ബാധിക്കുന്നതാണെന്നു തോന്നുന്നു. ഇന്നത്തെ ഗവൺമെണ്ടിനു് ഒരു കാര്യം ബോദ്ധ്യമുണ്ടു്, ഒരു efficient ആയ ശരിയായ ഒരു സിവിൽസർവ്വീസില്ലാതെ Democratic ഭരണം നടത്താൻ സാദ്ധ്യമല്ലാ എന്നു്. അതിനു് ഇന്നു് പ്രധാനമായി സർവ്വീസിൽ കാണുന്ന ദൃഷ്യം ചിലവ്യക്തികളുടെ ചില സാഹചര്യങ്ങൾകൊണ്ടൊ മറ്റൊ അവർക്കു ബാക്കിയുള്ള ആളുകളുടെ മീതെ പ്രമോഷൻകിട്ടിപോകാൻ സാധിക്കുന്നു എന്ന ഒരു വിഷയമാണു്. ഈ കാര്യത്തിൽ ഈ ഗവൺമെണ്ടു് ഒരിക്കലും വ്യക്തികൾക്കു വേണ്ടി ബാക്കിയുള്ളവരുടെ ന്യായമായ അവകാശങ്ങളെ sacrifice ചെയ്യുകയില്ലെന്നു് ധൈര്യമായി പറയാം. ഇതു പോലെ transfer ന്റെ കാര്യത്തിലും ഉദ്യോഗങ്ങൾ standardise ചെയ്തതിനു ശേഷം മുമ്പുള്ളതുപോലെ ബുദ്ധിമുട്ടുണ്ടാക്കുമെന്നു തോന്നുന്നില്ല. ഹുസൂറിലെ ഉദ്യോഗസ്ഥന്മാരെ മറ്റു ഡിപ്പാർട്ടുമെണ്ടിലെ ഉദ്യോഗസ്ഥന്മാരായി transfer ചെയ്യുന്നതിൽ തടസ്ഥമില്ല. അങ്ങിനെയായാൽ ഈ അസമതുലനത്തിനു കുറവു് വരും.

പിന്നെ ബഹുമാനപ്പെട്ട അരണാട്ടുകര മെമ്പർപറഞ്ഞതുപോലെ അഡ്മിനിസ്ട്രേറ്റീവ് സർവീസിനും ക്ലറിക്കൽ സർവ്വീസിനും രണ്ടായിഭാഗിച്ചു് ആ വ്യത്യാസം നിലനിർത്തി അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേക്കു് പ്രത്യേകം പരീക്ഷവെച്ചു് പ്രാപ്തന്മാരായ ആളുകളെ തിരഞ്ഞെടുത്താൽ സർവ്വീസിനു് കാര്യക്ഷമതകിട്ടുമെങ്കിൽ അതും ആലോചിക്കാൻ വിഷമമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഏതായലും ഇന്ന് കാണുന്ന അസമതുലങ്ങൾ എല്ലാ തന്നെയായാലും അതു പരിശോധിച്ച് അതിനു നിവാരണമാർഗ്ഗം കണ്ടുപിടിക്കാൻ ഗവണ്മെണ്ടു ശ്രമിക്കുമെന്നു ഞാൻ ഉറപ്പുതരുന്നു. അതുകൊണ്ട് ഈ ഉപക്ഷേപത്തിന്റെ അവതാരകൻ തുടർന്നുപ്പെട്ടുമെന്നു വിശ്വസിക്കുന്നു.

മിസ്റ്റർ കെ. ഐ. വേലായുധൻ: സർ, ഹുസൂർ സെക്രട്ടറിയേറ്റിലെ ഉദ്യോഗസ്ഥന്മാർ ബാക്കി ഡിപ്പാർട്ടുമെണ്ടുകളിലെ ഉദ്യോഗസ്ഥന്മാരെ അപേക്ഷിച്ചു ചില ഇണങ്ങൾ അനുഭവിക്കുന്നുണ്ടെന്നു ഗവണ്മെണ്ടു പറഞ്ഞതിൽ ഞാൻ സന്തോഷിക്കുന്നു. അതിനുള്ള കാരണം ഇവിടെ വളരെയധികം കാലമായി നിലനിന്നുപോന്നിട്ടുള്ള ദിവാൻജിയുടെ ഭരണം ഒന്നുമാത്രമാണ്. കാരണം ദിവാൻജി ഹുസൂർ സെക്രട്ടറിയേറ്റിൽ ഇരുന്നിട്ടാണ് ഉദ്യോഗം ഭരിച്ചിരുന്നതു്. അങ്ങിനെയാകുമ്പോൾ ദിവാൻജിയുടെ ചെവിയും ഹുസൂരിലെ ഉദ്യോഗസ്ഥന്മാരുടെ നാവും വളരെ അടുത്തുണ്ടായിരുന്നതുകൊണ്ടായിരിക്കാം ഈ വക അനുകൂല്യങ്ങളെല്ലാം അവർക്കു സിദ്ധിച്ചുകൊണ്ടിരുന്നതു്. എതായാലും ഈ അസമതുലങ്ങൾ നീക്കിക്കളയുന്നതിനു് വേണ്ടതു പ്രവർത്തിക്കാമെന്നുള്ള ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ വാഗ്ദാനമനുസരിച്ചു് ഞാൻ ഈ ഉപക്ഷേപം ഈ സഭയുടെ അനുവാദത്തോടുകൂടി പിൻവലിക്കുന്നു.

Motion by leave withdrawn

CUT MOTION NO. 2

മിസ്റ്റർ കെ. ബാലകൃഷ്ണമാരാർ: To reduce the allotment of Rs. 27,596 for General Administration V. Public Service Commission in Demand No. 17 by Re. 1/— (Constitution & working of the Public Service Commission).

സർ, ഈ നിയമസഭയോടു്—മുമ്പു നിലവിലുണ്ടായിരുന്ന നിയമസഭയോടു്—ഒരു ലോചിക്കാതെ മഹാരാജാവിന്റെ ഒരു വിളംബരമനുസരിച്ചു സിദ്ധിച്ച ഗവ. ആക്ടുപ്രകാരമാണു് ഒരു പബ്ലിക് സർവ്വീസ്സു് കമ്മീഷൻ ഇവിടെ സ്ഥാപിക്കപ്പെട്ടതു്. അതിനു വിപുലമായ അധികാരങ്ങൾ കൊടുത്തിട്ടുണ്ടു്. ഉദ്യോഗനിയമനം, സ്ഥലം മാറ്റം, ശിക്ഷ, പ്രമോഷൻ എന്നീ കാര്യങ്ങൾ തീരുമാനിക്കാനും നിയന്ത്രിക്കാനും അധികാരം പബ്ലിക് സർവ്വീസ്സു് കമ്മീഷനു കൊടുത്തിട്ടുണ്ടു്. എന്നാൽ ഇന്നു് അതു പ്രവർത്തനം ചെയ്യുന്ന രീതി അപഹാസ്യമാണു്. ആ നിയമപ്രകാരം അവർക്കു കൊടുത്തിട്ടുള്ള അധികാരങ്ങളൊന്നും ഉപയോഗിക്കാൻ സന്മനസ്സുമില്ലാത്ത നിലയിലാണു് അവരുടെ ഇന്നത്തെ പ്രവർത്തനം. സ്റ്റാഫ് സിലക്ഷൻ ബോർഡ് ഇവിടെ ഉണ്ടായിരുന്നപ്പോൾ ഏതെല്ലാം ചട്ടങ്ങൾക്കു വിധേയമായി പ്രവർത്തിച്ചിരുന്നുവോ അതു മാത്രമാണു് ഇന്നു് പബ്ലിക് സർവ്വീസ്സു് കമ്മീഷൻ ചെയ്യുന്നതു്. അവരിൽനിന്നു നമ്മൾ പ്രതീക്ഷിച്ചിരുന്ന പ്രവർത്തനങ്ങൾക്കുള്ള സന്മനസ്സും ഇന്നത്തെ ഭരണാധികാരികൾ അവർക്കു ചെയ്തുകൊടുത്തിട്ടില്ല. സ്റ്റാഫ് സിലക്ഷൻ ബോർഡിലെ അംഗങ്ങൾക്കു ചുരുങ്ങിയ അലവൻസു കൊടുത്തു പ്രവർത്തിച്ചിരുന്നതിനു പകരം വളരെ വലിയ ശമ്പളം കൊടുത്തു് ഇന്നു് ഒരു സർവ്വീസ്സു് കമ്മീഷനെ വെച്ചിട്ടുണ്ടു്. അതുകൊണ്ടു വമ്പിച്ച ചിലവു ഗവണ്മെണ്ടിനുണ്ടു്. വലിയ നിയമജ്ഞന്മാരും വിപുലമായ വിജ്ഞാനമുള്ളവരുമായ മെമ്പർമാരുള്ള ആ കമ്മീഷൻ ഇന്നു സ്റ്റാഫ് സിലക്ഷൻ ബോർഡിന്റെ നിയമങ്ങൾ വെച്ചാണു് പ്രവർത്തനം നടത്തുന്നതെന്നുള്ളതു നമുക്കഭിമാനകരമല്ല. ഒന്നുകിൽ അവർക്കു നിശ്ചയിച്ചിരിക്കുന്ന അധികാരങ്ങൾ മുഴുവൻ അവർക്കു കൊടുക്കുക. അതല്ല, ഇന്നത്തെ അപഹാസ്യമായ നില മാത്രമാണു് അവർക്കു തുടരാനുള്ളതെങ്കിൽ ഈ കമ്മീഷനെ അവസാനിപ്പിച്ചു് സ്റ്റാഫ് സിലക്ഷൻ ബോർഡിന്റെ പ്രവർത്തനം വീണ്ടും തുടങ്ങുക എന്നാണു് ഈ പ്രശ്നത്തെക്കുറിച്ചു് എനിക്കു പറയാനുള്ളതു്. ഈ നിയമപ്രകാരം അവർക്കു കിട്ടിയിട്ടുള്ള അധികാരം അവർക്കു വിട്ടുകൊടുക്കുക അല്ലെങ്കിൽ അവരെ പിരിച്ചുവിടണം എന്നു പറയുന്നതാണു് ശരി. അവർക്കു് ആ അധികാരങ്ങൾ കൊടുത്തുകൊണ്ടു് അങ്ങിനെ ഒരു കമ്മീഷൻ ഇവിടെ പ്രവർത്തിക്കേണ്ടതുണ്ടോ എന്ന കാര്യവും ആലോചിക്കേണ്ടതാണു്. മറ്റു ചില വലിയ രാജ്യങ്ങളിൽ അങ്ങിനെയുള്ള കമ്മീഷൻ ഫലപ്രദമായി പ്രവർത്തിച്ചുവരുന്നുണ്ടു്. എന്നാൽ കൊച്ചിയെപ്പോലെയുള്ള ഒരു ചെറിയ രാജ്യത്തിൽ ൨,൦൦൦-ൽ ചില്വാനം രൂപാ ചിലവുവരുന്ന സമിതി പ്രവർത്തിക്കേണ്ടതാവശ്യമാണോ എന്നു് ഈ സഭ ആലോചിക്കേണ്ടതാണു് അതു് ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതുമാണു്. ഉദ്യോഗസ്ഥന്മാരെ നിയമിക്കാൻ ഒരു സമിതി വേണം. പക്ഷെ അതിനു് ഇത്രയധികം ശമ്പളമുള്ള ഒരു സമിതി വേണ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Balakrishna Marar]

മെന്നു തോന്നുന്നില്ല. സ്റ്റാഫ് സിലക്ഷൻ ബോർഡിന്റെ ചട്ടങ്ങളും തന്നെയാണു് ഈ സമിതിക്കും ഉള്ളതെങ്കിൽ ആ ബോർഡിനെത്തന്നെ വീണ്ടും നിയമിക്കുന്നതിൽ പോരായ്മയില്ല. ഇന്നു് ഒരു കക്ഷിയിലെ അംഗങ്ങളാണു ഭരണം നടത്തുന്നതു്. ആ കക്ഷിയിലെ ചില കുകളോടു യാതൊരുതരത്തിലും കൂറുള്ളവരായിരിക്കയില്ല ഈ ഗവൺമെണ്ടിന്റെ ഉദ്യോഗസ്ഥന്മാരെന്നും അനുകൂലമായ പ്രവർത്തനമല്ല അവരിൽനിന്നുണ്ടാകുകയെന്നും നമുക്കനുമാനിക്കേണ്ടിയിരിക്കുന്നു. ഇന്നലെ ഈ നിയമസഭയുടെ പ്രവർത്തനം അന്ധകാരത്തിൽകൂടി നടത്തേണ്ടിവന്നതു് ഈ സഭയുടെ പ്രവർത്തനസമയം മാറിയതിനെ സംബന്ധിച്ചു് ഉദ്യോഗമണ്ഡലത്തിനുള്ള എതിരഭിപ്രായത്തെ പ്രകടിപ്പിക്കാനായി നടത്തിയ മനഃപൂർവ്വമായ ഗൂഢാലോചനയുടെ ഫലമാണെന്നു് പൊതുവെ സംസാരമുണ്ടു്.

മിസ്റ്റർ കെ. അയ്യപ്പൻ: അങ്ങിനെയല്ല.

മിസ്റ്റർ കെ. ബാലകൃഷ്ണമാരാർ: ശരിതന്നെ, പറഞ്ഞുകേട്ട ആരോപണം ശരിയാണെന്നു ഞാനും വിശ്വസിക്കുന്നില്ല. പക്ഷെ, ഇങ്ങിനെയുള്ള ഒരു സംസാരം ഉണ്ടാകാൻ ഇടയായതുതന്നെ ഉദ്യോഗസ്ഥമണ്ഡലവും അധികാരസ്ഥാനവും തമ്മിലുള്ള പൊരുത്തമില്ലാത്ത ബന്ധത്തെയാണു കാണിക്കുന്നതു്. ഈ ഉദ്യോഗസ്ഥന്മാർ ഇന്നു മന്ത്രിമാരുടേയും മന്ത്രിഭരണത്തിന്റെയും നേരിട്ടു് കീഴിൽ പ്രവർത്തിച്ചിട്ടുകൂടി ഇങ്ങിനെ ആശങ്കാവഹങ്ങളായ ബന്ധമാണു് അവർ തമ്മിൽ വളർന്നിരിക്കുന്നതെങ്കിൽ മന്ത്രിമാരുമായി ബന്ധമില്ലാത്ത ഒരു വ്യത്യസ്ഥവും സ്വതന്ത്രവുമായ സമിതിക്കു് ആ ഉദ്യോഗസ്ഥന്മാരെ നിയമിക്കാനും നിയന്ത്രിക്കാനും ഉള്ള അധികാരം, പരമാധികാരം ഉണ്ടാകേണ്ടുന്ന മന്ത്രിസഭക്കെതിരായി ശക്തിയായ ഒരു സ്ഥാനത്തേക്കു വിട്ടുകൊടുക്കുന്നുവെങ്കിൽ സൈന്യവ്യൂഹത്തേയും സൃഷ്ടിക്കലായിരിക്കും അതിന്റെ ഫലം. ഞാൻ വീണ്ടും പറയുന്നു ഇന്നത്തെ ഉദ്യോഗസ്ഥന്മാരുടെ അവകാശങ്ങളും സ്ഥാപിക്കാൻ ഒരു സമിതി ആവശ്യമാണെന്നു്. ഇന്ത്യയുടെ വ്യവസ്ഥാപകസമിതി ഇന്ത്യൻ ഭരണഘടനയെക്കുറിച്ചാലോചിച്ചപ്പോൾ അവരും ഈ ഉദ്യോഗനിയമനക്കാര്യം ആലോചിച്ചിട്ടുണ്ടു്. നമ്മുടെ നിയമാവലിയിൽ ഇല്ലാത്തതായ ഒരു വ്യവസ്ഥ ഇന്ത്യൻ കരട് ഭരണഘടനയിൽ ഉള്ളതായി ഞാൻ കാണുന്നു. നമ്മുടെ നിയമത്തിൽ അങ്ങിനെ ഒരു വകുപ്പില്ല. ഉദ്യോഗലോകത്തിൽ പരിചയമുള്ള രണ്ടാളെങ്കിലും ആ സമിതിയിൽ ഉണ്ടായിരിക്കണമെന്നു വ്യവസ്ഥചെയ്യുകയും മറ്റുള്ളവർ ജനപ്രതിനിധികളോ അനുദ്യോഗസ്ഥന്മാരോ ആകാമെന്നു വിവരിക്കുകയും ചെയ്തിട്ടുണ്ടു്. ഉദ്യോഗത്തിൽ ഇരുന്നിട്ടുള്ളവരും ഉദ്യോഗത്തിൽ ഇരുന്നിട്ടില്ലാത്തവരും ജനകീയസഭയോടു് ഉത്തരവാദിത്വമുള്ളവരും ആയ ആളുകൾ അടങ്ങിയ ഒരു സമിതിയെ വെക്കുന്നപക്ഷം ആ സമിതിയുടെ തീരുമാനം നിഷ്പക്ഷമായിരിക്കുമെന്നുള്ളതിൽ സംശയമില്ല. ഇതു് ഒരു വെറും നിർദ്ദേശം മാത്രമാണു്. പക്ഷെ, ഇവിടെ പബ്ലിക് സർവ്വീസ് കമ്മീഷൻ വേണോ വേണ്ടയോ എന്ന കാര്യം ആദ്യം തീരുമാനിച്ചിട്ടുവേണം. അതായിരിക്കണം ഉദ്യോഗസ്ഥാവകാശത്തെ സംരക്ഷിപ്പാനുള്ള ഉപാധി എന്നു തീരുമാനിക്കുവാൻ ഇതിൽ ഖണ്ഡിതമായി ഇന്നുള്ള അഭിപ്രായം എടുക്കണമെന്നു് ഞാൻ പറയുന്നില്ല. എന്നാൽ പബ്ലിക് സർവ്വീസ് കമ്മീഷൻ വിപുലമായ രീതിയിൽ നമ്മുടെ രാജ്യത്തിൽ പ്രവർത്തനം നടത്തേണ്ട ആവശ്യമുണ്ടോ എന്ന കാര്യം ആലോചിക്കാനാണു് ഞാൻ ഇതിവിടെ കൊണ്ടുവന്നിട്ടുള്ളതു്. ഈ സമിതിയുടെ പ്രവർത്തനം നമ്മുടെ ഈ ചെറുരാജ്യത്തിൽ ആവശ്യമാണോ എന്ന കാര്യം ആലോചിക്കണമെന്നാണു് ഈ ഉപക്ഷേപത്തെ അവതരിപ്പിച്ചുകൊണ്ടു് എനിക്കു പറയുവാനുള്ളതു്. ഗവൺമെണ്ടു് ഈ ആശയം സ്വീകരിച്ചുകൊണ്ടു പ്രവർത്തിക്കണമെന്നാണു് എന്റെ അഭിപ്രായം.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: സർ, ജനകീയഭരണമുള്ള എല്ലാ രാജ്യങ്ങളിലും പബ്ലിക്കു് സർവ്വീസു് കമ്മീഷൻ ഉണ്ടെന്നു ഇവിടെ പറഞ്ഞുകഴിഞ്ഞു. എന്നാൽ നമ്മുടെ രാജ്യത്തിലെ കോശസ്ഥിതിയുടെ അനുയോജ്യമായ ഒരു നിലയിലല്ല ഇവിടെ പബ്ലിക്കു് സർവ്വീസു് കമ്മീഷൻ നടത്തിക്കൊണ്ടുപോരുന്നതു്. പക്ഷെ, നമ്മുടെ സ്റ്റേറ്റിലും ജനകീയ ഭരണം ഉള്ള സ്ഥിതിയുടെ മറവു ജനകീയഗവൺമെണ്ടുകൾ ചെയ്യുന്നതുപോലെ ഇവിടെയും പബ്ലിക്കു സർവ്വീസു് കമ്മീഷൻ എടുപ്പാടുകൾ വേണ്ടതാണു്. അതു നിർത്തൽ ചെയ്യുന്നതു് അത്ര അഭിലഷണീയമാണെന്നു് എനിയ്ക്കു തോന്നുന്നില്ല. എന്നാൽ, പബ്ലിക്കു സർവ്വീസു് കമ്മീഷനെ നിലനിർത്തിക്കൊണ്ടുപോകുന്നതിന്റെ ചിലവു കുറയ്ക്കാനുള്ള മാർഗ്ഗമാണു് ചിന്തിയ്ക്കുണ്ടതു്. അതിനു് എനിയ്ക്കു തോന്നിയ ഒരു നിർദ്ദേശം ഈ സഭയുടെ മുമ്പിൽ വയ്ക്കാം. അതായതു് അവതാരകൻ ഇവിടെ പറഞ്ഞതുപോലെ, സ്റ്റാഫ് സെലക്ഷൻ ബോർഡ് പ്രവർത്തിച്ചിരു

LIBRARY ARCHIVES Kerala Legislative Assembly

നതുമാതിരി രണ്ടു ഉദ്യോഗസ്ഥന്മാരും ഒരു ചെയർമാനും ആയി വിവിധ സമുദായങ്ങളിൽപെട്ട മൂന്നുപേരടങ്ങിയ ഒരു പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ഉണ്ടായിരിയ്ക്കേണ്ടതും അവരിൽ ചെയർമാൻ Full-time Officer ആയിരിക്കേണ്ടതുമാകുന്നു. അതിന്നുംപുറമെ അവിടത്തെ സ്റ്റാഫിന്റെ ചിലവ് ഇപ്പോഴുള്ളിടത്തോളം ആവശ്യമില്ലെന്നു പറയേണ്ടിയിരിക്കുന്നു. സിക്രട്ടറിയുടെ സ്ഥാനമോ സൂപ്രണ്ടിന്റെ സ്ഥാനമോ ഏതെങ്കിലുമൊന്നു നിൽത്തിക്കളയണം. അതുപോലെ ക്ലാർക്കുമാരിൽ ചിലരുടെ തസ്തികയും നിൽത്തിക്കളയാവുന്നതാണു്. അങ്ങിനെ ചെയ്യാൽ നല്ലതായ ഒരു സംഖ്യ ഗവൺമെണ്ടിന്നു ലാഭിക്കാൻ സാധിക്കും. ഇങ്ങനെ ചെയ്യാൽ കാര്യക്ഷമമായ നിലയിൽ പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനം ചിലവു ചുരുക്കി നടത്തിക്കൊണ്ടുപോകാൻ സാധിക്കുന്നതാണു്.

പിന്നെ വേറൊരു സംഗതി ഇവിടെ പറഞ്ഞു. അതിൽ എനിക്കു് അനുകൂല അഭിപ്രായമില്ല. അതായതു് പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടുപോകുന്നതു് മന്ത്രിമാരുടെ status-നു കുറവാണെന്നും ചില കുഴപ്പങ്ങളുണ്ടാകുമെന്നുമാണത്രെ. പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മന്ത്രിമാരുടെ കീഴിലാണു്. അവർ അതിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ കയ്യിടുകയില്ലെങ്കിലും മന്ത്രിമാരുടെ ഭരണത്തിൻകീഴിലാണല്ലോ. ശരിയായ നിയമങ്ങൾ ഉണ്ടാക്കി വേണ്ടവിധത്തിൽ പ്രവൃത്തിക്കാനുള്ള ഉത്തരവാദിത്വം സർവ്വീസ് കമ്മീഷനു കൊടുത്തു് അതു ഗവൺമെണ്ടിന്റെ കീഴിൽ നടത്തിക്കൊണ്ടുപോകുകയാണെങ്കിൽ കുഴപ്പമൊന്നുമുണ്ടാകുമെന്നു എനിക്കു തോന്നുന്നില്ല. അതുകൊണ്ടു് റൂൾസുകളും വ്യവസ്ഥകളുമുണ്ടാക്കി, ആവശ്യമായ വിധത്തിൽ ചിലവു ചുരുക്കി, വിവിധ സമുദായക്കാരടങ്ങിയ ഒരു പബ്ലിക്ക് സർവ്വീസ് കമ്മീഷൻ സ്റ്റേറ്റിൽ ഉണ്ടായിരിക്കേണ്ടതു് അത്യാവശ്യമാണെന്നാണു് എന്റെ വിനീതമായ അഭിപ്രായം. നമ്മുടെ അയൽരാജ്യമായ തിരുവിതാംകൂറിൽ പബ്ലിക്ക് സർവ്വീസ് കമ്മീഷണറായി ഒരാൾമാത്രമേ ഉള്ളു. ഈയിടെ അവിടെയും പ്രോവിൻസുകളിൽ ഉള്ളതുപോലെ കൂടുതൽ കമ്മീഷണർമാരെ ചേർത്തു് നടത്തുവാനുള്ള നടപടികൾ എടുത്തുകഴിഞ്ഞു എന്നാണു് ഞാനറിയുന്നതു്. മദ്രാസ് സംസ്ഥാനത്തിൽ വളരെയധികം കാലമായി പബ്ലിക്ക സർവ്വീസ് കമ്മീഷൻ പ്രവൃത്തിച്ചുതുടങ്ങിയിട്ടു്. അവിടെ ഇതുവരെയും യാതൊരു കുഴപ്പവുമുണ്ടായതായി കേട്ടിട്ടില്ല. ആ നിലയിൽ ജനകീയഭരണമുള്ള രാജ്യങ്ങളിൽ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ആവശ്യമാണു്. അങ്ങിനെയിരിക്കെ ഇവിടെ അതു പാടില്ലാ എന്നു പറയുന്നതിൽ അർത്ഥമില്ല. പക്ഷെ, അതിന്റെ ചിലവു ചുരുക്കേണ്ടതു് ഏറ്റവും ആവശ്യമാണു്. അങ്ങിനെ കഴിയുന്ന വിധത്തിൽ ചിലവുചുരുക്കി പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനം നടത്തിക്കൊണ്ടുപോകണമെന്നാണു് എന്റെ വിനീതമായ അഭിപ്രായം.

മിസ്റ്റർ സി. വി. ഇയ്യു: സർ, ഈ കട്ടുമോഷൻ അവതരിപ്പിച്ച ബഹുമാനപ്പെട്ട അവതാരകൻ, ഈ സഭയോടാലോചിക്കാതെയാണു് സർവ്വീസ് കമ്മീഷനെ നിയമിക്കപ്പെട്ടതു് എന്നും മാറും പറയുകയുണ്ടായി. ഈ സഭയിൽ ഫ്രാഞ്ചൈസുമാണ്ടിലോ, അതോ ഫ്രാഞ്ചൈസുമാണ്ടു് ഒട്ടവിലോ മറ്റോ പബ്ലിക്ക് സർവ്വീസിനെ സംബന്ധിച്ചുള്ള പ്രമേയം ഇവിടെ വന്നപ്പോൾ അന്നത്തെ നിയമസഭയുടെ ഭൂരിപക്ഷാഭിപ്രായം, ഇതാവശ്യമില്ല, സ്റ്റാഫ് സെലക്ഷൻ ബോർഡ് നടത്തിക്കൊണ്ടുപോയാൽ മതിയെന്ന തീരുമാനിക്കുകയുണ്ടായി. അന്നു ഞാൻ ഈ നിയമസഭയിലെ ഒരംഗമായിരുന്നു. അതിനുശേഷം പബ്ലിക്ക് സർവ്വീസ് കമ്മീഷനെ സംബന്ധിച്ചുള്ള നിയമനകല്പന— ഫ്രാഞ്ചൈസ് ചിങ്ങത്തിൽ ആണെന്നു തോന്നുന്നു—ഗസറ്റിൽ കണ്ടപ്പോൾ മാത്രമാണു് ഞാനറിഞ്ഞതു്. അന്നു നിയമസഭയിലെ ഒരംഗമല്ലായിരുന്ന ഞാൻ. അന്നത്തെ മന്ത്രിസഭയിൽ, രണ്ടു പ്രജാജണ്ഡലം മന്ത്രിമാരും, ഇന്നു പ്രജാമണ്ഡലം മന്ത്രിയായിരിക്കുന്ന ബഹുമാനപ്പെട്ട മരാമത്തു മന്ത്രിയും, അന്തർദ്ധാനംചെയ്ത ഗവൺമെണ്ടിലെ പ്രധാനമന്ത്രിയും, ഇപ്പോൾ ഇവിടെ ഇല്ലാത്ത ആളുമായ റാവുബഹദൂർ ടി. കെ. നായരും കൂട്ടുമന്ത്രിമാരായിരുന്നു. ദിവാൻഭരണമവസാനിപ്പിച്ചു്, മന്ത്രിഭരണമാരംഭിച്ചു്, നമുക്കു് പൂർണ്ണോത്തരവാദഭരണം കിട്ടിയെന്ന സ്തുതിപാടിയിരുന്ന ഒരു ഗവൺമെണ്ടായിരുന്നു അന്നുണ്ടായിരുന്നതെന്നതത്രേ. അങ്ങിനെയുള്ള സന്ദർഭത്തിൽ മുളച്ചുണ്ടായ ഒരു കല്പകവൃക്ഷമോ മറ്റോ ആയിരുന്ന പബ്ലിക്ക് സർവ്വീസ് കമ്മീഷൻ എന്നാണു് അതിന്റെ സ്തുതിപാഠകന്മാർ പാടിക്കൊണ്ടു നടന്നിരുന്നതു്. മഹാരാജാവു തിരുമനസ്സിലെ സ്വന്തം ഇഷ്ടപ്രകാരമാണു് അങ്ങിനെ ചെയ്തതെന്നു വിചാരിക്കാൻ വഴിയില്ല. ക്യാബിനറ്റിന്റെ ഉപദേശമനുസരിച്ചു മഹാരാജാവു തിരുമനസ്സുകൊണ്ടു നിയമിച്ചു എന്നേ വിചാരിക്കാൻ വഴിയുള്ളു. ക്യാബിനറ്റിന്റെ തീരുമാനത്തിനു വിരോധമായി

LIBRARY ARCHIVES Kerala Legislative Assembly

[Mr. C. V. Iyyu].

ട്ടാണ മഹാരാജാവു തിരുമനസ്സുകൊണ്ടു് ഈ നിയമനം നടത്തിയതെങ്കിൽ, ക്യാബിനറ്റി ന്റെ തീരുമാനത്തിനെതിരായ്, മഹാരാജാവു തിരുമനസ്സുകൊണ്ടു് പ്രവൃത്തിച്ചുമൂലം അധി കാരത്തിലിരുന്ന മന്ത്രിമാർ രാജിവെച്ചുപോരുകയിരുന്നു. എന്നാൽ ആ കാരണത്തിന്മേല ല്ല രാജേന്ദ്രമൈതാനസംഭവത്തിന്റെ പ്രതിധ്വനിയിന്മേലാണ പ്രജാമണ്ഡലം മന്ത്രിമാർ രാജിവെച്ചുപോന്നിട്ടുള്ളതു്. അതുകൊണ്ടു പബ്ലിക്ക സർവ്വീസു കമ്മീഷന്റെ നിയമനം അവരോടാലോചിക്കാതെയല്ല നടത്തിയതു എന്നുവേണം വിചാരിക്കാൻ. അന്നത്തെ മന്ത്രിസഭയിൽപെട്ട ശ്രീ. അയ്യപ്പനായിരുന്ന പബ്ലിക്ക സർവ്വീസ് കമ്മീഷന്റെ പോർട്ട് ഫോളിയോ വഹിച്ചിരുന്നതു്. രണ്ടു മാനൃന്മാർ മന്ത്രിമാരായി ഇപ്പോൾ ഇവിടെയുണ്ടു്. അതുകൊണ്ടു് മന്ത്രിസഭയുടെ ആനുകൂല്യത്തോടുകൂടിയാണു് അതു നിയമിതമായതു് എന്നുള്ള തു് അവിതർക്കിതമാണു്. മിസ്റ്റർ ബാലകൃഷ്ണമാരാർ അദ്ദേഹത്തിന്റെ വ്യക്തിപരമായ അ ഭിപ്രായമായിരിക്കാം പറഞ്ഞതു്. അതു എങ്ങിനെയെങ്കിലുമിരിക്കട്ടെ. എതായാലും അ തിവിടെ വന്നു. ഇനി അതിനെ കാര്യക്ഷമമായ തരത്തിൽ നടത്തിക്കൊണ്ടു പോകുകയാണ വേണ്ടതു്. ഇന്നത്തെ അതിന്റെ പ്രവർത്തനം എതുതരത്തിലുള്ളതാണെന്നു് ഇന്നലെയും, മി നഞ്ഞാന്നുമായി ഇവിടെയുണ്ടായ ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ആരോഗ്യമന്ത്രി പറ ഞ്ഞ മറുപടിയിൽനിന്നു മനസ്സിലായി. അതിൽനിന്നും അതു വളരെ നന്നായി നടക്കു ന്നുണ്ടെന്നു വിചാരിക്കാൻ വഴിയില്ല. അതു ഇന്നത്തെ ഗവൺമെണ്ടിന്റെ അല്ല, തിരുമാധാ നം ചെയ്ത ഗവൺമെണ്ടിന്റെ കുറവായിരിക്കാം. സ്റ്റാഫ് സെലക്ഷൻ ബോർഡു ചെയ്യുന്ന ജോലിമാത്രം ഇവരെകൊണ്ടു ചെയ്യിച്ചുകൊണ്ടു് ൪൦൦ രൂപാവീതം ശമ്പളം കൊടുക്കുക യാണു് ചെയ്യുന്നതു്. ൪൦൦ രൂപ ശമ്പളം കൊടുക്കുന്നുണ്ടെങ്കിൽ ർൻ൯ രൂപ ഫ൪ണ. യുടെ ജോലി ചെയ്യിച്ചാൽ പോര ൪൦൦ രൂപയുടെ ജോലി തികച്ചും ചെയ്യിക്കണം. ഇന്നത്തെ ഗവൺമെണ്ടു ജനകീയ ഗവൺമെണ്ടായതുകൊണ്ടു് ഇതു ശരിയായി നിറവേറണം. ഇങ്ങിനെയുള്ള ഒരേർപ്പാടു പരിഷ്കൃതരാജ്യങ്ങളിൽ എല്ലാം ഉണ്ടു്. അതുകൊണ്ടു് അതു ഇവിടെയും ആവശ്യമാണു്. പക്ഷെ, അവരെക്കൊണ്ടു പണിയെടുപ്പിക്കണം എന്ന മാത്രമേ യുള്ളു. അതിന്റെ ശരിയായ പ്രവർത്തനത്തിനുവേണ്ട രൂപകം പാസ്സാക്കിക്കൊടുക്കുക. എന്നിട്ടു് ആ രൂപകംപ്രകാരം അവരെക്കൊണ്ടു ശരിയായ പ്രവർത്തനം നടത്തിക്കുക. അന്ന പ്രജാമണ്ഡലം ക്യാബിനറ്റു തീരുമാനിച്ചതനുസരിച്ചാണ മഹാരാജാവു തിരുമനസ്സുകൊ ണ്ടു ഇങ്ങിനെ ഒരേർപ്പാടു നടപ്പിൽ വരുത്തിയിട്ടുള്ളതു്. അങ്ങിനെ യിരിക്കെ ഇതു തീരെ തെറ്റാണെന്നു നമുക്കു തോന്നിയാൽ നമ്മുടെ മന്ത്രിമാരെക്കൊണ്ടു മാറ്റിച്ചുകൂടെ? സ്വയംഭ രണമുള്ള ഈ കാലത്തു് ഇത്തരത്തിൽ ഒരു സ്ഥാപനം നമുക്കാവശ്യമാണു്. അതുകൊണ്ടു കമ്മീഷൻ മാറ്റാൻ പാടില്ല. അതിനു ശമ്പളം കുറക്കുകയോ കൂട്ടുകയോ അതി ലേക്കു് ഈ സഭയിൽനിന്നു് ഒരുദ്യോഗസ്ഥ മെമ്പറെ തിരഞ്ഞെടുക്കുകയോ ചെയ്യുന്ന തിനു യാതൊരു വിരോധവുമില്ല; കാര്യക്ഷമമായ രീതിയിൽ പ്രവർത്തനം നടക്കണം. അവ ക്കു ശരിയായി പ്രവർത്തിക്കാനുള്ള അവസരം കൊടുക്കണം. എന്നിട്ടു അവർ ശരിയായി പ്രവ ർത്തിക്കുന്നില്ലെങ്കിൽ അപ്പോൾ എന്താണു വേണ്ടതു് എന്നു ആലോചിക്കാം. ഞാൻ ഈ പ്രശ്ന മത്തെ എതുക്കുന്നുമില്ല; ഇതിലെ എല്ലാക്കാര്യങ്ങളോടും അനുകൂലിക്കുന്നുമില്ല. ഞാൻ ഈ സഭാംഗമായിരുന്ന കാലത്തു് എനിക്കറിയാം ഈ സഭയുടെ ആനുകൂല്യം ഇതിനുണ്ടായിരു ന്നില്ലായെന്നുള്ളതു്. ഇത്രമാത്രമെ ഞാൻ ഇതിനെ സംബന്ധിച്ചു് ഇപ്പോൾ പറയുന്നുള്ളു.

മിസ്റ്റർ പി. കെ. ഡീവർ: സർ, പബ്ലിക്ക സർവ്വീസ് കമ്മീഷൻ അംഗങ്ങളെ കുറ്റപ്പെ ടുത്തുവാൻ വേണ്ടിയല്ല ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങി സംസാരിക്കണമെന്നു വി ചാരിക്കുന്നതു്. പബ്ലിക്ക സർവ്വീസ് കമ്മീഷന്റെ ഉദ്ദേശമനുസരിച്ചു പ്രവർത്തനം നടന്നു പോയിട്ടില്ലെങ്കിൽ അതു കമ്മീഷന്റെ കുറ്റംകൊണ്ടാണെന്നു ഞാൻ ധരിച്ചിട്ടില്ല. അങ്ങി നെ ധരിച്ചുകൊണ്ടല്ല ഞാൻ ഈ വിമർശനത്തിൽ പങ്കു കൊള്ളുന്നതു്. പബ്ലിക്ക സർവ്വീസ് കമ്മീഷനു പ്രവർത്തിക്കാനുള്ള അവസരമുണ്ടായിട്ടില്ലായെന്നുള്ളതു പരമാർത്ഥം മാത്രമാണു്. പബ്ലിക്ക സർവ്വീസ് കമ്മീഷൻ വന്നതു് അന്നത്തെ മന്ത്രിമാരുടെ അനുവാദത്തോടുകൂടി ആയി രിക്കണം എന്നു എന്റെ മാന്യ സ്നേഹിതൻ മിസ്റ്റർ ഇയ്യു പറയുകയുണ്ടായി. വളരെ നല്ല കാര്യങ്ങൾക്കുവേണ്ടി നാം പരിശ്രമിക്കുമ്പോൾ ആ നല്ല കാര്യങ്ങൾ ഫലത്തിൽ വരുന്നതോ ടുകൂടി കുറെ സ്വാഗതാർഹങ്ങളല്ലാത്തവയുംകൂടി വന്നു ചേരാറുണ്ടു്. പാലാഴിമഥനം കഥ നാം കേട്ടിട്ടുണ്ടു്. അമൃതം സമ്പാദിക്കുവാൻവേണ്ടി പാലാഴി കടഞ്ഞപ്പോൾ നമുക്കു അമൃ തം കിട്ടിയെങ്കിലും അതോടുകൂടി കുറെ വിഷവും കിട്ടി. അതു് എന്തു ചെയ്യണമെന്നറിയാ

LIBRARY ARCHIVES Kerala Legislative Assembly

തെ ഭഗവാൻ പരമേശ്വരൻ വായിലിട്ടു. പക്ഷെ വിഴുങ്ങാൻ സാധിച്ചില്ല. തുപ്പുകയാനും തരമില്ലാതെയായി. അതുകൊണ്ട് അതു കണ്ഠത്തിൽതന്നെ വയ്ക്കേണ്ടതായിവന്നു. അങ്ങിനെ പരമേശ്വരൻ നീലകണ്ഠനായി. അന്നത്തെ പ്രജാമണ്ഡലം മന്ത്രിസഭയുടെ അവസ്ഥയും നീലകണ്ഠന്റേതു പോലെയായിരുന്നു. പ്രജാമണ്ഡലം ഒരു കൂട്ടമന്ത്രിസഭയായി അധികാരം ഏറ്റെടുക്കുവാൻ ഉണ്ടായ കാരണം എന്താണ് എന്നുള്ള സംഗതി ഇപ്പോഴവസരത്തിൽ നാം ഓർക്കുന്നതു നന്നായിരിക്കും എന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ രാജ്യത്തിന്റെ പ്രധാനമായ ആവശ്യം, രാഷ്ട്രീയമായിട്ടുള്ള ആവശ്യം അന്നു ഉത്തരവാദഭരണം സമ്പാദിക്കുകയെന്നുള്ളതായിരുന്നു. പ്രജാമണ്ഡലം അക്കാലത്തു നിയമസഭയിൽ വന്നതു ഉത്തരവാദഭരണത്തിനുവേണ്ടിയുള്ള പരിശ്രമം പുറമെ നടത്തുന്നതിനോടൊപ്പംതന്നെ നിയമസഭക്കത്തും പ്രവർത്തിപ്പാനായിരുന്നു.

Mr. President: Order, the discussion is about the Public Service Commission.

മിസ്റ്റർ പി. കെ. ഡിവർ : ഞാൻ അതിലേക്കു വരുകയാണ്. നിയമസഭയിൽ വന്നതിനുശേഷം ഭരണപരിഷ്കാരങ്ങൾ ഓരോന്നായി വരുത്തുകയും ഒടുവിൽ ദിവാൻ ഭരണം തന്നെ ഇല്ലാതാക്കുന്നതിനുവേണ്ടിയുള്ള പരിശ്രമത്തിൽ ഏർപ്പെടുകയും ഇന്ത്യ പരിപൂർണ്ണമായും സ്വതന്ത്രമാകുന്നതോടുകൂടിത്തന്നെ കൊച്ചിയിലും ദിവാൻഭരണം ഇല്ലാതാക്കി ഭരണാധികാരം മുഴുവനും നമ്മുടെ സ്വന്തം മന്ത്രിമാരുടെ കയ്യിൽ വന്നുചേരുന്നതിനിടയാക്കി. പരിപൂർണ്ണഉത്തരവാദഭരണത്തിനുവേണ്ടി രാഷ്ട്രീയപ്പാലാഴി മഥിച്ചപ്പോൾ ഉത്തരവാദഭരണമാകുന്ന ആ അമൃതം കിട്ടിയതോടുകൂടി കൂറെ വിഷവും കിട്ടി. അങ്ങിനെ വന്നുചേർന്നിട്ടുള്ള ഈ പബ്ലിക്ക സർവ്വീസ് കമ്മീഷനിലേക്ക് നടന്ന നിയമങ്ങൾ എടുത്തു നോക്കിയാൽ കാണാം, ജനകീയഭരണമുള്ള രാജ്യങ്ങളിൽ നടക്കുന്നതുപോലെ നടത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടിയല്ല ഉണ്ടാക്കീട്ടുള്ളതു എന്നു പബ്ലിക്ക സർവ്വീസുമായി യാതൊരു പരിചയവുമില്ലാത്ത ആളുകളെ, ചില പ്രത്യേക സമാനങ്ങളിലെ സേവകന്മാരായ ചില ആളുകളെ ആ അവകാശത്തിന്മേൽതന്നെ കമ്മീഷനിലേക്കു നിയമിച്ചതു് ഇതിനുദാഹരണമാണ്. അങ്ങിനെയുള്ള പബ്ലിക്ക സർവ്വീസു് കമ്മീഷൻ പ്രവർത്തനരഹിതമായി തീർന്നു എങ്കിൽ അതിൽ അത്ഭുതപ്പെടാനില്ല. പബ്ലിക്ക സർവ്വീസ് കമ്മീഷൻ വേണമെന്നു പറയുമ്പോൾ, ചില കാര്യങ്ങൾ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയോട് എനിക്കു പറയാനുണ്ട്. അനാവശ്യമായ ഉദ്യോഗങ്ങൾ ഇവിടെ ധാരാളം ഉണ്ടാക്കീട്ടുണ്ട്. അതു പിന്നീടു വേണ്ടെന്നുവച്ചെങ്കിലോ എന്നുള്ള ഭയം നിമിത്തം ഉടനെതന്നെ സ്ഥിരപ്പെടുത്താനുള്ള വേവലാതി ഉണ്ടാകാവുണ്ട്. കുറെമുമ്പു് ചോദ്യോത്തരവേളയിൽ ഇവിടെ ഒരു ഇൻസ്പെക്ടരുടെ കാര്യത്തെപ്പറ്റി പറയുകയുണ്ടായി. കോളേജിൽ പഠിപ്പിച്ചിരുന്ന ആ മനുഷ്യൻ പല ഇടുങ്ങിയ വഴികളിൽക്കൂടി ഇപ്പോഴത്തെ സ്ഥാനത്തു എത്തിച്ചേർന്നതാണ്. വാർപബ്ലിസിറ്റി ആഫീസ്സരുടെ തസ്തിക നിർത്തേണ്ടതായിവന്നപ്പോൾ അതിൽ ഇരുന്നിരുന്ന ആഫീസ്സർക്ക് ഒരു ഉദ്യോഗം ഉണ്ടാക്കേണ്ടതായിവന്നു. അതു കണ്ടുപിടിക്കുന്നതുവരെ പബ്ലിസിറ്റി ഡയറക്ടരുദ്യോഗം നിലനിർത്തേണ്ടതായിവന്നു. ഈ മാതിരി സർവ്വീസു കമ്മീഷൻ നിർത്തിക്കളയേണ്ടിവരുമ്പോൾ കമ്മീഷൻ അംഗങ്ങളെ എന്തു ചെയ്യേണ്ടിവരുമെന്ന വ്യഗ്രത ഗവർമ്മെണ്ടിനുണ്ടോയെന്നു ഞാൻ വിശ്വസിക്കുന്നു. അഥവാ അവരിൽ ചിലർക്കുദ്യോഗം കണ്ടുപിടിക്കാനുള്ള ബുദ്ധിമുട്ടുകൊണ്ടു കമ്മീഷൻ നിലനിർത്തിക്കൊണ്ടുപോകാൻ ഇടവരികയില്ലെന്നു ഞാൻവിശ്വസിക്കുന്നു.

പബ്ലിക്ക സർവ്വീസു് കമ്മീഷൻ വന്നതിനുശേഷമുള്ള ചില സംഗതികൾ ഈ സഭയുടെ മുമ്പിൽകൊണ്ടുവരുന്നതു് നന്നായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. പബ്ലിക്ക സർവ്വീസ് കമ്മീഷൻ ചെയ്യുന്നതു സ്റ്റാഫ് സെലക്ഷൻ ബോർഡിന്റെ പ്രവർത്തിതന്നെയാണ്. സ്റ്റാഫ് സെലക്ഷൻ ബോർഡിനുവേണ്ടി ഗവർമ്മെണ്ടിനു പ്രത്യേകമായി ഒന്നും ചിലവാക്കേണ്ടിയിരുന്നില്ല. അതിന്റെ പ്രവർത്തനത്തെപ്പറ്റി വലിയ ആക്ഷേപങ്ങളും കേട്ടിട്ടില്ല. സ്റ്റാഫ് സെലക്ഷൻ ബോർഡു്, ഈ രാജ്യത്തിലെ ജനങ്ങളുടെ ആഗ്രഹപ്രകാരം, എല്ലാ സമുദായങ്ങൾക്കും വീതപ്രകാരം കിട്ടേണ്ട ഉദ്യോഗം ശരിക്കു കൊടുക്കുന്നതിനുവേണ്ടിയായിരുന്നു. അതവർ ശരിക്കു ചെയ്തുമിരുന്നു. ഈ പ്രവർത്തനം നടത്തുവാൻവേണ്ടിതന്നെയാണ് ഒരു കമ്മീഷനെ നാം വെച്ചുപുലർത്തുന്നതു്. ആ കമ്മീഷനു സ്റ്റാഫ് സെലക്ഷൻ ബോർഡു ചെയ്തിട്ടുള്ളതിൽ കൂടുതലായി ഒന്നും ചെയ്യാൻ സാധ്യമായിട്ടില്ല. കൊച്ചിയിലെ പബ്ലിക്ക സർവ്വീസ് കമ്മീഷൻ ചെയർമാൻ അദ്ദേഹത്തിന്റെ ചില സുഹൃത്തുക്കളുമായി സംസാരിക്കുമ്പോൾ അവരുടെ അടുത്തു നില്പാനുള്ള അവസരം എനിക്കുണ്ടായി. അദ്ദേഹം പറഞ്ഞു

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. K. Dewer]

വലിയ പണിയൊന്നുമില്ലായെന്നു്. ഗവണ്മെണ്ടു സ്വമേധയാ നടത്തുന്ന നിയമനങ്ങൾ സമുദായപ്രാതിനിദ്ധ്യതത്വം അനുസരിച്ചു അഡ്‌ജസ്റ്റു ചെയ്യുവാൻ ഗവണ്മെണ്ടു കമ്മീഷനോടു് ആവശ്യപ്പെടാവുണ്ടല്ലൊ.' അതൊരു ജോലിയല്ലെ എന്നു ഞാൻ ഇടക്കു കയറിപ്പറഞ്ഞതു് ഒരു മന്ദഹാസംകൊണ്ടു് അദ്ദേഹം സമ്മതിച്ചതായിട്ടാണു കണ്ടതു്. ഹുസൂർ സിക്രട്ടറിയേറ്റിലെ ഒരു സിക്രട്ടറിയുടെ അതോ ആണെന്നു പറയുന്നു. അളുടെ നിയമന കാലാവധി കഴിഞ്ഞശേഷം അവിടെനിന്നു പുറത്തു പോകേണ്ടതായ ഘട്ടം വന്നിട്ടും ആ, ആളെ പബ്ലിക്കു സർവ്വീസു് കമ്മീഷനെ ധിക്കരിച്ചുകൊണ്ടു് അവിടെതന്നെ വേറൊരു ഒഴിവിൽ നിയമനം നടത്തി. സർ, സ്റ്റാഫ് സെലക്ഷൻ ബോർഡു നിയമിച്ച ഒരു പാവപ്പെട്ട അധഃകൃതൻ വളരെക്കാലം ഉദ്യോഗത്തിൽ ഇരുന്നതിനുശേഷം ജോലിയില്ലാതെ ഇവിടെ തെരുവീഥികളിൽ നടക്കുന്നതു നമുക്കു കാണുവാൻ കഴിയും. അദ്ദേഹത്തിനു പുതിയ ഉദ്യോഗം കൊടുക്കുവാൻ പബ്ലിക്കു സർവ്വീസു് കമ്മീഷനു നിവർത്തിയില്ല. അദ്ദേഹം കൺട്രോളർ ആപ്പീസ്സിലൊ മറ്റൊ വളരെ നീണ്ടകാലത്തെ ഒഴിവിലിരുന്ന ഒരാളായിരുന്നു. അന്നത്തെ ഗവണ്മെണ്ടിന്റെ സേവയിൽപെട്ട ഒരാളെ ഡഡ്ഡിപ്പാട്ട്മെണ്ടിൽനിന്നു കൺട്രോളർ ആപ്പീസ്സിലേക്കു് മുൻപറഞ്ഞ ദീർഘകാല ഒഴിവിലേക്കു മാറ്റിയതിന്റെ ഫലമായി ഈ അധഃകൃതൻ പുറത്തുപോന്നു. ഇങ്ങിനെ ചെയ്യുതു തെറ്റാണെന്നു പബ്ലിക്കു സർവ്വീസു് കമ്മീഷൻ ഗവണ്മെണ്ടിലേക്കു് എഴുതി. അതിനു മറുപടിയൊന്നും ഇതേവരെ ഉണ്ടായിട്ടില്ല. ഒരു മന്ത്രിയുടെ ഭാഗിനേയിയെ കൺട്രോളർ ഓഫീസിൽ പല ആളുകളുടേയും തലയ്ക്കുമീതെ പിടിച്ചുവച്ചു. ഹുസൂർ സിക്രട്ടറിയേറ്റിൽതന്നെ എന്തെല്ലാം നേരംപോക്കുകളാണു നടക്കുന്നതു്. ന ൦ മതൽ ഫ ഫ ൪ വരെ ശമ്പളമുള്ള ഒരു ഉദ്യോഗത്തിന്റെ കാര്യത്തെപ്പറ്റി ചീഫ് സെക്രട്ടറിയും സെക്ഷൻ ക്ലാർക്കും തമ്മിൽ വാദപ്രതിവാദം. സെക്ഷൻ ക്ലാർക്കു്, ഈ ഉദ്യോഗം ന ൦ രൂപാ മുതൽ തുടങ്ങുന്നതായതുകൊണ്ടു് സ്റ്റാഫ് സെലക്ഷൻ ബോർഡിന്റെ പരിധിയിൽ പെട്ടതാണെന്നു്. ആ ഉദ്യോഗസ്ഥന്റെ ശമ്പളം ഫ ഫ ൪ വരെയുള്ളതുകൊണ്ടു സ്റ്റാഫ് സെലക്ഷൻ ബോർഡിന്റെ പരിധിയിൽ പെടുകയില്ലെന്നും അതുകൊണ്ടു നിയമനാധികാരം ഗവണ്മെണ്ടിനാണെന്നും ചീഫ് സെക്രട്ടറി. കാരണം, ആ ഉദ്യോഗത്തിൽ വയ്ക്കേണ്ട ആൾ ചീഫ് സെക്രട്ടറിയുടെ ആളായിരുന്നു. അങ്ങിനെ സർവ്വീസ് കമ്മീഷനെ ധിക്കരിച്ചു് അയാളെ വയ്ക്കുകയും ചെയ്തു. ഹൈക്കോട്ടിൽ ഒരു ലൈബ്രേറിയന്റെ സ്ഥാനം ഒഴിവുവന്നിട്ടു് ഇതുവരെ റിപ്പോർട്ടുചെയ്തിട്ടില്ലത്രെ. അതിനെസംബന്ധിച്ചു പബ്ലിക്കു് സർവ്വീസ്കമ്മീഷണരോടു ചോദിക്കുകയാണു്, അവിടെ പുതിയതായി ടൈപിനിങ്ങ് കഴിഞ്ഞുവന്ന ഒരാളെവയ്ക്കാൻ പാടില്ലേയെന്നു്. ഇന്നലെയോ,മിനിഞ്ഞാന്നോ മറ്റൊ എന്റെ മാന്യസ്നേഹിതൻ മിസ്റ്റർ പ്രസാദു് ഇവിടെ പറഞ്ഞു, LLB. ബിരുദം നേടി ലൈബ്രറിസംബന്ധമായ പരിശീലനം സിദ്ധിച്ച ഒരു അധഃകൃതൻ ഈ ഉദ്യോഗത്തിനു അപേക്ഷിച്ചിട്ടു് ഇതുവരേയും നിയമിച്ചിട്ടില്ല. ഇങ്ങിനെ പബ്ലിക്കു് സർവ്വീസ്കമ്മീഷൻ ഉണ്ടായതുമുതൽ അതിന്റെ മറവിൽനിന്നു നിരവധി ക്രമക്കേടുകൾ ഗവണ്മെണ്ടു ചെയ്തിട്ടുണ്ടു്. ഇതു ഞാൻ പ്രത്യേകം എടുത്തുപറയുന്നതു കഴിഞ്ഞ തുലാം ഫ ൦-ാംതീയ്യതിശേഷം നടത്തിട്ടുള്ള സകല ഉദ്യോഗനിയമനങ്ങളേയും സംബന്ധിച്ചു പുനഃപരിശോധന നടത്തണമെന്ന പബ്ലിക്കു സർവ്വീസ്കമ്മീഷന്റെ മേലധികാരംവഹിക്കുന്ന മന്ത്രിയോടാവശ്യപ്പെടാൻ വേണ്ടിയാണു്. സേവയും ക്ഷാപാശ്രയും മൂലം സർവ്വ നിയമങ്ങളേയും അതിലംഘിച്ചുകൊണ്ടു നടത്തിയിട്ടുള്ള നിയമനങ്ങളെപ്പറ്റിയെല്ലാം ആലോചിയ്ക്കണം. കൺട്രോളർ ആപ്പീസിൽ കുറെ ആളുകളെ വേണമെന്ന വന്നപ്പോൾ സർവ്വ നിയമങ്ങളേയും ധിക്കരിച്ചുകൊണ്ടു ചില ആളുകളെ അവിടെവച്ചു. ഒരു മന്ത്രിയുടെ ഭാഗിനേയിയുടെ കാര്യം ഞാൻ മുമ്പു പറയുകയുണ്ടായല്ലൊ. മന്ത്രി വിളിച്ചുപറഞ്ഞാൽ കൺട്രോളർ എങ്ങിനെ ചെയ്യാതിരിയ്ക്കും. മന്ത്രി പറഞ്ഞിട്ടാണു് അങ്ങിനെ ചെയ്തതു് എന്നൊരക്ഷരം റിക്കാട്ടിൽ കാണുകയില്ല. കൺട്രോളർ എഴുതി ഈ ക്ലാർക്കു് ഇവിടെ വന്നില്ലെങ്കിൽ ജോലിയൊന്നും നടക്കുകയില്ലായെന്നു്. അദ്ദേഹം ഇങ്ങിനെ എഴുതണമെങ്കിൽ അദ്ദേഹത്തിന്റെ മേൽ എത്രത്തോളം നിർബന്ധം ചെലുത്തിയിരിക്കണം? പണ്ടു് ഫജൂരാഫീസിൽ നടന്നിട്ടുള്ള കുഞ്ഞലീലയെപ്പറ്റി മുമ്പൊരു കാലം എതോകടലാസ്സിൽ കാണുകയുണ്ടായി. ദയവുചെയ്തു മന്ത്രിമാർ ഉദ്യോഗസ്ഥന്മാരെ വീട്ടിൽ വിളിച്ചുവരുത്തി ഉപദേശം കൊടുക്കരുതു്. പണ്ടത്തെ ആ കുഞ്ഞലീല ഇവിടെ ആവർത്തിയ്ക്കാതിരിക്കേണ്ടതാണു്. പബ്ലിക്കു് സർവ്വീസ് കമ്മീഷനുവേണ്ടി ഇക്കൊല്ലത്തെ ബഡ്ജറ്റിൽ നാല്പത്തിരായിരത്തിൽചില്വാനം രൂപായാണു കൊള്ളിച്ചിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ത്തു്. കഴിഞ്ഞ ആണ്ടിൽ നു ൪, ൦ ൦ ൦ രൂപ ചിലവാക്കിയിട്ടുണ്ടു്. ഗവമ്മെണ്ടിലേയ്ക്കാവശ്യമുള്ള നിയമനങ്ങൾ വാസ്തവത്തിൽ സ്റ്റാഫ് സിലക്ഷൻ ബോർഡ് പഴയ മാതിരി നടത്തിയാൽ യാതൊരപകടവും വരാനില്ല. പഴയ നിലയിലുള്ള സ്റ്റാഫ് സിലക്ഷൻബോർഡു് പബ്ളിക്കു് സർവ്വീസ് കമ്മീഷനു പകരം നിയമനങ്ങൾ നടത്തിയാൽ എന്താണബദ്ധം വരുവാനുള്ളതു്? പബ്ളിക്കു് സർവ്വീസ് കമ്മീഷൻ എല്ലാ ദിക്കുകളിലുമുണ്ടെന്നു എന്റെ മാന്യസ്നേഹിതന്മാർ പറയുകയുണ്ടായി. എന്നാൽ അവിടങ്ങളിലുള്ള പബ്ളിക്കു് സർവ്വീസ് കമ്മീഷന്റെ നിയമനങ്ങൾ എങ്ങിനെയുള്ളതാണെന്നു് അന്വേഷിച്ചിട്ടുണ്ടോയെന്നു സംശയമാണു്. ശരിയായി അന്വേഷിച്ചിരുന്നു എങ്കിൽ ഇവിടെയുള്ള പബ്ളിക്കു് സർവ്വീസ് കമ്മീഷൻ എതുവിധത്തിലുള്ളതാണെന്നു മനസ്സിലാക്കുവാൻ സാധിക്കുമായിരുന്നു. അവിടങ്ങളിലുള്ള പബ്ളിക്കു് സർവ്വീസ് കമ്മീഷൻ കുറെ ആളുകളെ തിരഞ്ഞെടുത്തു നിർത്താനുള്ള അധികാരം മാത്രമേയുള്ളു; നിയമനാധികാരമില്ല. ഗവമ്മെണ്ടിന്റെ പിടിയിൽനിന്നു സ്വതന്ത്രമായി ഒരു പബ്ളിക്കു് സർവ്വീസ് കമ്മീഷനു് നിയമനങ്ങൾ മുഴുവൻ വിട്ടുകൊടുക്കുന്നതു നമ്മുടെ രാജ്യത്തിന്റെ നിലയ്ക്കു എത്രമാത്രം നന്നായിരിക്കുമെന്നു പ്രത്യേകം ആലോചിക്കേണ്ടതാണു്. നിയമസഭയിൽ മന്ത്രിമാരുടെ പേരിൽ ഒരു അവിശ്വാസപ്രമേയം വന്നപ്പോൾ മന്ത്രിമാരുടെ ഓട്ടവും ചാട്ടവും മറ്റാരുമാം കണ്ടിട്ടില്ലേ. ഇതുപോലെയുള്ള ചുറുപാടുകൾ ഉള്ളരാജ്യത്തു ഈ മാതിരിയുള്ള പബ്ളിക്കു് സർവ്വീസ് കമ്മീഷൻ വച്ചുകൊണ്ടിരിക്കുന്നതു നന്നായിരിക്കുമോ എന്നാണു നാം ആലോചിക്കേണ്ടതു്.

മിസ്റ്റർ സി. വി. ഇയ്യു: പബ്ളിക്കു് സർവ്വീസ് കമ്മിഷനിൽ ഉള്ളവരും അതിൽ പെട്ടിട്ടുണ്ടോ?

മിസ്റ്റർ പി. കെ. ഡീവർ. അതെനിയ്ക്കു നിശ്ചയമില്ല. എതായാലും ഉയർന്ന ഗ്രേഡിലുള്ള നിയമനങ്ങൾ വരുമ്പോൾ ഈ ഉപദ്രവമുണ്ടാകും. നിയമനങ്ങളെ സംബന്ധിച്ചു കർശനമായ നിയമങ്ങൾ ഉണ്ടാക്കി അവ നിഷ്കൃഷ്ടമായി പാലിക്കാനുള്ള ഏർപ്പാടുണ്ടെങ്കിൽ സ്റ്റാഫ് സിലക്ഷൻ ബോർഡുകൊണ്ടു നമ്മുടെ ആവശ്യം നിർവ്വഹിക്കപ്പെടാവുന്നതാണു്. ഉദ്യോഗനിയമനങ്ങൾ എല്ലാ സമുദായങ്ങൾക്കും ഒരുപോലെ വിഹിതം അനുസരിച്ചു ലഭിക്കത്തക്ക വിധം ഖണ്ഡിതമായി നിയമങ്ങൾ ഉണ്ടാക്കണം. അതിനെ ലംഘിച്ചാൽ ജനകീയഗവമ്മെണ്ടിൽ അധികാരത്തിലിരിക്കുന്ന ആളുകൾക്കു് അവർ ബഹുജനങ്ങളെ നേരിടേണ്ടവരായതുകൊണ്ടു് ആ നിയമങ്ങൾ ലംഘിച്ചു് അന്യായംചെയ്യാൽ കുറെ വിഷമമുണ്ടാകും. അവർ ജനങ്ങളെ അഭിമുഖീകരിക്കേണ്ടവരാണു്. അന്യായമായും അക്രമമായും പ്രവർത്തിക്കുന്നവരോടു് എങ്ങിനെ വേണമെന്നു ജനങ്ങൾക്കറിയുകയും ചെയ്യാം പബ്ളിക്കു് സർവ്വീസ് കമ്മീഷനു് ആരുടെ വോട്ടുവേണം? അവരെ മാറാൻ ആർക്കാണു സാധിക്കുക? ഇതിനെസംബന്ധിച്ചു് എനിക്കു തോന്നിയ ചില അഭിപ്രായങ്ങൾ ഇവിടെ പറഞ്ഞതാണു്. ഉയർന്ന ഉദ്യോഗങ്ങളിലേയ്ക്കു്, എന്റെ മാന്യസ്നേഹിതൻ ശ്രീ മുണ്ടശ്ശേരി പറഞ്ഞതുപോലെ ആതാതു തസ്തികയ്ക്കാവശ്യമായ യോഗ്യതയുള്ളവരുടെ ഒരു ലിസ്റ്റ് ഉണ്ടാക്കിവയ്ക്കുക. എന്നിട്ടു് ആ ലിസ്റ്റിലെ പ്രകാരം സമുദായപ്രാതിനിധ്യത്തെപരിഗണിച്ചു നിയമനം നടത്തുക. അതുതെറ്റിക്കാതെ നിയമനങ്ങൾ നടത്തുന്നപക്ഷം നമ്മുടേതുപോലെയുള്ള ഒരു ചെറിയ രാജ്യത്തിനു് അതു മതിയാകും. അതിനാൽ എനിക്കു പറയുവാനുള്ളതു പബ്ളിക്കു് സർവ്വീസ് കമ്മീഷൻ ആവശ്യമില്ലായെന്നാണു്. സ്റ്റാഫ് സെലക്ഷൻ ബോർഡിന്റെ പ്രവർത്തനത്തെ രണ്ടാമതും കൊണ്ടുവന്നാൽ മതി. പിന്നെ ഒന്നു് എനിയ്ക്കു പറയാനുള്ളതു ആദ്യം പറഞ്ഞതുപോലെ കഴിഞ്ഞ തുലാമാസം ൧൦-ാംനു-ക്കുശേഷം ഉണ്ടായ സർവ്വ നിയമനങ്ങളേയും സംബന്ധിച്ചു് ഒരു പുനഃപരിശോധന നടത്തണമെന്നാണു്. സ്റ്റാഫ് സെലക്ഷൻ ബോർഡോ, പബ്ളിക്കു് സർവ്വീസ് കമ്മീഷനോ, അതിനെ സംബന്ധിച്ചു് അയച്ചിട്ടുള്ളപ്രതിഷേധക്കുറിപ്പുകൾ വരുത്തി വായിച്ചുനോക്കണം. അങ്ങിനെ പരിശോധിച്ചു പിരിച്ചുവിടേണ്ടവരെ പിരിച്ചുവിട്ടു ശരിയായ നിലയിൽ മറ്റുള്ളവരോടു നീതി പ്രവർത്തിക്കണം. ഇതു മാത്രമാണു് ഈയവസരത്തിൽ എനിക്കു പറയുവാനുള്ളതു്.

മിസ്റ്റർ. കെ. ഐ. വേലായുധൻ : സർ, ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു. പ്രജായത്ത ഭരണം സ്ഥാപിച്ചിട്ടുള്ള ഏതുനാട്ടിലും പബ്ളിക്കു സർവ്വീസു കമ്മീഷൻ സ്ഥാപിക്കുകയെന്നുള്ളതു് ഒരു പതിവാണു് എന്നു് എന്റെ മാന്യസ്നേഹിതന്മാർ ഇവിടെ അഭിപ്രായപ്പെട്ടു കഴിഞ്ഞിരിക്കുന്നു. എന്നാൽ അങ്ങിനെ പബ്ളിക്കു സർവ്വീസു കമ്മീഷൻ സ്ഥാപിക്കുന്നതോടുകൂടി അതിനു പ്രവർത്തിക്കുവാനുള്ള പരിപൂർണ്ണസ്വാതന്ത്ര്യവും സാഹചര്യവും കൊടുക്കുകയെന്നുള്ളതു് ഒരു തത്വമായി നാം സ്വീകരിക്കേണ്ടതാണു്. ഇന്നു പൂർണ്ണസ്വാതന്ത്ര്യം കി

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. I. Velayudhan]

ട്ടിയിട്ടുള്ള രാജ്യങ്ങളിലെ പബ്ലിക്ക സർവ്വീസു കമ്മീഷനുകൾ വളരെ സ്വാതന്ത്ര്യത്തോടുകൂടി അതിന്റെ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്നുള്ളതു നമുക്കു കാണാൻകഴിയും. അതുപോലെ പരമാർത്ഥവുമാണു്. ഡമോക്രസിയുടെ കളിത്തൊട്ടിലെന്നു പറയുന്ന ഇംഗ്ലണ്ടിൽപോലും അവിടത്തെ കാബിനറ്റിനു് ഉദ്യോഗനിയമനകാര്യങ്ങളിൽ യാതൊരധികാരവുമില്ല. അതുപോലെതന്നെയാണു എല്ലാപാശ്ചാത്യ രാജ്യങ്ങളിലും പബ്ലിക്ക സർവ്വീസ്സുകമ്മീഷന്റെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നതു്. എന്തിനു നാം അത്രദൂരെ പോകുന്നു. നമ്മുടെ തൊട്ടടുത്തുകിടക്കുന്ന മദ്രാസു് സംസ്ഥാനത്തിലും, തിരുവിതാംകൂറിലും അവിടത്തെ പബ്ലിക്ക സർവ്വീസു കമ്മീഷനുകൾക്ക ഉദ്യോഗസ്ഥന്മാർ ചെയ്യുന്ന അഴിമതികൾക്കു് അവരെ അങ്ങേഅറ്റംവരെ ശിക്ഷിക്കുവാനുള്ള അധികാരംപോലും കൊടുത്തിട്ടുണ്ടു്. അതുപോലെയുള്ള ഒരു പബ്ലിക്ക സർവ്വീസു കമ്മീഷനാണു് ഇന്നു പുണ്ണ്യാത്തരവാദഭരണം കിട്ടിയിട്ടുള്ള കൊച്ചീരാജ്യത്തിനു അത്യന്താപേക്ഷിതമായിട്ടുള്ളതു്. ഏറ്റവും ചെറിയ ഈ രാജ്യത്തു് ഒരു പബ്ലിക്ക സർവ്വീസ കമ്മീഷൻ ആവശ്യമില്ലെന്നും, അതിനു ഏറ്റവും വലിയ ഒരു തുകയാണു നമ്മുടെ ഗവർമ്മെണ്ടു് ചെലവഴിക്കുന്നതു് എന്നും ഇവിടെ ചില മെമ്പർമാർ പറയുകയുണ്ടായി. പക്ഷെ ചില നല്ലകാര്യങ്ങൾക്കുവേണ്ടി തീർച്ചയായും പണം ചിലവാക്കേണ്ടിയിരിക്കുന്നു. അതു ഒരിക്കലും ഒരുനഷ്ടമായിത്തീരുകയില്ല. ഈവകകാര്യങ്ങൾക്കു വേണ്ടി പണം ചിലവാക്കാൻ ഒട്ടും അമാന്തം കാണിക്കരുതു്. നമ്മുടെ ഇന്നത്തെ ജനകീയമന്ത്രിമാർ ഇരിക്കുന്ന സ്ഥാനത്തു് ഉണ്ടായിരുന്ന മുമ്പിലത്തെ മന്ത്രിസഭ, ഉദ്യോഗകാര്യങ്ങളിൽ പബ്ലിക്ക സർവ്വീസു കമ്മീഷനെ അവഗണിച്ചുകൊണ്ടു് നടത്തിയ കാര്യങ്ങൾ നോക്കുകയാണെങ്കിൽ, ഇങ്ങിനെയുള്ള ഒരു പബ്ലിക്കസർവ്വീസുകമ്മീഷനല്ലാ, ഇതിലും അധികാരവ്യാപ്തിയുള്ള ഒരു സർവ്വീസുകമ്മീഷൻ ആവശ്യമാണെന്നു തോന്നിപ്പോകും. ഈ അവസരത്തിൽ എനിക്കു് ഇവിടത്തെ മന്ത്രിമാരോടു പറയാനുള്ളതു മുമ്പിലത്തെ മന്ത്രിമാർ ചെയ്തതീത്തിട്ടുള്ള—ചിലകാര്യങ്ങളെകുറിച്ചാണു്. മന്ത്രിസഭ നിലനിർത്തുവാനും അവരുടെ പാർട്ടിയെ വളർത്തുവാനുമുള്ള പരിശ്രമമാണു് ഗവർമ്മെണ്ടു്, ഉദ്യോഗ നിയമനകാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നയം. അന്നത്തെമന്ത്രിമാർ പബ്ലിക്കസർവ്വീസുകമ്മീഷനുള്ള അവകാശംവകവച്ചു കൊടുക്കാതെ, യാതൊരു ഉത്തരവാദിത്വവുമില്ലാതെ ന്യായരഹിതമായി അവരുടെ പാർട്ടിയുടെ നിലനില്പിന്നവേണ്ടി, അവരുടെ പാർട്ടിയെ കൊച്ചീരാജ്യത്തു ശക്തിപ്പെടുത്താൻവേണ്ടി അക്രമമായ ചിലനിയമനങ്ങൾ നടത്തിയിട്ടുള്ളതു നമുക്കുകാണാൻ കഴിയും. ഫ ഫ ഹിന്ദിടീച്ചർമാരെ പബ്ലിക്ക സർവ്വീസുകമ്മീഷനോടു യാതൊന്നും എഴുതിചോദിക്കാതെയാണു പോകുന്നപോക്കിൽ അന്നത്തെ മന്ത്രിസഭ വെച്ചിട്ടുള്ളതു്. അന്നത്തെ ഭരണപരിഷ്കരണത്തിന്റെ പേജുകൾ മറിച്ചുനോക്കുന്നപക്ഷം ഈ വക അനീതികളെല്ലാം അവിടെതെളിഞ്ഞു കാണുവാൻ സാധിക്കും. ഈ ഫ ഫ നിയമനങ്ങളും ബാക്കിയുള്ളവരുടെ സീനിയാറ്റിനോക്കീട്ടില്ലാ, സാമുദായികക്രമം നോക്കീട്ടില്ലാ വെച്ചിട്ടുള്ളതു്. ഇങ്ങിനെയുള്ള ഉദ്യോഗനിയമനങ്ങൾ അനവധി പഴയ മന്ത്രിമാർ നടത്തിയിട്ടുണ്ടു്. അന്നത്തെ ചീഫ്സിക്രട്ടറിയുടെ ഭാര്യയുടെ അനുജത്തിയുടെ മകനെ ഫിഷറി ഇൻസ്പെക്ടറാക്കാൻവേണ്ടി എന്തെല്ലാം കോലാഹലമാണു് സിക്രട്ടറിയേറ്റിൽ നടത്തിയതു്. പബ്ലിക്കസർവ്വീസ് കമ്മീഷനോടാവശ്യപ്പെട്ടചീഫ്സിക്രട്ടറിയുടെ ഭാര്യയുടെ അനുജത്തിയുടെമകനെ ഉദ്യോഗത്തിൽവെക്കാൻ പക്ഷെ,അവരതുചെയ്തില്ല. കാരണം നിയമം അതിന്നനുവദിക്കുന്നില്ല. എന്നാൽ ചില പ്രത്യേക ശക്തികളും ഉപയോഗിച്ചു് അദ്ദേഹത്തെ ഉദ്യോഗത്തിൽ വെച്ചു. എത്രയോപേരുടെ അവകാശം അവഗണിച്ചും, സമുദായനീതി പാലിക്കാതെയുമാണു് ഈ നിയമം ഗവർമ്മെണ്ടുതന്നെ നേരിട്ടുനടത്തിയിട്ടുള്ളതു്. ആ ഉദ്യോഗസ്ഥൻ ഇപ്പോഴും ഉദ്യോഗത്തിൽ ഇരിക്കുന്നതായി നമുക്കു കാണാൻ സാധിക്കും. അതുപോലെ ഫുഡ്ഡിപ്പാർട്ടുമെണ്ടിൽ മൂന്നു ഉദ്യോഗസ്ഥകളെ ഒഴിവാക്കേണ്ട ഘട്ടം വന്നപ്പോൾ, അവക്കു യാതൊരുസ്ഥിരവുമില്ലാതിരുന്നതുകൊണ്ടു്, അവരെ ഒഴിവാക്കാതിരിക്കാൻവേണ്ടി അവർക്കു ഗവർമ്മെണ്ടു സിക്രട്ടറിയേറ്റിൽ സ്ഥിരം കൊടുക്കുകയും, മൂന്നുപേരും മൂന്നു് സിക്രട്ടറിയേറ്റിൽബാക്കിയുള്ള വരുടെതലക്കുമീതെ ജോലിനോക്കി വരികയുമാണു്. ഈ നിയമനങ്ങളുടെ കാര്യത്തിലും അന്നത്തെമന്ത്രിമാർ പബ്ലിക്ക് സർവ്വീസ് കമ്മീഷനോടു ചോദിച്ചില്ല. അവരുടെ അനുവാദം വാങ്ങിയില്ല. അതിനുള്ള കാരണം, അന്നത്തെ റവന്യൂമന്ത്രിയുടെ സഹോദരിയുടെ മകളായിരുന്ന അതിലൊരാൾ എന്നുള്ളതാണു്.അതുപോലെതന്നെ പോലീസ് കമ്മീഷണറാപ്പീസ്സിൽ ഒരു ടൈപ്പിസ്റ്റിന്റെ ഉദ്യോഗം ഒഴിവുവന്നു. അതിനെ സംബന്ധിച്ചു് അന്നത്തെ

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രി പബ്ലിക് സർവ്വീസ് കമ്മീഷനെഴുതി, എന്റെ സ്വന്തം ഒരാളുണ്ട്, അയാളെ അതിൽ വെക്കണം ഇതാണത്രെ അയാളുടെ ഉദ്യോഗത്തിനുള്ള യോഗ്യത. പബ്ലിക് സർവ്വീസ് കമ്മീഷൻ അതു സാധ്യമല്ലെന്ന മറുപടി അയച്ചു. അതിലും പബ്ലിക് സർവ്വീസ് കമ്മീഷനെ തട്ടിനീക്കി, ആ മന്ത്രി മഹാരാജാവിന്റെ തണലിൽനിന്നുകൊണ്ട് അദ്ദേഹത്തെ അവിടെ ടൈപ്പിസ്റ്റായി വെച്ചു.

Preeident: Order, order, it is improper to cast reflections on His Highness the Maharaja. It is the third time that the Hon'ble member is making the reference"

മിസ്റ്റർ കെ. ഐ. വേലായുധൻ : ഞാൻ ആ ഭാഗം പിൻവലിക്കുന്നു. ഇങ്ങിനെ മന്നോ, രണ്ടോ അല്ല, പാർട്ടിയുടെ പേരിൽ അന്നത്തെ മന്ത്രിമാരുടെ നിലനില്പിനുവേണ്ടി പബ്ലിക്കുസർവ്വീസ് കമ്മീഷനെ ധിക്കരിച്ചുകൊണ്ട് നടത്തിയിട്ടുള്ള നിയമനങ്ങൾ എത്രിനാണധികം പറയുന്നതു്. അന്നു് ചീഫ്സിക്രട്ടറി സ്ഥാനത്തിനർഹനായ മിസ്റ്റർ ബി. വി. കെ. മേനവനെ എന്തിനാണു് ദിവാൻപേഷ്കാരാക്കി മാറ്റിയതു്? അന്നത്തെ പാർട്ടിയുടെ ആവശ്യത്തിനുവേണ്ടിയല്ലെ? ഇന്നത്തെ മന്ത്രിസഭ എന്തുകൊണ്ടാണു് അദ്ദേഹത്തെ ആ സ്ഥാനത്തുതന്നെ വെച്ചതു്? ഇന്നുള്ള മന്ത്രിസഭ ന്യായമനുസരിച്ചു പ്രവൃത്തിച്ചു. ഇങ്ങിനെയുള്ള മന്ത്രിമാരുടെ കാലത്തു പബ്ലിക്കു്സർവ്വീസ്കമ്മീഷൻ പ്രവർത്തനം നടത്തിക്കൊണ്ടുപോകുകയാണെങ്കിൽ, അധികാരത്തിൽ വരുന്ന അതാതുപാർട്ടികളുടെ ആവശ്യമനുസരിച്ചു കമ്മീഷനു് പ്രവൃത്തിക്കേണ്ടിവരും. അങ്ങിനെ വന്നാൽ ഉദ്യോഗസ്ഥലോകത്തിനു യാതൊരു രക്ഷയും കിട്ടാൻ പോകുന്നില്ല. അധികാരത്തിൽ വരുന്ന പാർട്ടി പോകുന്നതോടുകൂടി, അവർ നിയമിച്ച ഉദ്യോഗസ്ഥന്മാരും രാജിവെച്ചു പോകേണ്ടിവരും. അതുകൊണ്ടു് അന്നന്നനിലവിലുള്ള ഗവണ്മെണ്ടിനു പബ്ലിക്കു് സർവ്വീസ് കമ്മീഷന്റെ മേൽ അധികാരം കൊടുക്കുകയാണെങ്കിൽ ഇത്തരം ദുർഘടങ്ങളുണ്ടാകും. വളരെയധികം രൂപ ഇന്നത്തെ പബ്ലിക്കു് സർവ്വീസ്കമ്മീഷനുവേണ്ടി ചിലവുവരുന്നുണ്ടെന്നു് ഇവിടെ ചിലർ പറയുകയുണ്ടായി. അതിനുള്ള കുറക്കർ ആരാണു്? അതിലെ മെമ്പർമാക്കു് ശമ്പളമെന്ന നിലയിൽ ൧,൨ ൦ ൦ ക. മാത്രമെ വരുന്നുള്ളൂ. സ്റ്റാഫിനു വേറെ ചിലവു വരുന്നുണ്ടെങ്കിൽ അതു വെട്ടിച്ചുരുക്കുവാൻ ശ്രമിക്കണം. മെമ്പർമാരെ പിരിച്ചുവിട്ടതുകൊണ്ടു ലാഭംകിട്ടുവാൻ പോകുന്നില്ല. കാരണം മുന്നുമെമ്പരുടെസ്ഥാനത്തു വലിയശമ്പളംകൊടുത്തു ഒരു ഉദ്യോഗസ്ഥനെ വെക്കേണ്ടിവരും. അപ്പോൾ ഉദ്ദേശിച്ച ലാഭം കിട്ടുകയില്ല. ആ വശ്യം ശരിക്കു നടക്കുകയുമില്ല. ഇവിടത്തെ ഭരണഘടനയുടെ നിയമമെഴുതിയുണ്ടാക്കാൻ ഇന്ത്യൻ യൂണിയനിലെ കോൺസ്റ്റിറ്റ്യൂവെൻറ് അസംബ്ലിയുണ്ടാക്കിയനിയമം ഇവിടെപകർത്താൻ, ആയിരം രൂപാശമ്പളംകൊടുത്തു് ഒരു കാൺസ്റ്റിറ്റ്യൂഷനൽ അഡ്വൈസരെവെച്ചു. ൫,൦൦൦ രൂപാശമ്പളമുള്ള ഈ ഉദ്യോഗസ്ഥൻ എഴുതിയുണ്ടാക്കിയ നിയമം പരിശോധിക്കാൻ വെച്ചിട്ടുള്ളതു് ൪൦൦ രൂപാശമ്പളമുള്ള ഒരു ഗവണ്മെണ്ടു സിക്രട്ടറിയെയാണു്. ഏതു രാജ്യത്തുനടപ്പുള്ള പ്രവൃത്തിയാണിതു്! അദ്ദേഹത്തിന്റെ പ്രവർത്തനംകഴിഞ്ഞു എങ്കിലും ആ ഉദ്യോഗം ഇന്നും ഇവിടെ നിലവിലുണ്ടു്, നിയമം ഒട്ടുപാസ്സായിട്ടുമില്ല.

എന്റെ മാന്യസ്നേഹിതന്മാരിൽ ചിലർ ഇവിടെ പറയുകയുണ്ടായി, ഇവിടെ പബ്ലിക്കു്സർവ്വീസ്കമ്മീഷനല്ല, സ്റ്റാഫ്സെലക്ഷൻ ബോർഡാണാവശ്യമെന്നു്. അതിനോടു ഞാൻ യോജിക്കുന്നില്ല. ഇതുപറഞ്ഞിട്ടുള്ള എന്റെ മാന്യസ്നേഹിതന്മാർ തന്നെ സമ്മതിക്കുന്നുണ്ടു്, പ്രജായത്തഭരണം സ്ഥാപിച്ചിട്ടുള്ള ഏതുനാട്ടിലും പബ്ലിക്കു് സർവ്വീസ്കമ്മീഷൻ സ്ഥാപിച്ചിട്ടുണ്ടെന്നു്. പബ്ലിക്കുസർവ്വീസ് കമ്മീഷനിലെ ഉദ്യോഗസ്ഥന്മാർ എന്തെങ്കിലും തെറ്റുചെയ്തിട്ടുണ്ടെങ്കിൽ, അവർ നിയമം ലംഘിച്ചിട്ടുണ്ടെങ്കിൽ അവരെ ശിക്ഷിക്കുവാനൊ മാറ്റം ചെയ്യുവാനൊ ഉള്ള അധികാരം ഇന്നത്തെ ഗവണ്മെണ്ടിനുണ്ടു്. പിന്നെ എന്തിനവരെ ഭയപ്പെടണം? പക്ഷെ, ഭയപ്പെടേണ്ടതു്, മന്ത്രിമാരുടെ ഇംഗിതമനുസരിച്ചും, അവരുടെ പാർട്ടിയുടെ താല്പര്യമനുസരിച്ചും പ്രവൃത്തിക്കുന്ന പബ്ലിക്കു് സർവ്വീസ്കമ്മീഷനെയാണു്. അങ്ങിനെ ചെയ്യാത്ത പബ്ലിക്കു് സർവ്വീസ്കമ്മീഷനെ നാം ഭയപ്പെടേണ്ട ആവശ്യമില്ല. പബ്ലിക്കു് സർവ്വീസ്കമ്മീഷനിൽ മൂന്നംഗങ്ങൾ അത്യന്താപേക്ഷിതമാണു്. ഇവിടെ സാമുദായികനീതി പുലരണമെങ്കിൽ കുറഞ്ഞതു രണ്ടുമൂന്നു സമുദായങ്ങളിലെ അംഗങ്ങൾ ഈ കമ്മീഷനിൽ ഉണ്ടായിരിക്കണം. ഇവിടെ എന്തെങ്കിലും കുഴപ്പമുണ്ടായിട്ടുണ്ടെങ്കിൽ, എന്തെങ്കിലും ഭരണക്കുടത്തെ ഈ രാജ്യത്തു തകിടംമറിച്ചിട്ടുണ്ടെങ്കിൽ, തീർച്ചയായും നമുക്കു കാണുവാൻ സാധിക്കുന്നതു് ഇങ്ങിനെയുള്ള സാമുദായിക ഉദ്ദേശങ്ങളുടെ പ്രത്യക്ഷമായും പരോക്ഷമായും ഉള്ള പ്രവർത്തനത്തിന്റെ ഫലമായിട്ടാ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. I. Velayudhan]

ണെന്നു്. തിരുവിതാംകൂറിലെ മന്ത്രിസഭതന്നെ അതിനുദാഹരണമായെടുക്കാം. അതുകൊണ്ടു എനിക്കപറയാനുള്ളതു് പബ്ളിക്കു് സർവ്വീസു് കമ്മീഷൻ തന്നെ നിയമനങ്ങളും നടത്തട്ടെ, മൂന്നു പ്രത്യേക അംഗങ്ങളെ അതിൽവെച്ചു അവക്കു പൂർണ്ണാധികാരം കൊടുത്താൽമതി യെന്നുണ്ടു്. അങ്ങിനെയായാൽ അതിന്റെ പ്രവർത്തനം ശരിക്കുനടക്കുമെന്നു പറഞ്ഞു കൊണ്ടു് ഞാൻ ഖണ്ഡനോപക്ഷേപത്തെ പിന്താങ്ങിക്കൊള്ളുന്നു.

The House rose for the lunch at 5.30 p. m. and reassembled at 6 P. M. with the Hon'ble President in the chair.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: മിസ്റ്റർ പ്രസിഡണ്ടു് സർ, ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു. പക്ഷെ, ഇപ്പോഴുള്ള പബ്ലിക്കു സർവ്വീസു കമ്മീഷനിലെ മൂന്നുപേരെ അങ്ങിനെതന്നെ നിർത്തണമെന്നുള്ള വക്കീൽ വാദമല്ല എനിയ്ക്കുള്ളതു്.

മിസ്റ്റർ കെ. ഐ. വേലായുധൻ: അവർ തെറ്റു ചെയ്തിട്ടുണ്ടെങ്കിൽ അവരെ മാറ്റി വേറെ മൂന്നാളെ വയ്ക്കണം.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ഈ മൂന്നു സമുദായക്കാർ മാത്രമല്ലാ ഈ രാജ്യത്തുള്ളതു എന്നുള്ള വിശ്വാസത്തോടുകൂടിയാണു ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നതു്. പല സമുദായക്കാരുമുള്ള ഈ രാജ്യത്തു, എല്ലാവക്കും നീതി ലഭിയ്ക്കേണ്ട ഈയവസരത്തിൽ കേവലം മൂന്നു സമുദായത്തിൽനിന്നുള്ള ആളുകൾ മാത്രം അതിൽ മതിയെന്നു വാദിക്കുന്നതു യുക്തിഹീനതയെ ഇവിടെ ചൂണ്ടിക്കാണിയ്ക്കാതെ നിവർത്തിയില്ല.

മിസ്റ്റർ കെ. ഐ. വേലായുധൻ: ഇവിടത്തെ ഹൈക്കോടതിയിൽ എത്രയെല്ലാം സമുദായങ്ങളിൽ നിന്നുള്ള എത്ര ജഡ്ജിമാരാണുള്ളതു്; എന്താണതിന്റെ ന്യായം?

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: കഴിഞ്ഞ മന്ത്രിസഭ ചെയ്ത ചില അനീതികളെ എന്റെ ചില സുഹൃത്തുക്കൾ ഇവിടെ ചൂണ്ടിക്കാണിച്ചു, അതിനോടു ഞാനും പൂർണ്ണമായി യോജിക്കുന്നു. പക്ഷെ അതുമാതിരിയുള്ള ന്യൂനതകൾ ഇവിടെ ഉണ്ടാകാനിടയായ സംഗതിയിലേയ്ക്കാണു നമ്മുടെ ഗവർമ്മെണ്ടിന്റെ ശ്രദ്ധയെ കേന്ദ്രീകരിപ്പിയ്ക്കേണ്ടതു്. പബ്ലിക്കു സർവ്വീസു കമ്മീഷൻ ഇവിടെ ശരിയായി പ്രവർത്തിച്ചിട്ടില്ലായെന്നുണ്ടെങ്കിൽ അതിന്നുള്ള കാരണം അവരുടെ പ്രവർത്തനത്തെ കേന്ദ്രീകരിപ്പിക്കുന്നതിന്നുള്ള നിയമങ്ങൾ ഇവിടെ ഉണ്ടായിരുന്നില്ലായെന്നുള്ളതാണു്. പബ്ലിക്കു സർവ്വീസു കമ്മീഷൻ ഇവിടെ ശരിയായി പ്രവർത്തിയ്ക്കുന്നില്ലെന്നു ബോദ്ധ്യപ്പെട്ടാൽ അതിന്നു വേണ്ട അടിയന്തിരമായ നടപടികളെടുത്തു വേണ്ടത്തക്ക മാറ്റങ്ങൾ ഉണ്ടാക്കാൻ ആരംഭിയ്ക്കാതിരുന്നതിൽ തന്നെയാണു് സർവ്വീസു കമ്മീഷന്റെ ഇതേവരെയുള്ള പ്രവർത്തനത്തിന്റെ വൈകല്യമിരിക്കുന്നതു് എന്നു ഞാൻ ഗവർമ്മെണ്ടിനെ അനുസ്മരിപ്പിക്കുന്നു. മാറ്റങ്ങൾ ഉണ്ടാക്കിയശേഷം അതിനാവശ്യമായ ഉദ്യോഗസ്ഥന്മാരെ സൃഷ്ടിച്ചിരുന്നുവെങ്കിൽ തീർച്ചയായും ഇന്നത്തെ മാതിരിയുള്ള വൈകല്യങ്ങൾക്കൂടാതെതന്നെ അതിന്റെ പ്രവർത്തനം നടക്കുമായിരുന്നു. നിഷ്പക്ഷമതിയായ ഒരാൾ ഉണ്ടെങ്കിൽ തന്നെ ഈ കാര്യം തികച്ചും വിജയിപ്പിക്കുന്നതിന്നു സാദ്ധ്യതയുണ്ടു്. ഒരാൾക്കുതന്നെ വേണ്ടുവോളം ജോലി ചെയ്യുവാനില്ല. ഈ നിലക്കു് ഒന്നിലധികം ആളുകൾ വേണമെന്നു പറയുന്ന കാര്യം ശരിയാണെന്നു എനിയ്ക്കു് വിശ്വാസമില്ല. ഒരു മാസത്തിൽ ഏകദേശം ൨൦൦ ഉദ്യോഗങ്ങളിൽ കൂടുതൽ നിയമനം നടത്തേണ്ട ചുമതല ഇവിടത്തെ പബ്ളിക്കു സർവ്വീസു കമ്മീഷനില്ല. ഇങ്ങിനെ ഇരുന്നൂറോ, മുന്നൂറോ ഉദ്യോഗസ്ഥന്മാരെ പകരത്തിന്നോ സ്ഥിരത്തിന്നോ, നിയമിക്കേണ്ട ജോലി ചെയ്യുന്നതിന്നു തടിച്ച ശമ്പളം വാങ്ങുന്ന മൂന്നു നാലു ഉദ്യോഗസ്ഥന്മാർ ആവശ്യമാണെന്നു വാദിച്ചാൽ അതു ബാലിശമായ ഒരു വാദമാണെന്നു ഞാൻ പറയും. ആയിരമോ, അതിൽ കൂടുതലോ ജനങ്ങളെടുത്തു നിഷ്പക്ഷമതിയായ ഒരു ഉദ്യോഗസ്ഥനെ വച്ചാൽ ഈ കാര്യം നടക്കും. തിരുവിതാംകൂറിന്റെയും, മദ്രാസിന്റെയും കാര്യം ചിലർ ഇവിടെ ഉദ്ധരിച്ചു. തിരുവിതാംകൂറിൽ ഒരാൾമാത്രമാണുള്ളതു്. കൊച്ചിയേക്കാൾ നാലഞ്ചിരട്ടി വലിപ്പമുള്ള തിരുവിതാംകൂറിൽ നിഷ്പക്ഷമതിയായ ഒരു ഉദ്യോഗസ്ഥൻ ഈ കൃത്യം നിർവ്വഹിക്കുന്നുണ്ടെങ്കിൽ, എന്തുകൊണ്ടു കൊച്ചിയിൽ അങ്ങിനെയുള്ള ഒരു ഉദ്യോഗസ്ഥനു ഈ കൃത്യം നിർവ്വഹിച്ചുകൂടാ? സ്റ്റാഫ് സെലക്ഷൻബോർഡിന്റെ നിയമപരിധിയിലുള്ളതിനേക്കാൾ കൂടുതലായി ഉദ്യോഗനിയമനംനടത്താൻ ഇന്നത്തെ സർവ്വീസുകമ്മീഷനു സാദ്ധ്യമില്ലായെന്നു വരുമ്പോൾ അങ്ങിനെയുള്ള സർവ്വീസുകമ്മീഷ

LIBRARY ARCHIVES Kerala Legislative Assembly

നേയോ, ആ സബ്ജീസു കമ്മീഷനിൽ ഇരിക്കുന്ന ഉദ്യോഗസ്ഥന്മാരേയോ കൊണ്ട് നമുക്ക് എന്ത് പ്രയോജനമാണുള്ളതു?

സർ, പഴയ സ്റ്റാഫ് സെലക്ഷൻ ബോർഡു് മതിയെന്ന അഭിപ്രായം ഇവിടെ ചിലർ ഉന്നയിക്കുകയുണ്ടായി. പഴയ സ്റ്റാഫ് സെലക്ഷൻ ബോർഡിന്റെ കാലത്തു് ഉണ്ടായ പ്രവർത്തനങ്ങളിൽ എല്ലാ സമുദായക്കാർക്കും വേണ്ടിടത്തോളം നീതി ലഭിച്ചിരുന്നില്ലായെന്നുള്ളതിനു മതിയായ തെളിവുകൾ എനിക്കിവിടെ ഹാജരാക്കുവാൻ കഴിയും. എതാനും കൊല്ലങ്ങളായി മാത്രം ഉദ്യോഗം ലഭിച്ചുകൊണ്ടിരുന്ന അധഃകൃതവിഭാഗത്തിൽപെട്ട ആളുകൾക്കു്, സ്റ്റാഫ് സെലക്ഷൻ ബോർഡിന്റെ കാലത്തു വളരെ ദയനീയമായ അനുഭവമായിരുന്നുണ്ടായിരുന്നതു് എന്നുള്ളതു് ഈ നിയമസഭയിൽ തന്നെ ഞാൻ ചെയ്തിട്ടുള്ള നിവേദനങ്ങളിൽനിന്നു മനസ്സിലാക്കുവാൻ കഴിയുന്നതാണു്. പുലയരൊഴിച്ചുള്ള അധഃകൃതവിഭാഗത്തിൽപെട്ടവർക്കു് ഉദ്യോഗങ്ങൾ കിട്ടാൻ സാദ്ധ്യമേ ആയിരുന്നില്ല. അതിനുള്ള കഴിവുകൾ ഉണ്ടാകണമെന്നു ഞാൻ ആവർത്തിച്ചാവർത്തിച്ചു നിവേദനം ചെയ്തതിന്റെ ഫലമായി ഈ ജാതിക്കാരുണ്ടായിരുന്ന ഒരു വിഭാഗത്തിൽനിന്നു പുലയരൊഴിച്ചുള്ള മറാധഃകൃതർക്കു് ചില പ്രത്യേക പരിഗണനകൾ അനുവദിക്കുകയുണ്ടായി. അതിനു മുമ്പു നീതി പാലിച്ചിരുന്നു എന്നുണ്ടെങ്കിൽ തീച്ചയായും ഈ വിഭാഗത്തിൽപ്പെട്ട അധഃകൃതർക്കു് ഉദ്യോഗങ്ങൾ കിട്ടാൻ വലിയ ബുദ്ധിമുട്ടുണ്ടാകുമായിരുന്നില്ല. എതാനും മാസങ്ങളിൽ ഉണ്ടായ നിയമനങ്ങളുടെ പട്ടിക ഇവിടെ പ്രസ്ഥാവിച്ചുകൊണ്ടു് അതിലേക്കു് ഈ നിയമസഭയുടെ ശ്രദ്ധയെ ക്ഷണിക്കുകയുണ്ടായി. ആ നിയമനങ്ങളിൽ അധികവും സേവയും, ശുപാർശയുമനുസരിച്ചുണ്ടായിട്ടുള്ളതാണു്. ചുമതലപ്പെട്ട സിക്രട്ടറിയേറ്റിലെ ഒന്നു രണ്ടുദ്യോഗസ്ഥന്മാർ ചേർന്നു ഒരു ബോർഡായിരുന്നു അന്നു നിയമനങ്ങൾ നടത്തിയിരുന്നതു്. അവർക്കു് ഇഷ്ടമുള്ള തരത്തിൽ പ്രവർത്തനം നടത്തുവാൻ സാധിച്ചു. അതുപോലെയുള്ള ഒരു സ്റ്റാഫ് സെലക്ഷൻ ബോർഡാണു് ഇന്നത്തെ പബ്ലിക്ക സബ്ജീസു കമ്മീഷന്റെ സ്ഥാനത്തു് ഉണ്ടാകേണ്ടതു് എന്നാണു് ബഹുമാനപ്പെട്ട സാമാജികന്മാർ അഭിലഷിക്കുകയും, ആഗ്രഹിക്കുകയും വാദിക്കുകയും ചെയ്യുന്നതു് എങ്കിൽ അതിനെ ഞാൻ എതിർക്കുകതന്നെ ചെയ്യും. ഇവിടെ നമുക്കു വേണ്ടതു സ്റ്റാഫ് സെലക്ഷൻ ബോർഡോ, സബ്ജീസു കമ്മീഷനോ എന്നുള്ളതല്ല. നീതി പുലരണം എന്നുള്ളതു മാത്രമാണു്. അതിനുള്ള കഴിവുണ്ടാകണം. അതിനു നാലാളായാലും, വിരോധമില്ല, ഒരാളായാലും വിരോധമില്ല. അതിന്റെ രൂപകൽപ്പനയിൽ നിയമനങ്ങൾ നടത്താനുള്ള കഴിവുകൾ ഉണ്ടാകണം. നിയമനം നടത്തുവാൻ നിയുക്തനാകുന്ന ആൾ സേവയിലും, ശുപാർശയിലും കുടുങ്ങാതെ, മറ്റുള്ളവരുടെ ഇൻഫ്ലുവൻസിൽ കുടുങ്ങാതെ ഇവിടത്തെ പാവപ്പെട്ട ഉദ്യോഗാർത്ഥികളോടു് നീതിപൂർവ്വം പെരുമാറാൻ മനഃസ്ഥിതിയുള്ള ആളായിരിക്കണം. അതിന്റെ അടിസ്ഥാനത്തിൽ കർശനമായ നിയമങ്ങൾ ഉണ്ടാകണം. അതിനു ശേഷം ആ നിയമങ്ങൾ അക്ഷരംപ്രതി പാലിക്കുവാൻ ബദ്ധകങ്കണനായ ഒരു ഉദ്യോഗസ്ഥൻ മാത്രം മതിയാകും. അദ്ദേഹം പ്രവർത്തിയ്ക്കുന്ന സബ്ജീസുകമ്മീഷനോ സ്റ്റാഫ് സെലക്ഷൻ ബോർഡോ ഇവിടത്തെ ഗവൺമെന്റിന്റേയോ, മന്ത്രിമാരുടേയോ, അധികാരത്തിൽനിന്നു വിട്ടു നില്ക്കുണമെങ്കിൽ അങ്ങിനെ ചെയ്തുകൊള്ളട്ടെ, പക്ഷെ, അദ്ദേഹം മറ്റുള്ളവരിൽനിന്നുള്ള നിയന്ത്രണമില്ലാതെ ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിനുള്ള രൂപകൽപ്പന വഴക്കുള്ളതായിരിയ്ക്കുണമെന്നു മാത്രമേ ഞാൻ ഇവിടെ പറയുന്നുള്ളൂ. നിഷ്പക്ഷമതിയായ ഒരു ഉദ്യോഗസ്ഥനുള്ള സബ്ജീസു കമ്മീഷൻ ഉണ്ടാകുമെങ്കിൽ ഞാൻ അതിനെ സ്വാഗതം ചെയ്യും. നല്ല ശമ്പളം കൊടുത്താലും തരക്കേടില്ല, അങ്ങിനെയുള്ള ഒരാളെ നിയമിയ്ക്കുണമെന്നുള്ള കാര്യത്തിലേയ്ക്കാണു് എനിക്കു് ഈ സഭയുടെ ശ്രദ്ധയെ ക്ഷണിയ്ക്കാനുള്ളതു്. ഇപ്പോഴത്തെ സബ്ജീസ്സു കമ്മീഷൻ ഒരു വെള്ളാനതന്നെ.

മിസ്റ്റർ കെ. കുഞ്ഞിരാമൻ മേനോൻ: സർ, ഞാൻ ഈ ഉപക്ഷേപത്തെ പിന്താങ്ങുന്നു. എന്റെ സ്നേഹിതൻ, ബഹുമാനപ്പെട്ട കുന്നംകുളം മെമ്പർ പബ്ലിക്ക സബ്ജീസു കമ്മീഷൻ പ്രമേയം നിയമസഭയിൽ പാസായില്ലാ, തള്ളിപ്പോയി എന്നു പറയുകയുണ്ടായി. അതിനെ സംബന്ധിച്ചു പറയുകയെന്നുള്ളതാണു് എന്റെ ഉദ്ദേശം. പബ്ലിക്ക സബ്ജീസു കമ്മീഷനെ സംബന്ധിച്ചുള്ള നമ്പർ സെലക്ഷൻ ഫ്രം മകരം റിപ്പോർട്ട് ഈ നിയമസഭയിൽ വരുകയും ബഹുമാനപ്പെട്ട കുന്നംകുളം മെമ്പർ അന്നിവിടെ ഉണ്ടായിരുന്ന സന്ദർഭത്തിൽ അതിവിടെ പാസ്സാക്കുകയും ചെയ്തിട്ടുണ്ടു്. അതിൽ പങ്കെടുത്തു വോട്ടുചെയ്യുവാനുള്ള ഭാഗ്യവും എനിക്കുണ്ടായി. ൪ ക, ൦ ൦ ൦ രൂപ ചിലവു വരുന്ന ഉദ്യോഗസ്ഥാപനത്തിനു വേണ്ടിയാണു് ഇതു് എന്നു അന്നു ഞാൻ അറിഞ്ഞിരുന്നു എങ്കിൽ അതിൽ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Kunhirama Menon]

പങ്കുകൊള്ളുകയില്ലായിരുന്നു. ആ റസല്യൂഷന്റെ തത്വം സാമുദായിക പ്രാതിനിദ്ധ്യത്തിനു യാതൊരു ഹാനിയും വരാതെ എഫിഷൻസി നോക്കി സർവ്വീസ്സിൽ ആളുകളെ നിയമിക്കണം എന്നുള്ളതു മാത്രമാണ്. അന്നു വലിയ വാദപ്രതിവാദത്തിനു ശേഷം ഫ ൫ വോട്ടുകൾക്കു എതിരായി ൧൨ വോട്ടിന്റെ ഭൂരിപക്ഷത്തോടുകൂടി നിയമസഭ അതു പാസ്സാക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ പബ്ലിക്ക് സർവ്വിസു കമ്മീഷന്റെ ആവശ്യത്തിലേക്കായി വമ്പിച്ച ഭീമമായ സംഖ്യ ചിലവുചെയ്യുന്ന ഉദ്യോഗം സൃഷ്ടിക്കുന്നതിനുള്ള കല്പന യുണ്ടായി. വാസ്തവത്തിൽ ആ കല്പന കുതിരക്കു മുമ്പിൽ വണ്ടിപൂട്ടുന്ന ഒരു സമ്പ്രദായമാണ്. ഈ സമ്പ്രദായം മാറി കുതിരക്കു പിന്നിൽ വണ്ടിപൂട്ടുന്ന സമ്പ്രദായം ഉണ്ടാകണം. എന്തിനാണ് ഇത്രവലിയ ശമ്പളം കൊടുത്തു് ഉദ്യോഗസ്ഥന്മാരെ വച്ചിട്ടുള്ളതു്? കൊച്ചിയിലെ പാവപ്പെട്ട കർഷകരുടെ രക്തത്തുള്ളിയിൽനിന്നു പിരിച്ചെടുക്കുന്ന നികുതിയിൽ ഒരു വലിയഭാഗം ഇവിടത്തെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിനുവേണ്ടിയാണു് ഉപയോഗിക്കുന്നതു് എന്നാണു പറയുന്നതു്. ൪൫,൦൦൦ രൂപ ഈ ആവശ്യത്തിലേക്കുവേണ്ടി ചിലവാക്കുന്നതു കൊണ്ടു് വാസ്തവത്തിൽ അവരുടെ രക്തം ഊറ്റികുടിക്കുകയാണു് ചെയ്യുന്നതു്. ഇങ്ങിനെയുള്ള സമ്പ്രദായം ഇനി വച്ചുകൊണ്ടിരിക്കുവാൻ പാടില്ല. ൨൪ മണിക്കൂറിനുള്ളിൽ അതു പിരിച്ചുവിടണമെന്നാണു് ഞാൻ പറയുന്നതു്. പബ്ലിക്ക സർവ്വീസു് കമ്മീഷൻ ഉണ്ടാക്കീട്ടുള്ളതു സമുദായങ്ങൾക്കു് ന്യായമായ വിധത്തിലുള്ള അവകാശം വകവെച്ചുകൊടുത്തു പ്രവർത്തിക്കാനാണു്. അതിനു വേണ്ടിയാണു് ഇപ്പോൾ മൂന്നുപേരെ നിയമിച്ചിട്ടുള്ളതു്. അവർക്കു വലിയ ശമ്പളവും കൊടുക്കുന്നുണ്ടു്. എഫിഷൻസി നോക്കി ആക്കാണു് കൂടുതൽ മാർക്കു കിട്ടുന്നതു് എന്നു വച്ചാൽ ആനുപാതികമായ ജാതിക്രമമനുസരിച്ചു് ഉദ്യോഗം കൊടുക്കണം. അങ്ങിനെയുള്ള ഒരു പബ്ലിക്ക സർവ്വീസു് കമ്മീഷനു് ൪൦൦ രൂപയിൽ കൂടുതൽ ചിലവു ചെയ്യരുതു് എന്നു നിശ്ചയിക്കണം. ആളുകൾ എത്രയുണ്ടായാലും ൪൦൦ രൂപയിൽ കൂടുതൽ ചിലവാക്കരുതു്. ബഹുമാനപ്പെട്ട ഈ നിയമസഭയിലെ മെമ്പർമാർ അതിനുവേണ്ടി പ്രവർത്തിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: സർ, പബ്ലിക്സർവ്വീസ് കമ്മീഷൻ ചിലവു് അധികം വരാത്തവിധത്തിൽ കൊണ്ടുനടക്കാൻ സാധിക്കുമോ എന്നാണു നാം നോക്കേണ്ടതു്. ചിലവു ചുരുക്കണമെന്നുള്ള കാര്യത്തിൽനാം ജാഗ്രതയായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു ഈ അവസരത്തിൽ അരലക്ഷത്തോളം രൂപാകൂടുതൽ ചിലവു് ഇതിനത്തിൽ വരുകയെന്നുള്ളതു് അത്ര നല്ല ഒരു കാര്യമല്ല. എങ്കിലും അത്യാവശ്യത്തിനുവേണ്ട സംഗതികൾക്കു ചിലവു ചുരുക്കണമെന്നു എനിക്കഭിപ്രായമില്ല. എന്നാൽ ഉദ്യോഗനിയമനകാര്യങ്ങളെപ്പറ്റിയുള്ള സംഗതികൾ ആലോചിക്കുമ്പോൾ ആദ്യമായി നോക്കേണ്ടതു കാര്യക്ഷമതയാണു്. അതുവഴിക്കു ഇവിടത്തെ സമുദായങ്ങളോടു നീതി പാലിക്കേണ്ട ആവശ്യവുമുണ്ടു്. സ്റ്റാഫ്സിലക്ഷൻബോർഡ് നിയമനങ്ങൾകൊണ്ടാണു് ഇവിടെ സാമുദായിക നീതി പാലിക്കാൻ ഉദ്ദേശിച്ചിരുന്നതു്. എന്നാൽ അതിന്റെ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച മാതിരി ആയില്ലായെന്നു ബഹുമാനപ്പെട്ട ഡപ്യൂട്ടി പ്രസിഡണ്ടു് പറഞ്ഞ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നു. പക്ഷെ ഇപ്പോഴുള്ള സർവ്വീസ്കമ്മീഷൻ ഏതു നിയമംവഴി ജോലി ചെയ്യണമെന്നു നാം ഉദ്ദേശിക്കുന്നുവോ, ആ നിയമങ്ങൾ ഇവിടെ ഉണ്ടാക്കുന്നതുവരെ സ്റ്റാഫ്സിലക്ഷൻബോർഡിന്റെ പരിധിയിൽപെട്ട നിയമങ്ങൾ കൂടുതൽ നിഷ്കൃഷ്ടതയോടുകൂടി സാമുദായികനീതി പാലിച്ചുകൊണ്ടു നടത്തേണ്ടതാണു്. തല്ക്കാലം കൂടുതൽ ശമ്പളമുള്ള നിയമനങ്ങൾ മന്ത്രിമാർ തന്നെ നടത്തട്ടെ എന്നു തീരുമാനിക്കുകയാണെങ്കിൽ അതിലെന്താണു് തരക്കേടെന്നു് ഒന്നാലോചിക്കുന്നതോ? മന്ത്രിമാർ ഒരു കക്ഷിയിൽപെട്ട ആളുകളായതുകൊണ്ടു് ആ പാർട്ടിയിൽപെട്ട അംഗങ്ങളോടു് കൂടുതൽ അനുകൂലമായി പെരുമാറേണ്ടിവരും എന്നുള്ള ആക്ഷേപം ഉണ്ടായേക്കാം. അപ്രകാരമുള്ള ആക്ഷേപം വരാതിരിപ്പാൻവേണ്ടി ഒരു അനുദ്യോഗസ്ഥകമ്മിറ്റിയെ, എല്ലാ പാർട്ടിയിലുംപെട്ട, വിവിധജാതി അംഗങ്ങളെ പ്രതിനിധികരിക്കുന്ന ഒരനുദ്യോഗസ്ഥ കമ്മിറ്റിയെ നിയമിച്ചു മന്ത്രിമാക്കു് ഉദ്യോഗ നിയമനങ്ങൾ നടത്താൻ സാധിക്കുമെന്നുവന്നാൽ വലിയ ചിലവു കൂടാതെ നാം ഉദ്ദേശിക്കുന്ന കാര്യങ്ങൾ സാധിക്കുമെന്നാണു് എനിക്കു തോന്നുന്നതു്.

Mr. C. A. Ouseph *(Minister for Education and Public Health)*: On behalf of my colleagues and myself, I thank the Hon'ble Member for Trichur (North) for having brought this cut motion to draw the attention of this House to a very important and, at the same time, a very thorny question which has been baffling not only this Government but many other Governments in several

LIBRARY ARCHIVES Kerala Legislative Assembly

parts of India. I may just give the history of the Staff Selection Board and its successor the Public Service Commission which has now come for consideration and criticism of this Assembly. While I was sitting on the other side and commenting upon the vagaries of the Departmental Heads who formed the Treasury Benches on this side, I remember how I along with my friend Mr. Ayyappan and others attacked the Treasury Benches for the many vagaries which were being commited and the inequalities perpetrated by the Government in the matter of appointments. A solution was finally found by the Government by introducing the Staff Selection Board. Certain Rules ware framed but, as in all other matters, rules can never be perfect. With the best of intelligence and with the best of efforts, we may try to reach the ideal but in such matters, ideals are practically impossible to reach. We may strive at perfection, but we cannot have absolute perfection. It was found that the Rules under which the Staff Selection Board was working—and I may add the vagaries of some Departmental Heads gave room for very pungent criticisms on the floor of this House and a Committee was appointed of which Cheveliar C. V. Antony was the President. Certain recommendations were made, certain Rules were framed. By the adoption of the new rules it was found that the working had improved. But then, it was found that the selections made by the Staff Selection Board led to inefficiency in the Government Service. That, in fact, was also a finding to which the Antony Committee had come to. It was thereafter that the cry was raised that there should be a Public Service Commission appointed by the Government with wider powers—even powers of conducting examinations and tests. More than once the proposition that there should be a Public Service Commission was moved on the floor of this House but was never carried. I am edified by the information given by my friend the Hon'ble Member for Cheruthuruthy that such a motion has been carried. That is, a motion for a Public Se.vice Commission. As far as I am aware, the motion for a Public Service Commission, as such did not get the approval of the majority of this House. In 1123 by Act 1/1123 the Public Service Commission was brought into being. We have to remember that it was with the transfer of much wider powers, powers, by far larger than had been possessed by this House and the Ministers selected by His Highness—it was then that the Public Service Commission was instituted in the State with much wider powers than the Staff Selection Board. Why it was so suddenly done, why Rules were not framed before the Public Service Commission was brought into being are not matters relevant to the issue that has been raised here. It is a fact that Rules were not framed—I see on the 15th September 1947—that will be soon after the institution of the Public Service Commission about the 15th of Chingam 1123—the statutory powers of the Commission under the Act were kept in abeyance by a Government Notification. Under the Act wider powers were intended to be given to the Public Service Commission. They were all kept in abeyance because the Rules had not been passed. Time passed. All the members of the Ministry that was in power at that time resigned—I believe in Thulam 1123. Then another Ministry came into power.

By the way, I may say a word regarding some of the statements made by the Hon'ble Members in reference to the previous Ministry, I would enjoin upon the members that courtesy demands that our references to our predecessors should be both in language and in spirit unobjectionable. Men may go wrong. Ministers may go wrong. But there is a way of drawing the attention of the House and of the Public to their mistakes. Personal criticism is irrelevant and out of place in such matters. I mention this only by the way and in passing. We may not be here sometime after. We may be making mistakes. And I believe that those who come after us will deal with the same courtesy which I request the Hon'ble Members to entertain to our prodecessors.

Sir, I shall proceed. Rules were framed; then the Rules were examined in the Secretariat by very high Officers; there was criticism—very wide criticism regarding even the doings of the Public Service Commission so that very close scrutiny was necessary, necessary in order to make the rules as comprehensive as possible, in order to see that no loop-hole is left to any Government servant, however wicked and manovouring he may be to serve his ends by putting this man here and another man there just as we heard now. An instance came to my notice the other day, and it was referred to by my friend the Member for Labour, that one who was in some department was transferred to the Food Department and the employee in the Food Department was sent away to the department from where the other man came and the man transferred to the Food Department had to go out two days after he joined the Food Department. I have made my own remarks on the manipulations made by the persons concerned and I am sure my colleagues and myself will not fail to take suitable action on such vagaries.

LIBRARY ARCHIVES Kerala Legislative Assembly

Now, Sir, it was found that the rules made were not sufficient to avoid the inequities and inequalities which were found to have resulted and which may possibly result in future. A special officer was appointed and he has framed certain rules—more or less following the Madras Rules—with some modifications. The rules are before this Government and are receiving our earnest attention.

The observations made by the Hon'ble members here will be duly considered by this Government and in referring to this I may say what terrible head-ache this matter must cause not only to this Government but to all the members also. I heard the opinions of the various members expressed—these are the opinions I have noted. Some said that the Public Service Commission is absolutely necessary; others said it is not at all necessary and that the Staff Selection Board is more than sufficient. Some said that large amounts should be spent on Public Service Commission. Another just now said you should not spend more than Rs. 500 a month. Some said wide powers should be given to the Public Service Commission, others said they should be independent, but there were remarks made here that their powers should be curtailed, that they should be subject to the control of the Ministry; and then came the criticism that then they will be the henchmen of the Ministry, that they cannot be independent and they cannot be dependent upon to do justice. These are the different opinions which have been voiced here in this matter. In fact, it is a very difficult matter to lay down rules so that we may get maximum justice possible and to avoid maximum inquality. This Government will, very soon, I may assure the House, pass orders not only upon the rules, but if necessary to amend the provisions regarding the Public Service Commission in this Act itself. I cannot now prophesy what shape the final rules and the final provision regarding the Public Service Commission will take, but on behalf of my colleagues and myself I may say that it was with much anxiety that during the last two months every time we met in Cabinet we have been discussing this matter. The views that have been expressed before us will be duly considered and duly weighed and we hope—God help us—we will be able to produce something which will give satisfaction to all the communities and help to avoid the vagaries and inqualities, which bave been referred to by the Hon'ble Members of this House. If necessary we will be taking the opinion of either committee's or members, selected members of this House. And then the opinions found expressed in regard to the civil service, etc., that also may come in along with the Public Service Commission. The grouping of departments, etc.,—all these are matters coming up along with the Public Service Commission. Finally I may assure the House that rules will be soon passed, that necessary modifications in the provisions in the Act itself in regard to the Public Service Commission will be made so that the rules may be operative. I believe that my Hon'ble friend, the Member from Trichur and the members of this House will be satisfied with the explanation that I have given.

Mr. P. K. Dewer *(Labour):* One word Sir, May I know whether the Government have looked into the vagaries which I and other members mentioned?

Mr. C. A. Ouseph *(Minister for Education and Public Health):* Not only these vagaries, but other vagaries also.

മിസ്റ്റർ കെ. ബാലകൃഷ്ണമാരാർ: സർ, ബഹുമാനപ്പെട്ട ഗവണ്മെന്റിൽനിന്ന് എന്റെ ഉപക്ഷേപത്തിൽ അടങ്ങീട്ടുള്ള ആദർശത്തോടും തത്വത്തോടും വളരെ അനുഭാവപൂർവ്വമായ മനോഭാവം കൈക്കൊണ്ടതിൽ എനിക്ക അതിയായ സന്തോഷമുണ്ട്. ഇതിന്റെ തത്വത്തോടനുകൂലിച്ചുകൊണ്ട് എന്റെ മാന്യസ്നേഹിതന്മാർ പ്രസംഗിച്ചതിലും എനിയ്ക്ക് അവരോട അതിയായ നന്ദിയുണ്ട്. പ്രത്യേകിച്ച ബഹുമാനപ്പെട്ട കുന്ദംകുളം മെമ്പർ അദ്ദേഹത്തിന്റെ നിസ്സഹകരണ മനോഭാവം വെടിഞ്ഞു എന്റെ ഉപക്ഷേപത്തിന്റെ ആദർശത്തോട അനുകൂലമനോഭാവം കാണിച്ച പ്രസംഗിച്ചതിൽ എനിക്ക് അദ്ദേഹത്തോട പ്രത്യേകിച്ചും നന്ദിയുണ്ട്. അതിപ്രധാനമായ ഒരു സംഗതിയാണിത്. ബഹുമാനപ്പെട്ട പല മെമ്പർമാക്കും സൃഷ്ടിപരമായ പല നിർദ്ദേശങ്ങളും ഇതിന്റെ വാദപ്രതിവാദവേളയിൽ ഗവണ്മെന്റിനു കൊടുക്കാൻ സാധിച്ചിട്ടുണ്ട്. എന്റെ ഉദ്ദേശം ഇതിനെ സംബന്ധിച്ച് ഒരു വാദപ്രതിവാദം നടത്തുക എന്നുള്ളതുതന്നെയായിരുന്നു. ക്രിയാത്മകമായി ഇവിടെ ഉന്നയിച്ച നിർദ്ദേശങ്ങളെപ്പറ്റി ബഹുമാനപ്പെട്ട ആരോഗ്യമന്ത്രി ആലോചിക്കാമെന്ന പ്രസ്താവിച്ചതുകൊണ്ട് ഞാൻ ഇതിനെ പ്രസ്സ് ചെയ്യാൻ ഉദ്ദേശിക്കുന്നില്ല. ഇതിനെ പിൻവലിക്കുവാൻ ഞാൻ സഭയുടെ അനുമതിക്ക് അപേക്ഷിക്കുന്നു.

Motion by leave withdrawn

LIBRARY ARCHIVES Kerala Legislative Assembly

Cut Motion No. 3. not moved

CUT MOTION No. 4.

മിസ്റ്റർ കെ. ബാലകൃഷ്ണമാരാർ: സർ, ഇതാണ് എന്റെ കട്ട്മോഷൻ. "To reduce the allotment of Rs. 4,71,390 for General Administration (Total) in Demand No. 17 by Re. 1. (To have officers of the Government to be posted in places to which they are most fitted to ensure efficieney of service.)

സർ, ഇവിടത്തെ ഉദ്യോഗസ്ഥലോകത്തിന്റെ വലിയൊരു തുക ശമ്പളം കൊടുക്കേണ്ടതുണ്ട്. പ്രത്യേകിച്ചു ഉയർന്ന ഉദ്യോഗമുള്ളവരുടെ ഇടയിൽ, ഉദ്യോഗമാറ്റവും, സ്ഥലം മാറ്റവും വേണ്ടമാതിരി നടന്നു വരുന്നില്ലായെന്ന സംഗതി ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെടുത്താൻവേണ്ടിയാണ് ഞാൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിക്കുന്നത്. ഒരു ഉദ്യോഗസ്ഥനു പ്രമോഷൻ കൊടുത്തോ മറ്റോ വേറൊരു പുതിയ ജോലിക്കു പറഞ്ഞയക്കുമ്പോൾ ആ ജോലിക്കു് അയാൾക്കു യാതൊരു പരിചയവുമില്ലായെന്നുണ്ടെങ്കിലും, അയാൾക്കു കൂടുതൽ ഗുണം കിട്ടാൻ ആ സ്ഥാനത്തേക്കു അയാൾക്കു കയറ്റം കൊടുക്കുക, ആ സ്ഥാനത്തു വരുമ്പോൾ കാര്യക്ഷമമല്ലാത്ത വിധത്തിൽ ഭരണം നടത്തുവാൻ ആ ആളെ നിർബ്ബന്ധിക്കുകയും ചെയ്യുകയെന്നുള്ള പതിവു് ഉദ്യോഗസ്ഥലോകത്തിൽ വളരെക്കാലമായി നടന്നുവരുന്ന ഒന്നാണെന്നു പലയിടങ്ങളിൽനിന്നും ഞാൻ കേൾക്കാറുണ്ടു്. അതു വാസ്തവമാണെന്നു ചില സംഗതികൾ കാണുമ്പോൾ എനിക്കു തോന്നാറുണ്ടു്. ചില ഉദാഹരണങ്ങൾ എടുത്തുകാണിച്ചാൽ ഈ സംഗതി വിശദമാകുമെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. വ്യക്തിപരമായ ആരോപണങ്ങൾ മൂലം ഇതിനെ സംബന്ധിച്ചു വിമർശനം നടത്തുന്നതു വളരെ വേദനാജനകമാണെങ്കിലും കാര്യം വിശദീകരിക്കുന്നതിനു് ഒന്നു രണ്ടുദാഹരണങ്ങൾ ഈ സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവരാതെ നിവൃത്തിയില്ല. ആദ്യമായി ഇന്നു പഞ്ചായത്തു ഡയറക്ടർ ഉദ്യോഗത്തിൽ ഇരിക്കുന്ന വ്യക്തിയുടെ സ്ഥിതിയെക്കുറിച്ചു ഒന്നാലോചിച്ചു നോക്കുക. അദ്ദേഹം കോളേജിൽ ഒരു പ്രൊഫസർ ആയിരുന്നു. അദ്ദേഹത്തിനു സിക്രട്ടറിയേറ്റിലും, ഫസ്റ്റ് ഡിപ്പാർട്ടുമെണ്ടിലും ചില ഉദ്യോഗങ്ങൾ കൊടുത്തശേഷം ഇപ്പോൾ പഞ്ചായത്തുഡിപ്പാർട്ടുമെണ്ടിന്റെ ഭാഗധേയം നിർണ്ണയിക്കുന്ന ഒരാളായി നിയമിച്ചിട്ടുണ്ടു്. അതുപോലെ ഇന്നു നമ്മുടെ സഹകരണഡിപ്പാർട്ടുമെണ്ടിന്റെ അവസ്ഥയും ആലോചിക്കേണ്ടതുണ്ടു്. ആ വകുപ്പിനെ അതിന്റെ പ്രവർത്തനത്തെ സംബന്ധിച്ചു യാതൊരു പരിചയവുമില്ലാത്ത ഒരു ഉദ്യോഗസ്ഥന്റെ നിയന്ത്രണത്തിൻ കീഴിൽ വിട്ടു കൊടുത്തിരിക്കുകയാണു്. സഹകരണസംഘത്തെ പ്രോത്സാഹിപ്പിക്കുകയും അതിന്റെ പ്രവർത്തനത്തെ വിപുലപ്പെടുത്തുകയും ആണു് സാമാന്യജനങ്ങളുടെ ഉന്നമനത്തിനുവേണ്ടി ചെയ്യേണ്ടതു് എന്ന തത്വം ആലോചിക്കുമ്പോൾ സഹകരണ ഡിപ്പാർട്ടുമെണ്ടിൽ ഇപ്പോൾ വരുത്തിയിട്ടുള്ള മാറ്റം അതിനെ ആ ലക്ഷ്യത്തിൽ എത്തിക്കാൻ പര്യാപ്തമായിട്ടുള്ളതല്ല. ആ ഡിപ്പാർട്ടുമെണ്ടിന്റെ അദ്ധ്യക്ഷനായിരുന്ന ഉദ്യോഗസ്ഥനെ വേറൊരു സ്ഥാനത്തേക്കു, അതായതു് ലാൻഡ്മോർട്ട്ഗേജ്ബാങ്കിലേക്കുമാറ്റി. അദ്ദേഹത്തിന്റെ സേവനഗുണങ്ങളും പരിചയവും സഹകരണതത്വത്തെ സംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ അഗാധമായ പാണ്ഡിത്യവും ഇന്നു സഹകരണവകുപ്പിനു് ഇല്ലാതായി തീർന്നിട്ടുണ്ടു്. ഈ അവസ്ഥ ഉദ്യോഗസ്ഥലോകത്തിൽ നടന്ന മാറ്റംമൂലമുണ്ടായിട്ടുള്ളതാണു്. ഇതു ശരിയായ ഒന്നാണെന്നു വിചാരിയ്ക്കാൻ നിവൃത്തിയില്ല. ഒരു കാലത്തു നമ്മുടെ വ്യവസായവകുപ്പിൽ ഒരു അസിസ്റ്റൻറ് എന്ന നിലയിൽ ഉദ്യോഗം വഹിച്ചിരുന്ന ഒരാൾ ഇന്നു ആയുർവ്വേദവകുപ്പിൽ വില്പന ഡിപ്പാർട്ടുമെണ്ടിന്റെ ഹെഡ് ആയി ജോലി നോക്കുന്നുണ്ടു്. എന്തു ന്യായത്തിന്മേലാണു് ആ ഉദ്യോഗസ്ഥനെ അവിടേക്കു് മാറ്റിയതു് എന്നു മനസ്സിലാക്കുവാൻ സാധിച്ചിട്ടില്ല. ദേശീയോദ്ധാരണത്തിനുതകുന്ന പല വകുപ്പുകളിലും പ്രവർത്തിച്ചതുകൊണ്ടു് സംഘടനാപ്രവർത്തനങ്ങളിൽ വളരെയധികം താല്പര്യമുള്ള ഒരാളാണു് അദ്ദേഹം. അദ്ദേഹത്തെ മാറ്റുന്നു വില്പനവാൻ ശ്രമിക്കുക എന്നുള്ളതു് എന്തിനാണെന്നു മനസ്സിലാകുന്നില്ല. എന്നു മാത്രമല്ല അദ്ദേഹത്തിന്റെ മുഴുവൻ സാദ്ധ്യതകളും നാട്ടിനു കിട്ടാതാക്കിയതു പരിതാപകരമാണു്. അതുപോലെ ഇന്നു കാലത്തെ ചോദ്യോത്തരവേളയിൽ ഉൾക്കൊണ്ട ഒരു ഉദ്യോഗസ്ഥന്റെ സ്ഥിതിയെക്കുറിച്ചാലോചിക്കണം. ഒരു കാലത്തു കോളേജിൽ പ്രൊഫസർ ആയിരുന്ന അദ്ദേഹത്തെ ഒരു ലൈബ്രറി ഉദ്യോഗസ്ഥനായും, പിന്നീടു ഒരു സ്റ്റാഫ് ഇൻസ്പക്ടരായും മാറ്റുകയുണ്ടായി. ഇങ്ങിനെയുള്ള ചില നിയമനങ്ങൾ നോക്കുമ്പോൾ ഉയർന്ന ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിനു യാതൊരുവിധത്തിലുള്ള തത്വവും, സേവനപാടവത്തിനു യോജ്യമായ യാതൊരു തത്വവും സ്വീകരിക്കുന്നില്ലെന്നു തോന്നിപ്പോകും. ഇങ്ങിനെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Balakrishna Marar]

അനാശാസ്യമായ തത്വം സ്വീകരിക്കുന്നതുകൊണ്ട് ചില ഉദ്യോഗസ്ഥന്മാക്ക് ഇണം കിട്ടുന്നുണ്ടെങ്കിലും, ആ ഉദ്യോഗസ്ഥനു പരിചയമുള്ള വകുപ്പിൽനിന്നു്, അദ്ദേഹത്തിനു യാതൊരു പരിചയവുമില്ലാത്ത വകുപ്പിനെ നിയന്ത്രിക്കുവാൻ ഏല്പിക്കുന്നതുകൊണ്ടു് ഉദ്യോഗസ്ഥമണ്ഡലത്തിന്റെ കാര്യക്ഷമത വളരെ കുറഞ്ഞുപോകുന്നുണ്ടു്. അങ്ങിനെ കുറഞ്ഞുപോകുന്നതുകൊണ്ടുണ്ടാകുന്ന ദോഷങ്ങൾ ഈ നാട്ടുകാർ അനുഭവിക്കേണ്ടി വരുന്നുണ്ടെന്നുള്ള വസ്തുത ഈ സഭയെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഒരു ക്ഷമാപണം എനിക്കു് ഇവിടെ ചെയ്യേണ്ടതുണ്ടു്. ഉദാഹരണത്തിനുവേണ്ടി മാത്രമാണു് ചില സംഗതികൾ സഭയുടെ മുമ്പാകെ കൊണ്ടുവരുന്നതു്. ആ വ്യക്തികൾ ഇന്നു വഹിക്കുന്ന ഉദ്യോഗങ്ങളിൽ അവർ ശോഭിക്കുന്നില്ലെങ്കിൽ അതു അവക്കു പരിചയമുള്ള ഉദ്യോഗങ്ങളിൽനിന്നു മാറ്റി, യാതൊരു പരിചയവുമില്ലാത്ത ഉദ്യോഗങ്ങളിൽ വെച്ചതുകൊണ്ടാണു്. അതുകൊണ്ടു് ഞാൻ പറഞ്ഞതിനെ സംബന്ധിച്ചു തെറ്റിദ്ധാരണയുണ്ടാകരുതു്. ഇന്നു അവർ കൂടുതൽ അഴിക്കുന്ന തസ്തികകൾ ഉണ്ടു്. അവിടെയായിരുന്ന അവരെ നിയമിക്കേണ്ടിയിരുന്നതു് എന്നു കാണിക്കുവാൻ വേണ്ടിയാണു് ഇതിവിടെ എടുത്തുകാണിച്ചതു്. അവരെ ആ സ്ഥാനത്തു നിയ്ക്കുന്നതിനെ എങ്ങിനെയാണു് ഗവണ്മെണ്ടിനു സാധൂകരിക്കാൻ സാധിക്കുകയെന്നു് എനിക്കു നിശ്ചയമില്ല. ഇതിനു പ്രത്യേകമായ വല്ല പരിഗണനകളും ഉണ്ടോ, വല്ല തത്വവും ഉണ്ടോ? ഉണ്ടെങ്കിൽ അതു എന്താണെന്നു വെളിപ്പെടുത്തുവാൻ ഗവണ്മെണ്ടിനോടപേക്ഷിക്കുന്നു. എന്തായാലും ഗവണ്മെണ്ടിന്റെ ഈപ്രവൃത്തി അസമാനത്താണെന്നാണു് എനിക്കു് തോന്നുന്നതു്. വല്ല പ്രത്യേക പരിഗണനയും വച്ചുകൊണ്ടാണു് ഗവണ്മെണ്ടു് ഇങ്ങിനെചെയ്യുന്നതു് എങ്കിൽ അവയെന്തെന്നറിയുന്ന അവസരത്തിൽ ഞാനും അതിനോടു് യോജിക്കുമായിരിക്കാം. എന്നാൽ ഇന്നു എന്റെ അറിവുവച്ചു നോക്കുന്നപക്ഷം, ഈ തത്വം ഗവണ്മെണ്ടു സ്വീകരിക്കണമെന്നു പറയുന്ന അവസരത്തിൽ ഈ ഉദ്യോഗസ്ഥന്മാരുടെ അനുഭവങ്ങൾ എന്റെ മുമ്പിൽ സാക്ഷ്യം വഹിക്കുന്നുണ്ടു്. അവരുടെ സ്ഥിതി പ്രത്യക്ഷത്തിൽ കാണുന്നതുപോലെയാണെങ്കിൽ ആദർശത്തിനു വിരുദ്ധമായതാണെന്നും നമുക്കു സ്വീകരിക്കാവുന്നതല്ലെന്നും ഗവണ്മെണ്ടു ധരിക്കണം എന്നമാത്രമാണു് എനിക്കു പറയുവാനുള്ളതു്. ഈ വിധത്തിൽ പ്രവർത്തിക്കുകയാണെങ്കിൽ ഉദ്യോഗസ്ഥമണ്ഡലത്തിന്റെ കാര്യക്ഷമത നശിച്ചുപോകും. ഇങ്ങിനെയുള്ള വിരുദ്ധ പ്രവർത്തികളിൽനിന്നു വിരമിക്കുവാൻ ഗവണ്മെണ്ടിനോടഭ്യർത്ഥിക്കുകയും ഈ ഉപക്ഷേപത്തിൽ അടങ്ങിയിട്ടുള്ള തത്വത്തെ സ്വീകരിച്ചുകൊണ്ടു പ്രവർത്തിക്കണമെന്നാവശ്യപ്പെടുകയും ചെയ്യുന്നു.

മിസ്റ്റർ ടി. കെ. കുഞ്ഞയ്യപ്പൻ. സർ, വ്യക്തികളെ ചൂണ്ടി ആക്ഷേപിക്കുന്നതു് അത്ര സുഖമുള്ള വേലയല്ലെങ്കിലും, ഈ ഉപക്ഷേപത്തെ അനുകൂലിച്ചു സംസാരിക്കാതിരിക്കാൻ എനിക്കു് നിവർത്തിയില്ല. നമ്മുടെ സർക്കാർ സർവ്വീസിന്റെ കാര്യക്ഷമതയും ധാർമ്മികബോധവും വളരെയധികം അധഃപതിച്ചിരിക്കുന്നു. ഉദാഹരണങ്ങൾ എത്രവേണമെങ്കിലും എടുത്തുകാണിക്കുവാൻ കഴിയും. ഈ ഉപക്ഷേപം ഹാജരാക്കിയ എന്റെ സ്നേഹിതൻ, ബഹുമാനപ്പെട്ട തൃശ്ശൂർ വടക്കേ മെമ്പർ ചിലതെല്ലാം എടുത്തുകാണിക്കുകയുണ്ടായി. ഉദ്യോഗങ്ങൾക്കു പറ്റിയ ആളുകളെ നോക്കി വയ്ക്കുന്ന പതിവിൽനിന്നു വ്യതിചലിച്ചു ആളുകൾക്കു വേണ്ടി ഉദ്യോഗങ്ങൾ ഉണ്ടാക്കുന്നതായ സമ്പ്രദായം നടപ്പിൽ വന്നിട്ടുള്ളതുകൊണ്ടുണ്ടായിട്ടുള്ളതാണു് കാര്യക്ഷമതക്കുറവിനു പ്രധാന കാരണം. ജനങ്ങളുടെ ക്ഷേമത്തിനുവേണ്ടി കുറ്റമറ്റവെക്കുന്ന സൂക്ഷ്മപരമായ പരിപാടികൾ നടപ്പിൽ വരുത്തുവാൻ ചുമതലപ്പെട്ടവരാണു് ഉദ്യോഗസ്ഥന്മാർ. അവർ ജനരഞ്ജനയും സാമർത്ഥ്യവുമുള്ളവരായില്ലെങ്കിൽ ഗവണ്മെണ്ടിന്റെ പരിപാടികൾ വിജയിക്കുകയില്ല. സഹകരണവകുപ്പിന്റെ ആധ്യക്ഷംവഹിക്കുന്ന ഇന്നത്തെ ഉദ്യോഗസ്ഥനെപ്പറ്റി ഉപക്ഷേപത്തിന്റെ അവതാരകൻ പറഞ്ഞു. അദ്ദേഹത്തെ ആക്ഷേപിക്കുകയല്ലാ ചെയ്യുന്നതു്. അദ്ദേഹം വേറെ ഏതെങ്കിലും ലൈനിൽ പോവുകയാണെങ്കിൽ ശോഭിക്കാൻ കഴിവുള്ള ഒരു വ്യക്തിയായിരിക്കാം. അങ്ങിനെയുള്ള അദ്ദേഹത്തെ സീനിയോറിട്ടി നോക്കി ഈ ഉദ്യോഗത്തിൽ വച്ചതു നന്നായില്ലായെന്നാണു ബഹുമാനപ്പെട്ട തൃശ്ശൂർ വടക്കേ മെമ്പർ പറഞ്ഞതു്. പൊതുസേവനൈതുകവും സഹകരണത്തെക്കുറിച്ചു സൂക്ഷ്മപരമായി നല്ല ബോധവും ഉള്ള ഒരാൾക്കല്ലാതെ ഈ വകുപ്പിനെ ഭരിച്ചു വിജയിപ്പിക്കുവാൻ സാധിക്കുകയില്ല. ഇന്നു ആ സ്ഥാനം വഹിക്കുന്നതു് ഒരു ലോ-ഗ്രാജുവേറ്റാണു്. ഒരുപക്ഷെ ജൂഡീഷ്യറിയിൽ അദ്ദേഹം ശോഭിക്കുമായിരിക്കാം. എന്റെ അറിവു ശരിയാണെങ്കിൽ അദ്ദേഹം ജൂഡീഷ്യറിയിൽ ഒരു ഉദ്യോഗം ഉറപ്പു നോക്കി

LIBRARY ARCHIVES Kerala Legislative Assembly

ക്കൊണ്ടാണ് ഇരിക്കുന്നത്. അങ്ങിനെയുള്ള ഒരാളെക്കൊണ്ട് രാഷ്ട്രനിർമ്മാണത്തിനാവശ്യമായ ഒരു വകുപ്പ് ഭരിക്കാൻ കഴിയുകയില്ല. അങ്ങിനെയുള്ള ആളെ ആ സ്ഥാനത്തുനിന്നു മാറ്റുകതന്നെ വേണം. ആ മാതിരി സ്ഥാനത്തിനു പറ്റാത്ത ഉദ്യോഗസ്ഥന്മാർ വേറെയുമുണ്ട്. അവരെ അവക്കു പറ്റിയ സ്ഥാനങ്ങളിലേക്ക് അയക്കുന്നതു നന്ന്. പ്രമോഷൻ കൊടുത്തിട്ടായാലും വിരോധമില്ല. എത്രവേണമെങ്കിലും ശമ്പളം അവക്കു കൊടുത്തുകൊള്ളുക. പക്ഷെ, അവരെ വേണ്ടവഴിക്കു ഉപയോഗപ്പെടുത്തണം എന്നേ ഉള്ളൂ. അവക്കു പേഴ്സനൽ പെയ് വേണമെങ്കിൽ കൊടുത്തുകൊള്ളുക. അതിലും ഞങ്ങൾക്കാക്ഷേപമില്ല. ഓരോ വകുപ്പിനും പറ്റിയ ആളുകളെ വച്ചു ഭരണം നടത്തണമെന്ന മാത്രമെ ഞങ്ങൾ പറയുന്നതിനുദ്ദേശമുള്ളൂ. സാമാന്യമായി പറയുകയാണെങ്കിൽ ഗവൺമെണ്ടുദ്യോഗസ്ഥന്മാർക്ക് ഒരു യജമാനമനോഭാവമാണ് ഇന്നുവരെ ഉണ്ടായിരുന്നതു്; ഇപ്പോഴും അതുണ്ടുതാനും. ഇന്നത്തെ ഭരണമാറ്റങ്ങളും സംഭവവികാസങ്ങളും അവരുടെയിടയിൽ വേണ്ടത്ര ബോധം ഉളവാക്കീട്ടില്ല. മിക്കവാറും ഏതു ഡിപ്പാർട്ടുമെൻറ് എടുത്തുനോക്കിയാലും സ്ഥിതി ഇതുതന്നെയാണ്. ചില അനുഭവങ്ങൾ നിങ്ങളുടെ ദൃഷ്ടിയിൽ പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. ഒരവസരത്തിൽ പഞ്ചായത്തു ഡിപ്പാർട്ടുമെണ്ടിൽപെട്ട രണ്ടു കുളങ്ങൾ ദേവസ്വം ഡിപ്പാർട്ടുമെണ്ടിലേക്ക് മാറ്റുകയുണ്ടായി. അവിടത്തെ ജനങ്ങൾ അറിയാതെയാണ് ഈ മാറ്റമുണ്ടായതു്. രണ്ടു കുളങ്ങൾ രണ്ടു വില്ലേജിലായിരുന്നു. അതിനെ സംബന്ധിച്ചു റവന്യൂ മിനിസ്റ്റർക്ക് എഴുതി. ബഹുമാനപ്പെട്ട മന്ത്രിയിൽനിന്ന് അതിനു സദയം ഒരു മറുപടി കിട്ടുവാൻ ഏ൪ മാസം കഴിയേണ്ടിവന്നു. കിട്ടിയ മറുപടിയാകട്ടെ, വളരെ വിചിത്രമായ രീതിയിലുള്ളതായിരുന്നു. ആദ്യത്തെ വില്ലേജിൽ രണ്ടാമത്തെ വില്ലേജിലെ കുളവും ചേർത്തുകൊണ്ടായിരുന്നു മറുപടി. കല്പനയിൽ അതിനെ സംബന്ധിച്ചു നടപടിയെടുക്കാൻ പഞ്ചായത്തു പ്രസിഡണ്ടിനോടു് ആവശ്യപ്പെട്ടിരുന്നു. പഞ്ചായത്തു പ്രസിഡണ്ടിനെ കണ്ടാൽ അതിന്റെ ശരിയായ കാര്യം അറിയാമെന്നും അതിൽ അടങ്ങിയിരുന്നു. പക്ഷെ, വളരെ വിചിത്രമായ ഒരനുഭവമാണുണ്ടായതു്. പഞ്ചായത്തു പ്രസിഡണ്ടു് പന്തവും കൊളുത്തി നാട്ടിൽ മുഴുവൻ തിരഞ്ഞിട്ടും കുളം കണ്ടുകിട്ടിയില്ല. അവസാനം അയാൾ എനിക്കു എഴുതി കുളം കാണിച്ചുകൊടുക്കാൻ ആവശ്യപ്പെട്ടുകൊണ്ടു്. ഇല്ലാത്ത കുളം ഒരു വില്ലേജിൽ ചെന്നു കാണിച്ചുകൊടുക്കാൻ സാദ്ധ്യമല്ലായെന്നു ഞാൻ പ്രസിഡണ്ടിനെ അറിയിക്കേണ്ടിവന്നു. ഇങ്ങിനെയാണ് ഗവൺമെണ്ടു സർവ്വീസിലെ കാര്യക്ഷമതയുടെ പോക്കു്. ഇതിയിടെ എനിക്കുണ്ടായ മറെറാരനുഭവത്തെക്കൂടി ഞാൻ പറയാം. തൃശ്ശൂരിൽ ഒരു സംഘംവക പറമ്പിന്റെ രണ്ടതിരുകൾ അളന്നു തിട്ടപ്പെടുത്തുവാൻ റവന്യൂ ഡിപ്പാർട്ടുമെണ്ടിലേക്കു അപേക്ഷിക്കുകയുണ്ടായി. ഒ—ാ ഫ—ാ ാ ാ ഫ ാ ലായിരുന്ന അപേക്ഷ അയച്ചതു്. എന്നാൽ ാ ാ ഫ ർ കന്നിയിലാണ് അതിനെസംബന്ധിച്ചു് വില്ലേജുദ്യോഗസ്ഥന്മാർ അന്വേഷിക്കാൻ പുറപ്പെട്ടതു്. ആ പൊതുസംഘടനയുടെ അദ്ധ്യക്ഷൻ ഗവൺമെണ്ടുഭരണം നടത്തുന്ന കൃഷ്ണബിനറിലെ ഒരംഗവും സെക്രട്ടറി നിയമസഭയിലെ ഒരംഗവും ആകുന്ന കാലംവരെ ആ ഡിപ്പാർട്ടുമെണ്ടുദ്യോഗസ്ഥന്മാർ ആ കടലാസ്സു് വച്ചുകൊണ്ടിരുന്നു എന്നുള്ളതാണ് പരമാർത്ഥം. ഇങ്ങിനെയാണ് സർവ്വീസിലെ കാര്യക്ഷമതയുടെ പോക്കു്. ഇങ്ങിനെയുള്ളവരെ സർവ്വീസ്സിൽ വെച്ചുകൊണ്ടിരുന്നാൽ ഞാൻ ഇന്നത്തെ ഗവൺമെണ്ടിനോടു് പറയും നിങ്ങൾക്കു് നിങ്ങളുടെ ഭരണത്തെ വിജയിപ്പിക്കാൻ സാധിക്കുകയില്ലെന്നു്. പണ്ടത്തെപ്പോലെ ജനങ്ങൾ ദാസന്മാരാണു്, ഗവൺമെണ്ടുദ്യോഗസ്ഥന്മാർ യജമാനന്മാരാണു് എന്നുള്ള മനോഭാവം കളഞ്ഞുകൊണ്ടു്, ഗവൺമെണ്ടു് സർവ്വീസ്സു് ജനങ്ങളെ സേവിക്കാനുള്ള ഒരുപാധിയാണു്, ഒരു രംഗമാണു് എന്നുള്ള ബോധത്തോടുകൂടി ഗവൺമെണ്ടുദ്യോഗസ്ഥന്മാർ പ്രവർത്തിക്കാത്തപക്ഷം, അങ്ങിനെ അവരെക്കൊണ്ടു് പ്രവർത്തിപ്പിക്കുവാൻ ഗവൺമെണ്ടു മതിരാത്തപക്ഷം ജനങ്ങൾക്കുവേണ്ടി നിങ്ങൾ ഉണ്ടാക്കുന്ന യാതൊരു പ്ലാനും നടപ്പിൽ വരുകയില്ലെന്നു ഗവൺമെണ്ടിനെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അവരവരുടെ ചുമതലകൾ ഇന്നതാണെന്നുപോലും ഗവൺമെണ്ടുദ്യോഗസ്ഥന്മാർ മനസ്സിലാക്കുന്നില്ല. അവക്കു പറ്റിയ ഉദ്യോഗങ്ങളിൽ അവരെ നിയമിക്കുന്നില്ലായെന്നുള്ളതാണ് അതിനു കാരണം. അവരുടെ സർവ്വീസ്സിന്റെ തോതനുസരിച്ചു, അല്ലെങ്കിൽ മറേറതെങ്കിലും മാനദണ്ഡംവച്ചു അവർഹിക്കുന്ന ശമ്പളം കൊടുക്കുന്നതിനു വിരോധമില്ല. പക്ഷെ അവരെ ഏതെങ്കിലും സ്ഥാനത്തു വയ്ക്കുകയാണെങ്കിൽ, അവരെ ഏല്പിക്കുന്ന കാര്യം, കാര്യക്ഷമമായി നടത്തുമെന്നുള്ള ഉറപ്പുണ്ടായിരിക്കണം. ഇന്നത്തെ ചില വകുപ്പദ്ധ്യക്ഷന്മാരെ പരിശോധിക്കുകയാണെങ്കിൽ അവക്കു് ഏറ്റവും പറ്റിയ സ്ഥാനം അവരുടെ കുടുംബമാണെന്നു കാണാൻ കഴിയും. (ചിരി) അങ്ങിനെയുള്ള ഉദ്യോഗ

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. K. Kunjayyppan]

സ്ഥന്മാരെ അവരുടെ കുടുംബത്തിലേയ്ക്കുതന്നെ തിരിച്ചയക്കണമെന്നു ഞാൻ ഗവണ്മെന്റി നോടാവശ്യപ്പെടുന്നു. ഗവണ്മെന്റ് അതു ചെയ്യുമെന്നു വിശ്വസിക്കുകയും ചെയ്യുന്നു. ഏതു നിലയ്ക്കും നമ്മുടെ ഗവണ്മെന്റസംവിധാനം ഒന്നു ശ്രദ്ധീകരിക്കേണ്ടിയിരിക്കുന്നു. ഈ ഉപക്ഷേപം അവതരിപ്പിച്ച മാന്യ സ്നേഹിതൻ പറയുകയുണ്ടായി ഇൻഡസ്ട്രിയൽ ഡിപ്പാർട്ടുമെണ്ടിൽ ഇരുന്ന വേല ചെയ്തിരുന്ന ഒരു ഉദ്യോഗസ്ഥനെ ആയുർവ്വേദ ഡിപ്പാർട്ടുമെണ്ടിൽ ഗ്ലൂക വിൽക്കാൻ അയച്ചു എന്നു്. ഒരുപക്ഷെ, അദ്ദേഹത്തെക്കാൾ ആ പണിക്കു് പറ്റിയ വകുപ്പധ്യക്ഷന്മാർതന്നെ ഇവിടെയുണ്ടു്. അവരെ അങ്ങോട്ടെയ്ക്കു് അയച്ചാലും തരക്കേടില്ല. ഇത്രമാത്രമേ എനിക്കു അതിനെപ്പറ്റി പറയാനുള്ളൂ. ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

Mr. P. K. Paul *(Kodasseri):* I am in full concurrence with the views expressed by the Hon'ble Members. A thing out of place is dirt and it is a dirty affair to have a square peg in a round hole. Those officers who are unfit should be replaced. I don't want to expatiate on the point any further.

Mr. M. Bhaskara Menon *(Ernakulam):* While supporting the motion I only want to bring one instance in point before this House. It is about a well trained police officer, Mr. Mannadi Nayar.

Mr. President: It would be better if the Hon'ble Member avoids personal references.

Mr. M. Bhaskara Menon *(Ernakulam):* Sir, I am only pointing out an instance. I started by saying so. Mr. Mannadi Nayar was sent by Government to Vellore for special training. He was for several years a police officer and one day he was suddenly transferred as the Devaswam Assistant Commissioner. We must have read from the newspapers a humerous skit that one day he went to the Wadakkumnathan temple and asked the Embrandiris and Thanthris of the temple to fall in and for their failure to obey the orders he took disciplinary action against them. This is only one instance in point. I don't think Mr. Marar would want me to avoid this reference. I said this just to bring home to the Hon'ble Members certain facts, and I am sorry that I gave occasion to the Hon'ble President to object to the mentioning of personality.

മിസ്റ്റർ പി. കെ. ഡീവർ: സർ, ഒന്നു രണ്ടു സംഗതികൾ എനിക്കും പറഞ്ഞാൽ കൊള്ളാമെന്നുണ്ടു്. ഏതെങ്കിലും ഉദ്യോഗത്തിനു പറ്റിയ ആളെവേണം നിയമിക്കാൻ എന്നതത്വം നമ്മുടെഗവണ്മെന്റു പലപ്പോഴും ഗൗനിക്കാറില്ലെന്നു ഇവിടത്തെ ചില നിയമനങ്ങൾ നോക്കിയാൽ തോന്നിപ്പോകും. ഒരു ദിവാൻപേഷ്കാരുടെ ഒഴിവിൽനിയമിക്കാൻ ആൾവേണമെന്നു് വന്നപ്പോൾ ഇവിടെ ഒരിക്കൽ മിസ്റ്റർ കോമാട്ടിൽ അച്യുതമേനോനെ ട്രെയിനിങ്ങിന്നയച്ചു. അദ്ദേഹംകുന്നംമലയുമൊക്കെകയറി ചങ്ങലവലിച്ചുംമറ്റുംനടന്നു പരിശീലനംകഴിച്ചുവന്നശേഷമാണു് ദിവാൻപേഷ്കാരുടെ ഉദ്യോഗംകൊടുത്തതു്. ഇപ്പോൾ ദിവാൻപേഷ്കാരാകുന്നതു് എങ്ങിനെയാണെന്നറിഞ്ഞുകൂടാ. ഒരുദിവസം ദിവാൻപേഷ്കാരായി ചീഫ്സെക്രട്ടറിയെ നിയമിച്ചുവെന്നു് കേൾക്കാം. പിന്നെ വേറെ ഒരുദിവസം കേൾക്കാം അദ്ദേഹത്തെ മറ്റൊരുജോലിക്കു് നിയമിച്ചുവെന്നു്. ഇങ്ങിനെ ഒരാൾതന്നെ മാറിമാറി പലജോലികളും വഹിക്കുന്നതുകാണാം. എല്ലാത്തിലും വലിയ സങ്കടം ഞങ്ങളുടെലേബർ ഡിപ്പാർട്ടുമെണ്ടിന്റെ കാര്യമാണു് ലേബർകമ്മീഷണർആയി ആരെവേണമെന്നതുഇനിയുംതീർച്ചയായികഴിഞ്ഞിട്ടില്ല. അപ്രധാനപ്രവേശനത്തിന്റെ പ്രക്ഷോഭണം നടക്കുന്ന കാലമാണെന്നു് തോന്നുന്നു തീണ്ടൽകാരെ തടഞ്ഞുനിർത്തുന്നവേണ്ടി ലാത്തിയുംകൊടുത്തു് ഒരു പോലീസുദ്യോഗസ്ഥനെ ദേവസ്വം ഡെ. കമ്മീഷണരായി അയച്ചു. ഇപ്പോൾ ആ പോലീസുദ്യോഗസ്ഥനെ ലേബർകമ്മീഷണരായി നിയമിച്ചിരിക്കുന്നു. അതും ഒരു താസിൽദാരെയാണു് ആ ഉദ്യോഗത്തിനു നിയമിച്ചതു്. പിന്നീടു ലേബർഎക്സ്ചേഞ്ചു് ഓഫീസരെ ലേബർകമ്മീഷണരായി നിയമിച്ചു. ഇനി ആരാണു ലേബർകമ്മീഷണരാവുക എന്നു നിശ്ചയമില്ല. ലേബറുമായി പരിചയമുള്ളവരെ, ലേബർ പ്രോബ്ലങ്ങളെപ്പറ്റി പഠിച്ചിട്ടുള്ളവരെവേണം ലേബർകമ്മീഷണരായി നിയമിക്കാൻ എന്ന സംഗതി ഗവർമ്മെണ്ടു വിസ്മരിച്ചിരിക്കുന്നു. ഇതുപോലെതന്നെയാണു മറ്റു പല ഉദ്യോഗങ്ങളുടേയും കാര്യം. ചില ഉദ്യോഗസ്ഥന്മാരെ അവർ ഇരുന്നിരുന്ന സ്ഥാനങ്ങളിൽ ആവശ്യമില്ലാതെ വരുമ്പോൾ അവിടെ കൊള്ളരുതാതെ വരുമ്പോൾ എവിടെയെങ്കിലും കൊണ്ടുപോയി വെക്കുക എന്നുള്ള ആ ദുഷിച്ചസമ്പ്രദായം അടിയോടെ നിറുത്തണം.

മിസ്റ്റർ ഇട്ട്യേര അമ്മുക്കൻ: സർ, ഉദ്യോഗനിയമനക്കാര്യങ്ങളിൽ പലപ്രകാരവു അതിന്നു് യോഗ്യതയില്ലാത്ത ആളുകളെ വെക്കുന്നുണ്ടെന്നും അതു് മേലാൽ പാടില്ലെന്നു

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞു. എന്നാൽ ഇതൊന്നു് ഈ മന്ത്രിമാരുടെ കാര്യത്തിലും പ്രയോഗിച്ചാൽ കൊള്ളാമെന്നുണ്ടു്. കഴിഞ്ഞതിരഞ്ഞെടുപ്പു കാലങ്ങളിൽ എവിടെയും അഞ്ചരലക്ഷം അഞ്ചരലക്ഷം എന്നു വലിയ മുറവിളിയുണ്ടായിരുന്നു. അതിന്റെ പിന്നിൽ പോറിക്കൊണ്ടുനടന്ന ഒരു മാന്യനെ—എനിക്കതിൽവാസ്തവമുണ്ടെന്നശേഷം വിശ്വാസമില്ല.—

Mr. C. A. Ouseph: *(Minister for Education and Public Health)* The point discussed under this motion is to post officers in places where they are most fitted....

Mr. President: That is what I am waiting to see.

Mr. C. A. Ouseph: *(Minister for Education and Public Health)* Thank you, Sir.

Mr. President: I want to see what the Hon'ble Member is driving at.

മിസ്റ്റർ ഇട്ട്യേര അമ്പൂക്കൻ: ഇങ്ങിനെയുള്ള ഒരാളെത്തന്നെ ധനത്തിന്റെ മന്ത്രിയാക്കാൻ പ്രജാമണ്ഡലംകക്ഷിക്കു്....

മിസ്റ്റർ പി. കെ. ഡീവർ: സർ, ഈ ഉപക്ഷേപത്തെ സംബന്ധിച്ചാണോ ബഹുമാനപ്പെട്ട മെമ്പർ പറയുന്നതെന്നു മനസ്സിലാകുന്നില്ല.

Mr. President: Do the Ministers come under the purview of this cut motion?

Mr. P. K. Dewer: *(Labour)* You must ask the Hon'ble Member.

Mr. President: I am feeling a doubt on the point.

Mr. C.A. Ouseph: *(Minister for Educaction and Public Health)* The motion is'to have officers of the Goverment to be posted in places....'. Ministers are not officers to be posted in places.

Mr. President: The context of the resolution shows that with the term 'officers'.....'

മിസ്റ്റർ ഇട്ട്യേര അമ്പൂക്കൻ: എന്റെസ്സഹിതൻ കുങ്കുമം മെമ്പറുടെ ഒരു ചെറുപ്പ സംശത്തിനു് മറുപടിയായി ലേബർമെമ്പർ പറയുകയുണ്ടായി മന്ത്രിമാർ പാർട്ടിയുടെ അധീനത്തിലാണെന്നു്. ഞാൻ ചോദിക്കുന്നു പല പ്രജാമണ്ഡലം സാമാജികന്മാരും.....

Mr. President : Order, order. The terms' officers of the Government' here do not include Ministers. The motion is elear on that. The point is out of order.

Mr. Ittiera Ambooken *(Mala)*: Then I will leave it there.

Mr. President : Was it stated by the Hon'ble Member for Labour?

Mr. Ittiera Ambooken *(Mala)*: We will come to that.

Mr. P. K. Dewer *(Labour)*: I don't know. You must ask him.

Mr. President : I think the Hon'ble Member for Labour made that speech on a previous motion.

Mr. P. K. Dewer *(Labour)*: You must ask him whether he is there now.

Mr. E. Ikkanda Warriar *(Prime-Minister)*: Mr. President. It is not very difficult to accept the principle of this motion. After all the principle is that proper men should be appointed to the proper places and I don't think it is very difficult to accept that position. But it is very unfortunate that in discussing this motion the names of officers have been brought in and criticisms made. It puts us in a very embarassing position. No doubt, there might have been some grounds for thinking that all these persons who are now occupying high posts of offices in the State did not come through the proper channel. There may be persons who came, as some gentlemen used to put it, through the back-door, but so far as the present Government is concerned, we can only give out an assurance, whether they came through the back-door or the front door, the Government will try its utmost to see that the officers do their work properly. The Government cannot embark on a work of examining all these appointments and then with that prejudiced mind examine the work of the officers concerned. The Government will certainly see that inefficient men will not be allowed to occupy the places, responsible places. But the Government at the same time expect and hope that these officers will certainly adjust themselves and make themselves efficient and forget the past and in that view. I don't think the Hon'ble Mover of this motion will press this motion to a division. What I wish to emphasise is this, that it does no good to anybody to rub these sores in season and out of season. Let us forget all that. We have very great work ahead of us. Let us forget and forgive and let us try to do the work with the best interests of the country at heart. With the co-operation of all, I hope we will not find any difficulty in making the progress that we really want to make. I hope that in the light of this explanation, the Hon'ble Mover will find his way not to press this motion.

---

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. ബാലകൃഷ്ണമാരാർ: സർ, എന്റെ ഈ ഉപക്ഷേപത്തിന്റെ വാദപ്രതിവാദത്തിൽ പ്രത്യേകം ചില വ്യക്തികളെ ഉദാഹരണമായി എടുത്തു് പ്രതിപാതിക്കാൻ ഇടയായതു് നിർഭാഗ്യകരവും. വേദനാജനകവുമാണു്. അവരുടെ കാര്യങ്ങളിൽ ഗവമ്മെണ്ടിനു് പലതുപറയുവാൻ ഉണ്ടാകും. അവർ അർഹിക്കുന്നതായിരിക്കാം അവക്കു് കിട്ടിയിട്ടുള്ളതു്. അവർ അർഹിക്കുന്നതു് കിട്ടാതിരിപ്പാൻ കാരണവുമുണ്ടായിരിക്കാം. പക്ഷെ, എന്റെ ഉപക്ഷേപത്തെക്കുറിച്ചു് പറയാനുള്ളകാര്യം അതൊന്നുമല്ല. ഈ ഉപക്ഷേപത്തിൽ പറയുന്നതതാം, അസ്ഥാനത്തു് ഉദ്യോഗസ്ഥന്മാരെ പ്രതിഷ്ഠിക്കരുതെന്നും ഒരിക്കലും ഒരുദ്യോഗസ്ഥനു് കിട്ടേണ്ടസ്ഥാനം കിട്ടാതിരിക്കത്തക്കവിധത്തിലുള്ള നിയമനം പാടില്ലെന്നും ബോധിപ്പിക്കുക എന്നുള്ളതാണു്. ഈ ഉപക്ഷേപത്തിന്റെ തതാംസ്ഥീകരിക്കുവാൻ ബഹുമാനപ്പെട്ട പ്രധാനമന്ത്രി തയ്യാറാണെന്നു് പറഞ്ഞതുകൊണ്ടു് ഈ ഉപക്ഷേപം പിൻവലിക്കുവാൻ ഞാൻ സഭയുടെ അനുവാദം ചോദിച്ചുകൊള്ളുന്നു.

Motion by leave withdrawn

CUT MOTION No. 5.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തര: To reduce the allotment of Rs 4,71,390 for General Adminstration (Total) in demand No 17. by—Re 1.

(The need for effecting general Retrenchment in the Government services especially in the higher cadres of service on the bias of maximum thrift of man power & reduction of expenditure)

സർ, ഇവിടെ ഇന്നലെയും ഇന്നും നടന്നിട്ടുള്ള വാദപ്രതിവാദങ്ങളിലെല്ലാംതന്നെ ഉന്നയിച്ചിട്ടുള്ള സംഗതികളാണു് എനിക്കും ഇവിടെ കൊണ്ടുവരാനുള്ളതും. എന്നാൽ അതിൽ വ്യക്തിപരമായ യാതൊരു സ്പർശനവും കൂടാതെ ഈ സഭയിൽ ചിലകാര്യങ്ങളും ചൂണ്ടിക്കാണിക്കാമെന്നുദ്ദേശിക്കുന്നു. ഇന്നു് ഗവമ്മെണ്ടു് സർവ്വീസിൽ വേണ്ടതിൽ കൂടുതൽ ആളുകളും ഉണ്ടെന്നുള്ളതു് പരക്കെ സമ്മതിക്കപ്പെടുന്നു. അതുകൊണ്ടാണു് ഇന്നു് വ്യയനൃൂനീകരണത്തിന്നു് ശ്രമിക്കുന്നതു്. അങ്ങിനെ ഇന്നു് പലരേയും പിരിച്ചുവിടുന്നുണ്ടു്. എന്നാൽ അപ്രകാരം പിരിച്ചുവിടപ്പെട്ടവരിൽ അധികംപേരും പാവപ്പെട്ടവരും ഉദ്യോഗംകൂടാതെ ജീവിക്കാൻ നിവൃത്തിയില്ലാത്തവരുമാണെന്നുണ്ടെങ്കിലും ഗവമ്മെണ്ടിന്റെ ധനകാര്യം സംബന്ധിച്ചു് അങ്ങിനെ ചില കടുംകൈകളും ചെയ്യേണ്ടിവന്നേക്കാം. എന്നാൽ വലിയ ഉദ്യോഗസ്ഥന്മാരുടെ കാര്യത്തിലും ഈ തതാം സ്വീകരിക്കേണ്ടതുണ്ടു്. ഇവിടെ വ്യക്തികൾക്കുവേണ്ടി പല ഉദ്യോഗങ്ങളും സൃഷ്ടിച്ചിട്ടുണ്ടു്. പല ഡിപ്പാർട്ടുമെണ്ടുകളും ഒന്നിച്ചായിരുന്നതു് വേർതിരിച്ചു് ഓരോന്നിനു് ഓരോ ഉദ്യോഗസ്ഥന്മാരെ വെക്കുകയും അവരുടെ ഉദ്യോഗവും ജോലിയും പൊതുജനത്തിന്നു എത്രകണ്ടു് സഹായമാകുമെന്നു് യാതൊരുലക്ഷ്യവുംകൂടാതെ വളരെകൂടുതൽ ശമ്പളംകൊടുത്തും വരുന്നുണ്ടു്. ഈ വിധമുള്ള വലിയ ഉദ്യോഗങ്ങളൊന്നും കൂടാതെ നമ്മുടെ ഗവമ്മെണ്ടിന്റെ കാര്യങ്ങളും ശരിയായി കൊണ്ടുപോകാൻ കഴിയും. ഇതു നിലയിൽ ഈ ഉദ്യോഗങ്ങളും പലതും കുറവുചെയ്യേണ്ടതുണ്ടു്. ഒന്നിച്ചുണ്ടായിരുന്ന പല ഡിപ്പാർട്ടുമെണ്ടുകളും വേർതിരിച്ചതുകൊണ്ടാണു് ക്ലാർക്കന്മാരും കൂടുതൽ വേണ്ടിവന്നതു്. എന്നാൽഅത്തരം ഉയർന്ന ഉദ്യോഗങ്ങളെ വെട്ടിക്കുറക്കേണ്ടിവരുമ്പോൾ Security of tenureഎന്നവാദമാണു് കൊണ്ടുവരുന്നതു്. അതു് ചെറിയ ഉദ്യോഗസ്ഥന്മാർക്കും ബാധകമാണു്. അതുകൊണ്ടു് വലിയ ഉദ്യോഗസ്ഥന്മാരിൽ കൈവക്കാൻ പാടില്ലെന്നു് പറഞ്ഞാൽഅതു് ശരിയാകയില്ല. അതുകൊണ്ടു് വലിയഉദ്യോഗങ്ങളേയും വെട്ടിച്ചുരുക്കി വ്യയനൃൂനീകരണം ചെയ്യണമെന്നപേക്ഷിച്ചുകൊണ്ടു് ഞാൻ ഈ കട്ടുമോഷൻ സഭമുമ്പാകെ അവതരിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: സർ, ബഹുമാനപ്പെട്ട മെമ്പർ മിസ്റ്റർ അലക്സാണ്ടർ അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ പിന്താങ്ങുന്നു. ഇന്നലെ ബഡ്ജറ്റു് വിമർശനങ്ങൾക്കു പറഞ്ഞ മറുപടിയിൽ ബഹുമാനപ്പെട്ട ഫിനാൻസു് മിനിസ്റ്റർ സൂചിപ്പിക്കുകയുണ്ടായിറി ട്രെഞ്ചുമെണ്ടിനെപ്പറ്റി വ്യക്തമായ നിർദ്ദേശങ്ങളൊന്നും ഈ സഭയിൽ നിന്നു കിട്ടുകയുണ്ടായില്ലെന്നു്. അതു മുഴുവൻ ശരിയല്ല. ബഹുമാനപ്പെട്ട ഇരിങ്ങാലക്കുട മെമ്പർ ഡോക്ടർ സി. എൽ. ജോസഫു് റിട്രെഞ്ചുമെണ്ടു നടത്തുന്നതിൽ ചില പൊതു നിർദ്ദേശങ്ങളും കൊണ്ടു വരുകയുണ്ടായി. മറു മെമ്പർമാരും വ്യക്തമായ ചില ദൃഷ്ടാന്തങ്ങളും ചൂണ്ടി

LIBRARY ARCHIVES Kerala Legislative Assembly

ക്കാണിച്ചിട്ടുണ്ട്. എന്തായാലും നിർദ്ദേശങ്ങൾ കിട്ടുന്നിടത്തോളം ഉപയോഗപ്പെടുത്താമെന്നുള്ള ബഹുമാനപ്പെട്ടമന്ത്രിയുടെ വാഗ്ദാനം ആശ്വാസകരമാണ്. നമ്മുടെ ഡിപ്പാർട്ട്മെണ്ടുകളിൽ പലതും മദിരാശിസംസ്ഥാനത്തിലെയും മറ്റും ഡിപ്പാർട്ട്മെണ്ടുകളെ കണ്ണടച്ച് അനുകരിച്ചിട്ടുണ്ടായ അലങ്കാരമാത്രങ്ങളായ ഡിപ്പാർട്ട്മെണ്ടുകളാണ്. പഴഞ്ചൻ ഭരണക്കുടത്തോടനുബന്ധിച്ചുള്ളപോക്ക് അങ്ങിനെ തന്നെ പകർത്തുക എന്ന പാരമ്പര്യത്തിൽ നിന്നാണ് അത്തരം ഡിപ്പാർട്ട്മെണ്ടുകൾ ജന്മമെടുത്തിട്ടുള്ളത്. അപ്പോഴപ്പോൾ ചിലആളുകൾക്ക നല്ല നല്ല ഉദ്യോഗങ്ങൾ കൊടുക്കണം എന്നുകരുതി അതാതിന്നു പറ്റിയ form മറ്റോരോ ദിക്കിൽ നിന്നും പകർത്തീട്ടാണ് നാം ഇന്നു കാണുന്ന നൂലാമാലയിൽ എത്തീട്ടുള്ളത്. രാജ്യഭരണത്തിലെ ആവശ്യങ്ങൾ എന്തെല്ലാമെന്നു തീട്ടപ്പെടുത്തിയതിന്നു ശേഷം ഡിപ്പാർട്ട്മെണ്ടുകൾ Reshuffleചെയ്യുകയോ റിട്രഞ്ചുമെണ്ട് നടത്തേണ്ടതു് ഒരു അത്യാവശ്യമാണ്. ബഹുമാനപ്പെട്ട ഇരിങ്ങാലക്കുടമെമ്പർ നിർദ്ദേശിച്ചതുപോലെ ക്ലബ്ചെയ്യുകയോ എസ്റ്റാബ്ലിഷ്മെണ്ടു് ചാർജ്ജു കുറക്കാവുന്ന പലഡിപ്പാർട്ട്മെണ്ടുകളും കൊച്ചിയിൽ ഉണ്ട്. ദൃഷ്ടാന്തങ്ങൾ പലതും ഇവിടെ എടുത്തു കാട്ടിക്കഴിഞ്ഞു. പോലീസ് ഡിപ്പാർട്ട്മെണ്ടിൽ ഒരു കമ്മീഷണരും രണ്ടു് ഡപ്യൂട്ടികമ്മീഷണർമാരും ഒരു അസിസ്റ്റണ്ടുകമ്മീഷണരും ഒരു അഡ്മിനിസ്ട്രേറീവ് അസിസ്റ്റണ്ടും. ഈ ഉദ്യോഗപ്പേരുപ്പത്തിന്റെ പോക്കു കാണുമ്പോൾ കൊച്ചി രാജ്യത്തുള്ള ആളുകൾ എല്ലാം ക്രിമിനൽ പുള്ളികളാണോ എന്നു തോന്നിപ്പോകും. മെഡിസിൻ, പബ്ലിക്ക് ഹെൽത്തു്, വെറ്ററിനറി എന്നിവ ഒന്നിച്ചു് ഒരു മേധാവിയുടെ കീഴിലാക്കുന്നതു കൊണ്ടു് യാതൊരു കോട്ടവും ഉണ്ടാകാനില്ല. ആർക്കിയോളജിക്കൽ ഡിപ്പാർട്ട്മെണ്ടു് എന്നൊന്നു് ഇവിടെ ഉണ്ടു്. അതിലെ ഉപദേശക സമിതിയിലെ ഒരു മെമ്പറാണു് ഞാൻ. എനിക്കറിയാം അവിടെ നടക്കുന്നതെന്താണെന്നു്. വാസ്തവത്തിൽ അതിൽ ഒരു ചുക്കുമില്ല. അതു മൂസിയവുമായി ഒരുമിച്ചാക്കിയാൽ കായ്ക്ഷമതക്കു് ഒരു കുറവും വരാനില്ല. തൃശ്ശിവപേരൂർ ടൌൺഹാളിൽ പുരാതനവസ്തു ഗവേഷണം സംബന്ധിച്ചു Mohenjodaro, Harappa, എന്നീ സ്ഥലങ്ങളിൽ നിന്നും പാഡിങ്ടൺ മൂസിയത്തിൽ നിന്നുകൊണ്ടുവന്നിട്ടുള്ള ചില വിശേഷ വസ്തുക്കൾ കൊണ്ടുവച്ചിട്ടുണ്ടു്. ഇതെല്ലാം അതിന്നു തൊട്ടുകിടക്കുന്ന മൂസിയത്തിന്റെ ഒരു ഭാഗത്തു വെക്കുന്നതായാൽ ഒരു തരക്കേടും ഇല്ല. വാസ്തവത്തിൽ കായ്ക്ഷമത വർദ്ധിക്കുകയേ ഉള്ളൂ. മദിരാശിയിലും, ഡൽഹിയിലും ഈ നടപടിക്കു ഉദാഹരണങ്ങൾ ഉണ്ടു്. Library ഒരു പ്രത്യേക സെക്ഷൻ ആയി കൊണ്ടുനടക്കേണ്ടതില്ല. ഇതിൽ പലതും ഇപ്പോൾ ആരംഭിച്ചിരിക്കുന്ന റിട്രെഞ്ചുമെണ്ടിൽ പെടുമെന്നു് എനിക്കറിയാം. ഇനി ഒരു വക ഡിപ്പാർട്ട്മെണ്ടുകൾ ഇപ്പോൾ കാണുന്ന രീതിയിൽ നില നിർത്തേണ്ടവയല്ലാതായി തീർന്നിട്ടുണ്ടു്. നമ്മുടെ പബ്ലിക് സർവ്വീസ് കമ്മീഷൻതന്നെ ഒരു ദൃഷ്ടാന്തമാണു്. ഉദ്യോഗ വിതരണത്തിൽ നീതി ചെയ്യണമെന്നും അതിലേക്കുവേണ്ട നിബന്ധനകൾ ഉടനെ ഉണ്ടാക്കണമെന്നുള്ളതിൽ അഭിപ്രായഭേദമില്ല. പക്ഷെ അതിന്നു വേണ്ടി ഇന്നുള്ളതുപോലെ ഒരു സർവ്വീസ് കമ്മീഷൻ ആവശ്യമില്ലെന്നാണു വാദം. ഇങ്ങിനെ വേറെയും ഉദാഹരണങ്ങൾ പറയാനുണ്ടു്. പലതും പറഞ്ഞു കഴിഞ്ഞിരിക്കുന്നു. എനിക്കു് അതിപ്രധാനമായി ചൂണ്ടികാണിക്കുവാനുള്ള ഉദാഹരണം കുറെ വിപ്ലവാത്മകമാണു്. എന്നാലും പാരമ്പര്യത്തെ ഛേദ്യംചെയ്യുവാൻ ധൈര്യപ്പെട്ടിട്ടുള്ള ഈ സന്ധിയിൽ അതു പറയേണ്ടതാണെന്നു തോന്നുന്നു. നമ്മുടെ സിക്രട്ടറിയേറ്റിനെപ്പറ്റിയുള്ളതാണു് എന്റെ നിർദ്ദേശം. ഇന്നുള്ളതുപോലെ ഒരുസിക്രട്ടറിയേറ്റു് ജനകീയ ഭരണത്തിന്നുശേഷം ആവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം. മഹാരാജാവിന്റെ പ്രതിനിധിയായി ഒരു ദിവാനുണ്ടായിരുന്നപ്പോൾ അദ്ദേഹത്തെ സഹായിക്കുവാൻ ഒരു സിക്രട്ടറി ആവശ്യമായിരുന്നു. അദ്ദേഹത്തിന്നു ദിവാൻസിക്രട്ടറി എന്നായിരുന്നു പേരു്. തുടക്കത്തിൽ അധികാരമൊന്നുമില്ലാതിരുന്ന ഒരു ഉദ്യോഗമായിരുന്നിരിക്കണമതു്. കാലാന്തരത്തിൽ ദിവാന്റെ ചുമതലകൾ വർദ്ധിച്ചപ്പോൾ സിക്രട്ടറിമാരുടെ എണ്ണം കൂടി. മാത്രമല്ല ദിവാൻ പാസ്സാക്കേണ്ട ഒട്ടുവളരെ കായ്ങ്ങൾ ആ സിക്രട്ടറിമാർ പാസ്സാക്കിയാൽ മതിയെന്നായി. അങ്ങിനെ ദിവാന്റെ അധികാരത്തിൽ വലിയൊരു ഭാഗം സിക്രട്ടറിമാർക്ക് വിട്ടുകൊടുക്കപ്പെട്ടു. Standing Orders പരിശോധിച്ചാൽ Chief Secretary സിക്രട്ടറിയേറ്റിന്റെ തലവനെന്ന നിലയിൽ ഒരു Head of the Department ആയിരിക്കുമെന്നും കാണുന്നുണ്ടു്. ആദ്ദേഹത്തിന്റെ അധികാരം stamp office ഉൾപ്പെടെയുള്ള സിക്രട്ടറിയേറ്റിലെ കായ്ങ്ങൾ ക്രമപ്പെടുത്തി ഭരിക്കുക എന്നു മാത്രമാണു്. അതുവിട്ടു് ഡിപ്പാർട്ട്മെണ്ടു്

LIBRARY ARCHIVES Kerala Legislative Assembly

[Mr. Joseph Mundassery]

അദ്ധ്യക്ഷന്മാരുടെ പക്കലേക്ക് സിക്രട്ടറിയേറ്റിന്റെ തലവനെന്ന നിലയിൽ അധികാരത്തെ വ്യാപിപ്പിക്കുവാൻ അദ്ദേഹം അനുവദിക്കപ്പെട്ടന്നില്ല. ആ തോതിൽ ഒരു ചീഫ് സിക്രട്ടറി നിലനില്ക്കുന്നതു ഇന്നും ആവശ്യമാണു്. എന്നാൽ ദിവാനിൽ നിന്നും സിക്രട്ടറിമാർ അറിഞ്ഞോ അറിയാതെയൊ പിടിച്ചു പററ്റിട്ടുള്ള മേലധികാരങ്ങളും, ഡിപ്പാർട്ടുമെണ്ടു അദ്ധ്യക്ഷന്മാരുടെമേൽ പ്രയോഗിക്കത്തക്കവണ്ണമുള്ള അധികാരങ്ങളും Standing Orders പ്രകാരം ഇനിയും നിലനത്തണമെന്നുള്ളതു വളരെ ചിന്തിക്കേണ്ട ഒരു കാര്യമാണു്. ന്നു-ൽ പരം വകുപ്പുകളിലായി സിക്രട്ടറിമാക്കു് Standing Orders -ൽ അധികാരനിർദ്ദേശം ചെയ്തിട്ടുണ്ടു്. ആ വകുപ്പുകളിൽ ഫ, ഫു, ഫെ, ഫൻ, ന്ന, നു, നൂ, ന്റ, ന്ന, ന്നു, ന്ന, ഇൻ എന്നിങ്ങനെ ഒട്ടുവളരെ എണ്ണം അപ്രധാനങ്ങളും department അദ്ധ്യക്ഷന്മാക്കു വിട്ടുകൊടുത്താൽ യാതൊരപകടവും ഉണ്ടാകുവാൻ ഇടയില്ലാത്തവയുമാകുന്നു. പ്രസ്തുത അധികാരങ്ങളും വകുപ്പദ്ധ്യക്ഷന്മാരുടെ മീതെ സിക്രട്ടറിമാർ പ്രയോഗിക്കുന്നതു് ഒരിക്കലും കാര്യക്ഷമമാവുകയില്ല. വകുപ്പദ്ധ്യക്ഷന്മാരെ അപമാനിക്കുന്നതിനു തുല്യമാണു അത്തരം അധികാരങ്ങളും സിക്രട്ടറിയേറ്റിൽ വച്ചുകൊണ്ടിരിക്കുന്നതു്. Red-tapism വഴിപ്പിച്ചു് delaying നിലനിൽക്കാമെന്നല്ലാതെ യാതൊരു മെച്ചവും ഈ നടപടി കൊണ്ടില്ല. എന്തുകൊണ്ടു് അവയെല്ലാം വകുപ്പദ്ധ്യക്ഷന്മാക്കു delegate ചെയ്തുകൂടാ? യാതൊരു ന്യായവും അതിനെതിരായി Constitutional ആയിട്ടുപോലും ഞാൻ കാണുന്നില്ല. വാസ്തവത്തിൽ ഇന്നത്തെ ഭരണം Constitutional ആകണമെങ്കിൽ സിക്രട്ടറിമാരുടെ ഈ അധികാരപ്രപഞ്ചം മന്ത്രിമാക്കും വകുപ്പദ്ധ്യക്ഷന്മാക്കുമായി പകുത്തു കൊടുക്കേണ്ടതാണു്. മേൽ പറഞ്ഞ വകുപ്പുകളൊഴിച്ചാൽ ശേഷിക്കുന്നതു കുറെ വലിയ കാര്യങ്ങളിൽ ഉത്തരവിടുവാനുള്ള അധികാരങ്ങളാണു്. ഉദാഹരണത്തിനു Transfer of allotmemt തന്നെ എടുക്കുക. ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ള സംഖ്യകളിൽ നിന്നു് വലിയ സംഖ്യകളും കൈമാറ്റം ചെയ്യുന്നതിൽ ദിവാൻ ഭരണകാലത്തു സിക്രട്ടറിമാർ അനുവദിക്കപ്പെട്ടിരുന്നിരിക്കാം. പക്ഷെ ഇന്നതു ശരിയല്ല. വലിയ allotment കളും transfer ചെയ്യുന്നതെല്ലാം മന്ത്രിമാർ നേരിട്ടു ചെയ്യേണ്ടതാണു്. അങ്ങിനെ വരുമ്പോൾ പിന്നെ എന്തധികാരമാണു് ഈ സിക്രട്ടറിമാക്കു ശേഷിക്കുന്നതു്? ചില്ലറ വകുപ്പുകളും വകുപ്പദ്ധ്യക്ഷന്മാക്കു വിട്ടുകൊടുത്തു പ്രധാന വകുപ്പുകളും മന്ത്രിമാർ ഏറെറടുക്കുന്നതുകൊണ്ടു് അവക്കു ജോലി വർദ്ധിക്കും, എന്നു വിചാരിച്ചുകൂടാ. ര ഉണ്ടല്ലൊ മന്ത്രിമാർ. ഓരോ Port folio-യിലും ഉള്ള മേജർ items മാത്രമാണു് ഒരു മന്ത്രിക്കു നോക്കേണ്ടതായി വരുന്നതു്. അദ്ദേഹത്തെ സഹായിക്കുവാൻ സൂപ്രണ്ടിന്റെ തസ്തികയിൽ മിടുക്കനായ ഒരു പ്രൈവറ്റ് സിക്രട്ടറി ഉണ്ടെങ്കിൽ കാര്യനടത്തിപ്പിനു് ഒരു പ്രയാസവും നേരിടുകയില്ല. അങ്ങിനെ ചെയ്യുന്നതാണു ജനകീയ ഭരണത്തിനു യോജിച്ച നടപടി. സിവിൽ ലീസ്റ്റിൽ കൊച്ചിൻ ഗവണ്മെണ്ടു് എന്നു തലക്കെട്ടിൽ മഹാരാജാവു്, അസംബ്ലിപ്രസിഡണ്ടു്, മന്ത്രിമാർ എന്നില്ലാതെ മന്ത്രിമാക്കു മുഴുവൻ ഹജൂർ സെക്രട്ടറിമാരെ കൂടി ഉൾപ്പെടുത്തികാണാറുണ്ടു്. അതു പഴയ നടപടിയുടെ ബാക്കിയായിരിക്കാം. തെറ്റാണതു്. അധികാരമില്ലാത്ത സിക്രട്ടറിമാർ ഗവണ്മെണ്ടിന്റെ ഘടകങ്ങളായിരിക്കുകപാടില്ല. Standing Orders ലെ പ്രധാന വകുപ്പുകളും മന്ത്രിമാർ സിക്രട്ടറിമാരിൽ നിന്നു പിടിച്ചെടുത്തു നേരിട്ടു കൈകാര്യം ചെയ്യണമെന്നുള്ള എന്റെ നിർദ്ദേശം വീണ്ടും വീണ്ടും ഞാൻ ആവർത്തിക്കുന്നു. ജനകീയ ഭരണത്തിനു വല്ല അർത്ഥവുമുണ്ടാകണമെങ്കിൽ അതു ചെയ്യണം. ഈ നിയമസഭയുടെ സമ്മതമില്ലാതെ അല്ലെങ്കിൽ ഈ നിയമസഭയുടെ പ്രതിനിധികളായ മന്ത്രിമാരറിയാതെ Trasnfer of allotment തൊട്ടുള്ള വലിയ കാര്യങ്ങളും ഹജൂർ സിക്രട്ടറിമാർ ഒരിക്കലും നടത്തിക്കൂടെന്നു എനിക്കു ശാഠ്യം ഉണ്ടു്. ഇപ്പറഞ്ഞ മാതിരി അധികാര വിഭജനം ചെയ്യുമ്പോൾ ഹജൂർ സിക്രട്ടറിമാക്കു വെറും Post Office ന്റെ സ്ഥാനമെ അവശേഷിക്കുന്നുള്ളൂ. Red-Tapism ത്തിൽ ആവശ്യം ഭാവിയായിട്ടുള്ള ദോഷങ്ങൾക്കു മാത്രം അവർ ഉത്തരവാടപ്പെട്ടിരിക്കും. Standing orders പ്രകാരം സിക്രട്ടറിയേറ്റിൽ ഗ്രൂപ്പുസ്ഥന്മാരുടെ പ്രവൃത്തികളെ ക്രമീകരിക്കുന്നതു് സൂപ്രണ്ടന്മാരാണു്. ആ സൂപ്രണ്ടന്മാർ പ്രധാന മന്ത്രിയുടേയും സഹമന്ത്രിമാരുടേയും പ്രൈവറ്റ് സിക്രട്ടറിമാരായി നേരിട്ടു് ബന്ധപ്പെട്ടു് ഹജൂരിലെ ക്ലെറിക്കൽ സ്റ്റാഫ്-Ministerial Staff ആയി രൂപാന്തരപ്പെട്ടെ പറ്റൂ. അങ്ങിനെ ചെയ്യുന്നതു കൊണ്ടു് പല ലാഭങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ട്". ജനകീയഭരണം അർത്ഥവത്താകും, അനാവശ്യ ചിലവു കുറയും; File System കൊണ്ടുള്ള ദോഷങ്ങളും എറെക്കുറെ പരിഹരിക്കപ്പെടുകയും ചെയ്യും. ഈ ഫയൽ സിസ്റ്റം പരിഷ്കരിക്കപ്പെടണമെന്നുള്ളതു് ഒരടിയന്തിരാവശ്യമാണു്. അതിനെപ്പറ്റി Civil Service ൽ വൈദഗ്ദ്ധ്യം നേടീട്ടിട്ടുള്ള രാജ്യതന്ത്രജ്ഞന്മാർ എഴുതീട്ടുണ്ട്. Text Book കളിൽ പറയുന്നതു് അങ്ങിനെതന്നെ വിശ്വസിച്ചു കൂടെന്നു് ബഹുമാനപ്പെട്ട ഫിനാൻസു് മന്ത്രി അഭിപ്രായപ്പെട്ട എങ്കിലും G. D. H. Cole നെപ്പോലെയുള്ള ഒരു വലിയ രാജ്യ തന്ത്രജ്ഞൻ സിവിൽ സർവ്വീസിലെ File System തെപ്പറ്റി വിമർശിച്ചിട്ടുള്ളതു് ഒരു അധികാരികരേഖയെന്ന മട്ടിൽ ഞാൻ ഇവിടെ ഉദ്ധരിക്കുന്നു. ഈ ഭാഗം ഇവിടത്തെ സിവിൽ സർവ്വീസിനെപ്പറ്റിതന്നെയാണൊ എഴുതിട്ടുള്ളതു് എന്നു വായിച്ചു നോക്കുമ്പോൾ തോന്നും.

"I believe it to be the case that the existing civil service system does lend itself to the evasion of responsibility, and that the key to the solution is to be looked for in the curious system of filing and minuting which still dominates the service. I have read many of those curious files of documents in which the original papers are accompanied by a growing series of largely illegible notes in the handwriting of the series of departmental officers under whose scrutiny the files have passed—each recipient passing the dossier on to some-one else, his immediate next up or next down in the hierarhy, in the expectation that some day the file will get into the hands of somebody who will proceed to take action upon it The effect of this system is that to a great extent, action in the Civil Service proceeds in single files, instead of by a simultaneous advance. I suppose the system was devised as an elaborate check; in order to prevent the possibility of self-contradiction by the department through different officers action simultaneously in different ways. Some check, I have no doubt, is needed; but it seems to me that the file system, as it is ordinarily used, does slow matters up very badly. and does make it unduly easy for any one who wishes to evade responsibility to pass it on to some-one else. I know that this file system is not slavishly adherred to, even in peace, and that Civil Servants do ring one another upon the telephone without observing the strict order of official precedence. But there is a good deal too much of this slowing circulating file arrangement; and I think a good many files do in practice go on passing from hand to hand so long, without anything being done, that the matter in question often settles itself by sheer lapse of time before the file has come to rest.

Delay, Evasion of Responsibility, Hide and seek Policy. ഇതു ഒരു ദോഷങ്ങളും ഫയൽ സിസ്റ്റത്തിന്റെ ജന്മദുർഗ്ഗുണങ്ങളാണു്. ഉത്തരവാദപ്പെട്ട ഒരു ഗവർമ്മെന്റിനു് ഈ ദോഷങ്ങളും വെച്ചുകൊണ്ടിരിക്കാവുന്നതല്ല. ഇതിൽ പരിഷ്കാരം വരുത്തുമോ എന്നു ലോചിക്കണം. സിക്രട്ടറിയേറ്റിൽ നിന്നു പോസ്റ്റാഫീസുപോലെയുള്ള സിക്രട്ടറിമാരെ ഒഴിവാക്കിയാൽ പ്രസ്തുതദോഷങ്ങളും ഒട്ടൊക്കെ നീങ്ങും. File System-ൽ അനാവശ്യമായുള്ള കറസ്പൊണ്ടൻസു് വൻതോതിൽ വെറുതെ പണിവർദ്ധിക്കുന്നതിനു് ഒന്നൊന്നര ഉദാഹരണങ്ങളും ചൂണ്ടിക്കാട്ടി ഞാൻ ഈ നിർദ്ദേശം അവസാനിപ്പിക്കാം. ഭക്ഷണക്ഷാമം ഭയങ്കരമായിരുന്ന ഒരുകാലത്തു് വടക്കെ ഇന്ത്യയിൽ ഒരു Famine officer കീഴുദ്യോഗസ്ഥനയച്ച ഒരു നിർദ്ദേശം കാണുക.

"Study the character of the Gangetic Golfin and send up a report about the Capture & utility of it.,,

അതിനു കുറേക്കൂടി കാര്യവിവരമുള്ള കീഴുദ്യോസ്ഥൻ അയച്ചുകൊടുത്ത മറുപടി ഇപ്രകാരമാണു് "The gangetic golfin goes base at the Appex.' ഇവിടെ Appex എന്നതിനു തലക്കുറി എന്നും ചുണ്ടു് എന്നും ആണു് അർത്ഥം. Base എന്നതിനു് ചീത്ത എന്നും പരന്നതു് എന്നും അർത്ഥം. Golfin എന്ന മത്സ്യത്തിന്റെ ചുണ്ടു പരന്നിരിക്കുന്നു എന്നുള്ള ഒരു ധർമ്മമേ തൽക്കാലം അറിവുള്ളൂ എന്നാണു് കീഴുദ്യോഗസ്ഥന്റെ മറുപടി. അതേസമയത്തുതന്നെ Golfin എന്ന മത്സ്യത്തെപ്പറ്റി റിപ്പോർട്ടുചെയ്യുവാൻ ആവശ്യപ്പെട്ട Officer-ടെ തലയിൽ ഒന്നും ഇല്ല എന്ന ഹാസ്യവും അതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടു്. പിന്നെ കീഴുദ്യോഗസ്ഥൻ പറയുന്നു.—

"This is the only characteristic of Gangetic Golfin, I know of, More detailed report will be made in the course of two weeks."

ക്ഷാമനിവാരണത്തിനുള്ള അടിയന്തിരനടപടിയാണിതു"! (ചിരി)

വേറൊരു ഉദാഹരണം, ഒരു ആഫീസിലെ ഒരു കീഴുദ്യോഗസ്ഥൻ വെള്ളം കുടിക്കുവാനുപയോഗിക്കുന്ന ഒരു ടംബ്ലർ വേണമെന്നു മേലുദ്യോഗസ്ഥനു് ഒരു റിപ്പോർട്ടയച്ചു. അ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Joseph Mundasseri.]

പ്പോൾ മേലുദ്യോഗസ്ഥൻ ചോദിച്ചു, ആദ്യം ഉണ്ടായിരുന്ന ടംബ്ലർ എന്തുചെയ്തു എന്നു്. അതിനു മറുപടിയായി ടംബ്ലർ ജനവാതൽപടിയിന്മേൽ വെച്ചിരുന്നുവെന്നും ജനൽകതകിന്റെ ഒരു ചില്ലു് പൊട്ടിയിരുന്നിരുന്നതിനാൽ കാറ്റു് അകത്തേക്കു് കടന്നു് ടംബ്ലറിന്മേൽ തട്ടി അതു താഴെവീണു് ഉടഞ്ഞു എന്നും എഴുതിയയച്ചു. അപ്പോൾ ജനലിന്റെ ചില്ലുടയുവാൻ എന്താ കാരണമെന്നു ചോദിച്ചു് ആ കടലാസു മടക്കി, അതിനു് എന്തോ ഒരു മറുപടി എഴുതി അയച്ചു. അതും പോരെന്തോ കാരണം പറഞ്ഞു മടക്കി. അവസാനം രണ്ടുരണ്ടര മാസം കഴിഞ്ഞപ്പോൾ ടംബ്ലർ ഇല്ലാതെ കഷ്ടപ്പെടുന്ന ഉദ്യോഗസ്ഥൻ കടലാസുകമ്പിമേൽ കോട്ടിയാണു് വെള്ളം എടുത്തു കുടിക്കുന്നതെന്നും കടലാസിൽ വെള്ളം തട്ടി അതകത്തു ചെന്നാൽ T. B. എന്ന സുഖക്കേടു പിടിപെടുമെന്നും അതുകൊണ്ടു് ഉടനെ ഒരു ടംബ്ലർ വാങ്ങുവാൻ അനുവദിക്കണമെന്നും കീഴുദ്യോഗസ്ഥന്റെ അടുത്ത മേലധികാരി ശുപാർശചെയ്തു. വലിയ ഉദ്യോഗസ്ഥനു് എഴുതി അയച്ചു. അപ്പോൾ ആ വലിയ ഉദ്യോഗസ്ഥൻ—രണ്ടുരണ്ടരമാസത്തിനു ശേഷം—ഇങ്ങിനെ മറുപടി അയച്ചു.— "I don't want to encourage T. B. in my office. Let him purchase a tumbler" (ചിരി) കീഴുദ്യോഗസ്ഥൻ ടംബ്ലർ വാങ്ങുകയും ചെയ്തു. ഇതുപോലെയുള്ള അനാവശ്യ താമസങ്ങളും തടസ്സങ്ങളുമാണു് ഈ ഫയൽ സിസ്റ്റം കൊണ്ടു നാം കാണുന്നതു്. ഇങ്ങിനെ ഫയൽ സിസ്റ്റത്തിൽ ജനിച്ചു വളർന്നിട്ടുള്ള നമ്മുടെ ഫങ്ഷനരിൽനിന്നു Constitution ശരിപ്പെടുത്തുവാൻ സിക്രട്ടറിമാരെ അധികാരമില്ലാത്തവരാക്കി Standing orders amend ചെയ്തു പിരിച്ചയച്ചു ബാക്കിയുള്ള Staff-ൽ ആവശ്യമുള്ളിടത്തോളം പേരെ Ministerial Staff ആയി രൂപാന്തരപ്പെടുത്തണമെന്നുള്ള അഭിപ്രായം ഞാൻ ഇന്നത്തെ ഗവമ്മെണ്ടിന്റെ ഗാഡമായ പഠിലോചനക്കു സമർപ്പിച്ചുകൊള്ളുന്നു. പാരമ്പര്യത്തെ എതുക്കുന്നതുകൊണ്ടു് നമ്മുടെ System തകരുമെന്നു് പേടിക്കേണ്ടതില്ല. ജനകീയഭരണത്തിൽ ഓരോ കാൽവെപ്പും പാരമ്പര്യത്തെ എതുക്കലാണു്. ഫങ്ഷനരിനെ സംബന്ധിച്ചുള്ള ഈ പാരമ്പര്യഭഞ്ജനവും നമുക്കു ചെയ്യാമോ എന്നു് പരീക്ഷിക്കേണ്ടതാണു്. ഇത്രയും പറഞ്ഞുകൊണ്ടു് ഞാൻ ഉപസംഹരിച്ചുകൊള്ളുന്നു.

മിസ്റ്റർ കോടനാട്ടു് നാരായണൻനമ്പൂതിരിപ്പാടു്: ഇവിടെ റിട്രെഞ്ച്മെന്റിനെ സംബന്ധിച്ചു് Concrete ആയിട്ടുള്ള നിർദ്ദേശങ്ങൾ ലഭിച്ചിട്ടില്ല, മെമ്പർമാരിൽനിന്നും എന്നാണു് പറഞ്ഞുകേട്ടതു്. ഒന്നു രണ്ടു കാര്യങ്ങൾ ഞാനും പറയാം. ഇന്നത്തെ നിലക്കു് പഞ്ചായത്തു് ആപ്പീസുകളിൽ ക്ലാർക്കുമാർക്കു് വാസ്തവത്തിൽ യാതൊരു പണിയുമില്ല. ഞാൻ ഒരു പഞ്ചായത്തു് പ്രസിഡണ്ടാണു്. അതുകൊണ്ടു് എന്റെ സ്വന്തം അനുഭവത്തിൽനിന്നും പറയുന്നതാണു്. ഇന്നു് പഞ്ചായത്തിലെ ക്ലാർക്കന്മാർക്കു് ബില്ലു് തയ്യാറാക്കുകയും, പണം വാങ്ങുകയും മാത്രമെ കായ്മായ ജോലിയായിട്ടുള്ളു. എനിക്കു് ഈ സംഗതി ഫ 0—ഫ വ കൊല്ലമായിട്ടു് വിവരമുണ്ടു്. അന്നു് രണ്ടുപേരികൊണ്ടു് നടന്നിരുന്ന ജോലിയാണു് ഇന്നു് ര 0ം ര ങ-ം ക. ചിലവുചെയ്തു നടത്തുന്നതു് മാസാവസാനത്തിൽ ബിൽ എഴുതുക, പണം വാങ്ങുക, ഇതുമാത്രമാണു് ജോലി. ഒന്നുകിൽ അവരെ പിരിച്ചുവിടണം, അല്ലെങ്കിൽ അവക്കു് ശരിയായ പണികൊടുക്കണം. അതല്ലെങ്കിൽ, ഈ നിലക്കു് നിന്നുപോകുന്നതായാൽ പണമില്ലാതെ ബുദ്ധിമുട്ടുന്ന ഇക്കാലത്തു് ഗവമ്മെണ്ടു് ചെയ്യുന്നതു് വലിയ ഒരു പാപമാണു്. അതുപോലെതന്നെ inefficiency യെ സംബന്ധിച്ചും ഒന്നു രണ്ടു സംഗതികൾ പറയാം. ഞാൻ ഒരു കോഓപ്പറേറ്റീവു് സൊസൈറ്റിയിലെ പ്രസിഡണ്ടാണു്.

മിസ്റ്റർ സി. സി. പ്രസാദ്:— ബഹുമാനപ്പെട്ട മെമ്പർക്കു് എന്തെല്ലാം ജോലിയാണുള്ളതു്.!

മിസ്റ്റർ കോടനാട്ടു് നാരായണൻനമ്പൂതിരിപ്പാടു്: പലേജോലികളുമുണ്ടു്. ഒരു സ്റ്റാഫ് മാനേജ്മെണ്ടും എനിക്കുണ്ടു്. ഒന്നും ശമ്പളമില്ലാത്ത ജോലികളാണു്. അതെന്തെങ്കിലുമാകട്ടെ. അഞ്ചെട്ടുമാസംമുമ്പാണു്, സൊസൈറ്റിയിൽനിന്നും ഒരു റസലൂഷൻ പാസ്സാക്കി ഗവമ്മേണ്ടിനയച്ചു. പണം പാസ്സായികിട്ടേണ്ട ഒരു കാര്യത്തിന്നായിരുന്നു. വളരെ കാലം കഴിഞ്ഞിട്ടും മറുപടികിട്ടായ്കയാൽ ഒടുവിൽ സെക്രട്ടറി ആഫീസിൽപോയി അന്വേഷിച്ചു. മാനേജരെകണ്ടു ചോദിച്ചപ്പോൾ, അവിടെ നിന്നും പാസ്സാക്കി അയച്ചിട്ടു് മൂന്നാഴ്ചകഴിഞ്ഞുവെന്നു പറഞ്ഞു. ഞങ്ങൾക്കു് കിട്ടീട്ടില്ലെന്നു് പറഞ്ഞപ്പോൾ വീണ്ടും ക്ലാർക്കിനെ വിളിച്ചു ചോദിച്ചു. ബഹുമാനപ്പെട്ട ലേഡിമെമ്പർമാർ ദേഷ്യപ്പെടരുതു്. ക്ലാർക്കു് ഒരു 'മാലതി' യാണു്. മാലതിയോടു ചോദിച്ചപ്പോൾ ഞാൻ അതു് അയച്ചിട്ടില്ല; മറന്നു

LIBRARY ARCHIVES Kerala Legislative Assembly

പോയി, എന്നു പറഞ്ഞു. (ചിരി). ഇതുപോലെ inefficiency യെ സംബന്ധിച്ചു് പല ഉദാഹരണങ്ങളും പറയാനുണ്ടു്.

മിസ്റ്റർ പ്രസിഡണ്ടു്:— Inefficiency-യും Retrenchment-ും തമ്മിലുള്ള ബന്ധം?

മിസ്റ്റർ കോടനാട്ടു് നാരായണൻനമ്പൂതിരിപ്പാടു്: Retenchment-ൽ ഇതുപോലെയുള്ള inefficiency യെ ഇല്ലായ്മചെയ്യുവാൻ ശ്രദ്ധിക്കണമെന്നാണു് പറയുന്നതു്.

മിസ്റ്റർ കെ. എൻ. പച്ചയ്യപ്പ കവുണ്ടർ:— സർ, ഇപ്പോഴത്തെ റിട്രെഞ്ചുമെണ്ടു വിഷയമാക ചപാ മുന്നിലെയിൽ പല ചപാവാസികളും അവരവർകളുടെയ അപിപ്പിരായങ്കളെ കുറിനാർകഠം. അതുകഠം യാവത്തും നാനും കവനിത്തേൻ. ഇവ്വിഷയമാക ഒരു ചങ്കതി എനക്കും തവർമെണ്ടാരിൻ കവനത്തുക്കു കൊണ്ടുവരുവതിർക്കുണ്ടു. അതെന്നവെൻറാൽ, തൊഴിൽചാലൈകളിൽ ഒരു വേലൈക്കാറനൈ നു മാതങ്കളുക്കു വേലൈ ചൈയ്വതിർക്കു അമർത്തികൊണ്ടാൽ അതർക്കുമേൽ അവനൈ വേലൈയിലിരുന്തു പിരിന്തുവിടവേണമാനാൽ നോട്ടീസുകൊടുക്കവേണ്ടിയിരുക്കിറതു്. അപ്പിടിരുക്ക നാലഞ്ചുവരുഷങ്കഠം കവർമെണ്ടിൽ ഉത്തിരയാകത്തിൽ വേലൈ പാത്തവർകളൈ ഒരു മുന്നറിയിപ്പും ഇല്ലാതു പിരിന്തുവിടവതു ചരിയല്ല. അവ്വിതം പിരിന്തുവിടവതാക ഇരുന്താൽകൂട ഒൻറു ഇരണ്ടു മാത ചമ്പളമാവതു കൊടുത്തു പിരിന്തുവിടവതുതാൻ ന്യായം.

അതൈകയാൽ ടി മാതിരി റിട്രെഞ്ചുമെണ്ടു വിഷയത്തിൽ ചെയ്യവേണ്ടുമെൻറ മന്തിരിമാരൈയും കവർമെണ്ടൈയും കേട്ടുക്കൊഠംകിറേൻ.

നിർക്ക, പെരിയപെരിയ ഉത്തിയോകത്തിൽ ഇരിപ്പവർകഠം അവ്വളവുപേരൈയും പിരിത്തുവിട്ടതാക കാണോം. ചിറിയ ചമ്പളം വാങ്കി, ലഞ്ചം വാങ്കാമൽ കഷ്ടിച്ചു കടംപം കഴിന്തുവരുകിടിയവർകളൈ ഉടനടി പിരിത്തുവിട്ടാൽ അവർകളുടെയ പാവപ്പെട്ട തായ്തകപ്പൻമാരും, കുഴന്തൈകളും പരിതവിക്കവേണ്ടിവരുവതു തിണ്ണം. ഇന്ത കാരണങ്കളൈ മുന്നിട്ടും നോട്ടീസു കൊടുക്കവേണ്ടും. പിരിത്തുവിടുംപോതു ഒൻറു ഇരണ്ടു മാസത്തു ചമ്പളമും കൊടുക്കവേണ്ടും, എൻറ മന്തിരി ചയൈയുടനും കവർമെണ്ടിനിടമും കേട്ടുക്കൊഠംകിറേൻ.

മിസ്റ്റർ മുഹമ്മദ് അയൂബ്സേട്ടു്: ഞാൻ ഈ ഉപക്ഷേപത്തെ എതുക്കുന്നു. പണമില്ല എന്ന കായ്വും പറഞ്ഞു് ഗവൺമെണ്ടിൽനിന്നു് ജനങ്ങളുടെമേൽ നികുതിചുമത്തുവാൻ ഇടയായിത്തീന്നിട്ടുള്ള ഒരു കാലമാണു് ഇതു്.

Mr. President: We are not on taxation, but on retrenchment.

മിസ്റ്റർ മുഹമ്മദ് അയൂബ്സേട്ടു്; റിട്രെഞ്ചുമെണ്ടുകൊണ്ടു് ആളുകളെ കൂടുതൽ ദരിദ്രരാക്കുകയാണു് ചെയ്യുന്നതു്. അതുകൊണ്ടു് വലിയ ഉദ്യോഗസ്ഥന്മാരേയും, ചെറിയ ഉദ്യോഗസ്ഥന്മാരേയും പരിച്ചുവിടുകയല്ല വേണ്ടതു്. ആളുകളെ കൂട്ടുകയാണു് വേണ്ടതെന്നാണു് എൻറെ അഭിപ്രായം.

*മിസ്റ്റർ പി. കെ. പോറ്റി: സർ, വളരെ വൈകിയ ഈ സമയത്തു് ദീർഘനേരം ഇതിനെപ്പററി പ്രതിപാദിക്കണമെന്നു് ഞാൻ ഉദ്ദേശിക്കുന്നില്ല. ബഹുമാനപ്പെട്ട അരണാട്ടുകര മെമ്പർ തൻറെ സ്വതസിദ്ധമായ പ്രാഗത്ഭ്യത്തോടുകൂടി ചെയ്ത പ്രസംഗത്തിൽ, അടങ്ങിയ സംഗതികളെപ്പററി ബഹുമാനപ്പെട്ട ഗവൺമെണ്ടു് അവശ്യാഡമായി ചിന്തിക്കണമെന്നും, ഫയലിംഗു് സിസ്റ്റത്തിൻറെ സമ്പ്രദായം മനസ്സിലാക്കി, അതിൽ എന്തെങ്കിലുംമാററം ചെയ്യുവാനുണ്ടെങ്കിൽ അതു ചെയ്യണമെന്നുമാണു് എനിക്കു പറയുവാനുള്ളതു്. ഇന്നലെ ബഹുമാനപ്പെട്ട മന്ത്രിപറഞ്ഞു, ഈ കായ്ത്തിൽ സ്പീകായ്മയായിട്ടുള്ള നിർദ്ദേശങ്ങൾ കൊടുക്കുന്നതു നന്നായിരിക്കുമെന്നും, അതിനുശേഷം ഏതെല്ലാം ഉദ്യോഗസ്ഥന്മാരെ പിരിച്ചയക്കണമെന്നു് തീർച്ചയാക്കുന്നതാണു് നന്നായിരിക്കുകയെന്നും പറയുകയുണ്ടായി.

ആദ്യമായിട്ടു് എനിക്കു പറയുവാനുള്ളതു് ഫോറസ്റ്റ് ഡിപ്പാർട്ടുമെണ്ടിൽ ഉള്ള മൂന്നു കൺസർവേററർമാരുടെ കായ്യം എടുക്കാം. ഒരു അസിസ്റ്റാണ്ടു് കൺസർവേററർ, ഒരു ഡെപ്യൂട്ടി കൺസർവേററർ, പിന്നെയും ഒരു അസിസ്റ്റണ്ടു കൺസർവേററർ ഇങ്ങിനെ മൂന്നു തസ്തികകഠം ആവശ്യമില്ലാത്തതാണു്. അതുപോലെതന്നെ റെയിഞ്ചർമാരുടെ തസ്തികകളും കുറയ്ക്കുവാൻ സാധിക്കും. എന്നാൽ ഫോറസ്റ്റർമാക്കു് കൊടുക്കുന്ന ശമ്പളം വളരെ തുച്ഛമാണു്. ഫോറസ്റ്റുക്കു് ഒരു എക്സൈസ്സു ഇൻസ്പക്ടരുടേയോ, പോലിസ്സു ഇൻസ്പക്ടരുടേയോ ഗ്രേഡിലുള്ള ശമ്പളം അനുവദിക്കണം. ഇതാണു് എനിക്കു ഫോറസ്റ്റ് ഡിപ്പാർട്ടുമെ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടിനെപ്പറ്റി പറയുവാനുള്ളതു്. ഇനി പബ്ലിക്ക് സർവ്വീസ്സിനെപ്പറ്റി പറയാതെ നിവൃത്തിയില്ല. ഈ ഒരു കാര്യത്തിൽ ഇവിടെ തീവ്രമായ വാദപ്രതിവാദം നടക്കുകയുണ്ടായി. എന്റെ അനുഭവം പറയുകയാണെങ്കിൽ, "ആരുതന്നെ മുഷിഞ്ഞാലും—നേരുതന്നെ കഥിക്കണം; പേരു നിമ്മലമാക്കേണം,—ചേരുംമാർഗ്ഗേ ചരിക്കണം" എന്നുള്ള ആപ്തവാക്യത്തെ അടിസ്ഥാനപ്പെടുത്തിനോക്കുമ്പോൾ ഇവിടെ വരവുചിലവു ചെയ്യിട്ടുള്ള സംഖ്യയിൽ ഭൂരിപക്ഷം ശമ്പളവകയ്ക്കു മാത്രമായിട്ടു ചിലവുചെയ്തിട്ടുണ്ടെന്നുള്ള വിശ്വാസംഎനിക്കില്ല. എന്നാൽ ചില ഉദ്യോഗങ്ങൾ കുറക്കാതേയും തരമില്ല. ആ കാര്യത്തിനു് ആവശ്യമായ ഒരു നിവാരണമാർഗ്ഗം കണ്ടുപിടിക്കുകയും വേണം. ഇതു വേണ്ടതുപോലെ വേഗത്തിൽ നിവ്വഹിക്കുന്നതിനു് ഇവിടെയുള്ളവരെക്കൊണ്ടു സാധിക്കുകയില്ലെങ്കിൽ, തൃശ്ശൂരുള്ള റോഡുകളും മറ്റും കോൺക്രീറിടുന്നതിനു് അമേരിക്കൻ കമ്പനിക്കാരെ എല്പിച്ചതുപോലെ മറ്റാരെയെങ്കിലും ഏല്പിച്ചു ഏറ്റവും വേഗത്തിൽ നിവ്വഹിക്കുന്നതു വളരെ നന്നായിരിക്കും.

Mr. President:— The Hon'ble member will please wind up his speech because Government have to reply and the demand will have to be put.

മിസ്റ്റർ പി. കെ. പോൾ:— എൻജിനീയറിംഗ് ഡിപ്പാർട്ട്മെണ്ടിൽ ഇപ്പോഴുള്ള എൻജിനീയർമാർ മുഴുവനും ആവശ്യമില്ല. എക്സിക്യൂട്ടീവു് എൻജിനീയർമാരെ കുറക്കുകതന്നെ വേണം. ഒരു ഡിവിഷനു് ഒരു എൻജിനീയർ മാത്രം മതി. അതുപോലെ എലക്ട്രിക്കും, മെക്കാനിക്കലും കൂടി ഒന്നാക്കിയാൽമതി. അസിസ്റ്റണ്ടു് എൻജിനീർമാരും വളരെ അധികമാണു്. വാസ്തവത്തിൽ ഇവരെയൊക്കെ കുറച്ചു വക്കു സൂപ്രണ്ടുമാരുടെ എണ്ണം വല്പിപ്പിക്കുകയാണു് വേണ്ടതു്. അതുകൊണ്ടു് എക്സിക്യൂട്ടീവു് എൻജിനീയർമാരേയും, അസിസ്റ്റാണ്ടു് എൻജിനീയർമാരേയും കുറയ്ക്കണം. അതാണു് ഇതിൽ പ്രായോഗീകമായിട്ടുള്ളതു്.

Mr. President:— Please wind up the speech.

മിസ്റ്റർ പി. കെ. പോൾ.— ഒരു വാക്കുംകൂടി പറഞ്ഞുകൊണ്ടു് എന്റെ പ്രസംഗം അവസാനിപ്പിക്കാം. അഗ്രികൾച്ചർ ഡിപ്പാർട്ട്മെണ്ടും കോ-ഓപ്പറേറീവു് ഡിപ്പാർട്ട്മെണ്ടും തമ്മിൽ ഒന്നാക്കി അതു ഒരു തലവന്റെ കീഴിലാക്കുന്നതുകൊണ്ടു വിരോധമില്ല. അധികൃത ഡിപ്പാർട്ട്മെണ്ടും ഇതിൽ ഉൾപ്പെടുത്താവുന്നതാണു്. ഇനി ഇതുപോലെ പ്രായോഗീകമായിട്ടുള്ളതു് പലതും പറയുവാനുണ്ടെങ്കിലും സമയമില്ലാത്തതുകൊണ്ടു് എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

* മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: സർ, ഈ വിഷയത്തെ സംബന്ധിച്ചു പ്രസംഗിച്ച ബഹുമാനപ്പെട്ട മെമ്പർമാരോടു് ഞാൻ വളരെ കടപ്പെട്ടവനായിരിക്കുന്നു. അതിനാൽ ബഹുമാനപ്പെട്ട പൂമംഗലം മെമ്പർ ഒഴിച്ചു ബാക്കി എല്ലാമെമ്പർമാരും ഇവിടെ തന്നിട്ടുള്ള നിർദ്ദേശങ്ങളെ വളരെ നിഷ്കർഷയോടുകൂടി ആലോചിച്ചു ഗവണ്മെണ്ടു പ്രവർത്തിക്കുന്നതായിരിക്കും. റിട്രെഞ്ചുമെണ്ടുനടത്തിക്കൊണ്ടിരിക്കുന്ന ഈയവസരത്തിൽ ഇവിടെ നടന്ന നിർദ്ദേശങ്ങളെല്ലാം വളരെഉപകാരപ്രദങ്ങളാണു്. ഈപ്രമേയത്തിൽ ആദ്യമായിട്ടു പറഞ്ഞിട്ടുള്ളതു് റിട്രെഞ്ചുമെണ്ടു് വളരെ ജാഗ്രതയായിട്ടുനടത്തണമെന്നാണു്. എന്നാൽ അതു് എതാണ്ടു വളരെയൊക്കെ ജാഗ്രതയായിട്ടു നടത്തിവരുന്നുണ്ടു്. എക്സൈസു്, റജിസ്ട്രേഷൻ, അഞ്ചൽ, ഇൻഡസ്ട്രീസു് & കോമേഴ്സു്, ലേബർ, മെഡിക്കൽ എന്നീഡിപ്പാർട്ട്മെണ്ടുകളുടെയെല്ലാം റിട്രെഞ്ചുമെണ്ടു തീരുമാനിച്ചു പറഞ്ഞുവന്നിട്ടുണ്ടു്. കൂടാതെ അഗ്രികൾച്ചർ, വെറ്ററിനറി, ഫിഷറീസു്, വില്ലേജു് കോട്ടു് എന്നീ ഡിപ്പാർട്ടുമെണ്ടുകളുടെ തീരുമാനങ്ങൾ എതാണ്ടു എത്തിക്കഴിഞ്ഞിട്ടുണ്ടു്. അതിനിടയിലെല്ലാം അവസാന ഉത്തരവായിട്ടില്ലെന്നുമാത്രമേയുള്ളു. ഈപാർശകങ്ങളെല്ലാം എതാണ്ടു മുഴുവനായികഴിഞ്ഞിട്ടുണ്ടു്. അതിനുംപുറമെ ഓരോ ഡിപ്പാർട്ട്മെണ്ടുകളെപ്പറ്റിയും ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ തന്നിട്ടുള്ള നിർദ്ദേശങ്ങളെല്ലാം പിന്നീടാലോചിക്കുന്നതാണു്. ബഹുമാനപ്പെട്ട അരണാട്ടുകര മെമ്പർ പറഞ്ഞതായ സംഗതി വളരെ വിപ്ലവകരമായിട്ടുള്ളതാണെന്നു് അദ്ദേഹംതന്നെ സമ്മതിക്കുന്നു. ഇതു് ഇന്നത്തെ ജനകീയഭരണത്തിലേപ്പെട്ടിട്ടുള്ള മന്ത്രിമാരെ വളരെ വിഷമിപ്പിക്കുന്ന ഒരു സംഗതിയാണെന്നു പറയുന്നതിൽ ഞാൻ ഒട്ടുംതന്നെ മടിക്കുന്നില്ല. അതിനു വേറെ ഒരു സംഗതി പറയുന്നതു Red tapism എന്നാണു്. ഫയലിംഗ് സിസ്റ്റം മനസ്സിലാക്കി പ്രവൃത്തിക്കുന്നതിനുമുമ്പു് ഇതൊക്കെ Red tapism ആണെന്നു പറഞ്ഞു് ബുദ്ധിമുട്ടിക്കുകയില്ലെന്നു ഞാൻ വിശ്വസി

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നു. ഫയലിംഗ് സിസ്റ്റം പഠിക്കുന്ന കാര്യത്തിൽ അതു് ഏതുവിധത്തിലാണു് വേണ്ടതെന്ന സംഗതി, അതായതു് ഇതൊക്കെ എടുത്തു കളയണമോ, വേണ്ടയൊ എന്നുള്ള കാര്യത്തിലുള്ള പരിചയം ഇപ്പോൾ ഉണ്ടെന്നു് എനിക്കു പറയുവാൻ വയ്യാ. സാധാരണ ഡെമോക്രാറ്റിക് ഭരണസമ്പ്രദായം നിലവിലുള്ള ദിക്കുകളിൽ സെക്രട്ടറിമാരെ വേണ്ടായെന്നുള്ളകാര്യത്തിൽ എനിക്കു വളരെ സംശയമുണ്ടു്. അതു ഞാൻ ഇപ്പോഴേതന്നെ പറയാം. ദിവാൻ ഭരണം ഉണ്ടായിരുന്നകാലത്തു് അവരുടെ ഭരണം നടത്തുവാൻ സഹായിച്ചിരുന്ന ആളുകളാണു് സിക്രട്ടറിമാർ. അങ്ങിനെ അവരെക്കൊണ്ടു ഭരണം നടത്തിച്ചിരുന്ന എന്നുള്ളതൊക്കെ വാസ്തവമാണെങ്കിലും, ഇന്നത്തെകാലത്തു ജനകീയഭരണം നിലവിലുള്ളപ്പോൾ, അതു കാര്യക്ഷമമായി നടത്തുന്നതിനു് പ്രാപ്തിയും, യോഗ്യതയുമുള്ള സിക്രട്ടറിമാരെ കൂടുതൽ അത്യാവശ്യമാണെന്നാണു് എനിക്കു തോന്നുന്നതു്. എന്നാൽ സാധാരണ ദിവാൻജിമാർ സ്വതവെ ഭരണകാര്യത്തിൽ വളരെ പരിചയമുള്ള ആളുകളായിട്ടാണു് ആ സ്ഥാനത്തു എത്തിക്കാണുന്നതു്. അഡ്മിനിസ്ട്രേഷൻ കാര്യത്തിൽ അവർ മിടുക്കന്മാരായിരിക്കും. നേരമറിച്ചു് മന്ത്രിമാക്കു് അത്തരത്തിലുള്ള പരിചയം വളരെ കുറവായിരിക്കും. അവക്കു സ്വതവേ വേണ്ടതായിട്ടുള്ള നയത്തെ ഭരണപരമായി നടപ്പിൽ വരുത്തുന്നതിനു് സാങ്കേതികമായ ഉപദേശം തരുവാൻ പ്രാപ്തിയും യോഗ്യതയുമുള്ള സിക്രട്ടറിമാർ ഉണ്ടാകുന്നതു് വളരെ അഭിലഷണീയമാണെന്നുള്ള അഭിപ്രായം എനിക്കില്ല. എന്നാൽ അതുള്ളതുകൊണ്ടു് ഇന്നത്തെ ഈ സമ്പ്രദായത്തിൽ ക്ലാർക്കുമാരേയും, സൂപ്രണ്ടുമാരേയും, അസിസ്റ്റണ്ടു് സെക്രട്ടറിമാരേയും, സെക്രട്ടറിമാരേയും, പ്രൈവറ്റു സിക്രട്ടറിമാരേയും കുറിച്ചു് ആലോചിക്കേണ്ടതില്ലെന്നുള്ള അഭിപ്രായവും എനിക്കില്ല. എത്രയായാലും ഇതു കൊച്ചിശവമ്പെണ്ടിനെതന്നെയല്ല, എതു ശവമ്പെണ്ടുകളേയും ബാധിക്കുന്ന ഒരു വിഷയമാണു്. ഏതുവിധത്തിലായാലും ഈ സംഗതികളെപ്പറ്റി നല്ലവണ്ണം ആലോചിച്ചു്, ഈ കാര്യത്തിൽ എത്രകണ്ടു കോട്ടങ്ങളും കെടുതികളും ഉണ്ടൊ അതെല്ലാം നോക്കി, അതിൽ എന്തെല്ലാമാണു് റിട്രെഞ്ചുമെണ്ടുവരുത്തേണ്ടതു എന്നുള്ളതു് നോക്കി വേണ്ടതുപോലെ ചെയ്യാവുന്നതാണു്. ഈ കാര്യത്തിൽ വലിയ ഉദ്യോഗസ്ഥന്മാരെന്നും ചെറിയ ഉദ്യോഗസ്ഥന്മാരെന്നും ഉള്ള വ്യത്യാസം നിവൃത്തിയുള്ളിടത്തോളം മനസ്സിൽ കരുതാതേയും, അതുപോലെതന്നെ വേറെ ചില ഉദ്യോഗസ്ഥന്മാരെപ്പറ്റിയുള്ള തസ്കികകൾ നിവൃത്തി, പോരാതേയും റിട്രെഞ്ചുമെണ്ടു് ചെയ്യാവുന്നതു കഴിയുന്നതും വേഗത്തിൽ നടത്താവുന്നതാണു്. അങ്ങിനെ ചെയ്യുന്നതിനു് ഒരു സ്റ്റാഫിനെ സെക്രട്ടറിയേറ്റിൽ വെക്കകൂടി ചെയ്തിട്ടുണ്ടു്. അതു് റിട്രെഞ്ചുമെണ്ടു് കഴിയുന്നതും വേഗത്തിൽ നടപ്പിൽ വരുത്തുന്നതിനുവേണ്ടിയാണു്. ആ സ്റ്റാഫിന്റെ പ്രവർത്തനം രണ്ടുമാസക്കാലത്തേക്കുമാത്രമേ ഉദ്ദേശിച്ചിട്ടുള്ളു. അത്രത്തോളം ജാഗ്രത ഈ കാര്യത്തിൽ ശവമ്പെണ്ടു് ചെയ്യുന്നുണ്ടെന്നുകൂടി ഞാൻ പറഞ്ഞുകൊള്ളുന്നു.

മിസ്റ്റർ എ. ഈച്ചരമേനോൻ : അവിടെയുള്ള സ്റ്റാഫിനെ റിട്രെഞ്ചുചെയ്യുവാൻ പിന്നെയും സ്റ്റാഫിനെ നിയമിക്കേണ്ടതുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: നമ്മളെല്ലാവരും ഒരു സിസ്റ്റത്തിന്റെ അടിമകളായിട്ടാണു് കഴിഞ്ഞുപോരുന്നതു്. എന്നാൽ ഈ കുടുക്കിൽനിന്നു് വിട്ടുപോരാനുള്ള ഒരു സഹായത്തിനുവേണ്ടി, തല്ക്കാലം ഇതൊക്കെ സ്വീകരിക്കുന്നുവെന്നല്ലാതെ മറെറാന്നുമില്ല.

മിസ്റ്റർ മുഹമ്മദു് അയൂബു് സേട്ടു: അപ്പോൾ എന്റെ അഭിപ്രായത്തിൽ യോജിക്കുന്നില്ലെന്നു പറഞ്ഞതു് എന്താണു്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: റിട്രെഞ്ചുമെണ്ടു് വേണ്ടായെന്നു് പറഞ്ഞുവെന്നുധരിച്ചാണു് ഞാൻ അങ്ങിനെ പറഞ്ഞതു്. എന്നാൽ അതിനോടു് എനിക്കു യോജിക്കുവാൻ നിവൃത്തിയില്ല. പിന്നെ ഫോറസ്റ്റു് ഡിപ്പാർട്ടുമെണ്ടിനെപ്പറ്റി പല അവസരങ്ങളിലും ഇവിടെ പറഞ്ഞുകഴിഞ്ഞിട്ടുണ്ടു്. അതുകൊണ്ടു് ഇനി അതിനെപ്പറ്റി വീണ്ടും പറഞ്ഞു ഈ സഭയുടെ സമയം അനാവശ്യമായിട്ടു കളയണമെന്നു് ഉദ്ദേശിക്കുന്നില്ല. ഈ സഭയിൽ പറഞ്ഞിട്ടുള്ള എല്ലാ അഭിപ്രായങ്ങളേയും ആദരിക്കുവാനുള്ള സന്മനസ്സു് കാണിക്കുന്നതാണെന്നു് അവസാനമായിട്ടു പറഞ്ഞുകൊണ്ടു് എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: സർ, ബഹുമാനപ്പെട്ട മന്ത്രി അവർകളും പറഞ്ഞ മറുപടിയിൽ, ഈ കാര്യത്തെക്കുറിച്ചു കൂലങ്കഷമായി പഠിച്ചാലോചിക്കുന്നതാണെന്നുള്ള ഉറപ്പിനെ അടിസ്ഥാനപ്പെടുത്തി ഞാൻ ഈ ഉപക്ഷേപത്തെ പിൻവലിക്കുവാൻ ഈ സഭയുടെ അനുവാദം ചോദിച്ചുകൊള്ളുന്നു.

Motion by leave withdrawn

LIBRARY ARCHIVES Kerala Legislative Assembly

CUT MOTION No. 6.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ : To reduce the allotment of Rs. 4,71,390 for General Administration (Total) in Demand No. 17 by Re. 1. (The inequalities created by the recent Salary revisions in the Service") ശമ്പളപരിഷ്കരണംമൂലം പല അസമത്വങ്ങളും നേരിടേണ്ടി വന്നിട്ടുള്ളവരുടെ കാര്യത്തെപ്പറ്റി ഈ സഭയെ ധരിപ്പിക്കുവാൻവേണ്ടിയാണ് ഞാൻ ഈ ബന്ധനോപക്ഷേപം കൊണ്ടുവന്നിട്ടുള്ളത്. ചില ഉദ്യോഗസ്ഥന്മാർ തങ്ങൾ വാങ്ങിക്കൊണ്ടിരുന്ന ശമ്പളത്തേക്കാൾ കുറഞ്ഞ ഒരു ശമ്പളമാണ് ശമ്പളപരിഷ്കരണംകൊണ്ടു വാങ്ങിക്കുന്നത്. ഈ ആഫീസ്സിൽതന്നെ അതിനുള്ള ഉദാഹരണങ്ങൾ ഉണ്ടെന്നാണ് എനിക്കു തോന്നുന്നത്. അതിനുംപുറമെ പ്രത്യേകം ചില ക്വാളിഫിക്കേഷൻഉള്ള ഉദ്യോഗംകൾക്കു ശമ്പളത്തിന്റെ കാര്യത്തിൽ പല അസമത്വങ്ങളും നേരിട്ടിട്ടുണ്ട്. ഉദാഹരണമായി വിദ്യാഭ്യാസ ഡിപ്പാർട്ടുമെണ്ടിൽ വേണ്ട സ്കൂൾഫൈനൽ പാസ്സും ട്രെയിനിങ്ങും സിദ്ധിച്ചിട്ടുള്ളവർക്കു കിട്ടാവുന്നതിൽകൂടുതൽ ശമ്പളം വെറും സ്കൂൾഫൈനൽക്കാർക്കു വെച്ചിട്ടുണ്ട്. പ്രൈമറി അദ്ധ്യാപകന്മാരെ ലോവർ സെക്കണ്ടറി സ്കൂളുകളിലേക്കു ഉദ്യോഗകയറ്റം കൊടുക്കുമ്പോൾ അവർ വാങ്ങിച്ചിരുന്ന ശമ്പളത്തിൽ കുറവാണ് കിട്ടുന്നതു. സെക്കണ്ടറി അദ്ധ്യാപകന്മാരുടെ ശമ്പളത്തോതുതന്നെ വളരെ കുറഞ്ഞതാണ്. മദിരാശിയിലും, തിരുവിതാംകൂറിലും, മറ്റു സ്ഥലങ്ങളിലും കൂടുതൽ ശമ്പളത്തോതുണ്ട്. ഇങ്ങിനെയുള്ളപലുഅസമത്വങ്ങളേയും ഉടനടി പരിഹരിക്കേണ്ടതാണ്. മുമ്പൊരിക്കൽഇതിനെ സംബന്ധിച്ചു പല നിവേദനങ്ങളും ഗവൺമെണ്ടിനു സമർപ്പിച്ചിട്ടുണ്ടെന്നാണ് എന്റെ അറിവു്. അങ്ങിനെയുള്ള കാര്യങ്ങളിൽ അന്നത്തെ മന്ത്രിമാർ വേണ്ട ഏർപ്പാടുകളും ചെയ്യുമെന്നുള്ള വാഗ്ദാനങ്ങളും ചെയ്തിട്ടുണ്ട്. എന്നാൽ ഇതുവരെ കാര്യമായിട്ടുള്ള നടപടികളും ഒന്നും എടുത്തുകാണുന്നില്ല. ഈ വിധത്തിലുള്ള ആവലാതികൾക്കു യാതൊരു തീരുമാനവും ഉണ്ടായിട്ടില്ല. ഈ വിധത്തിലുള്ള ആവലാതികളാൽ അസംതൃപ്തരായിട്ടുള്ള ഒരു ഉദ്യോഗസ്ഥവൃന്ദത്തെ ചില ഡിപ്പാർട്ടുമെണ്ടിൽ കാണാവുന്നതാണ്. അങ്ങിനെയുള്ളവരുടെ അസമത്വങ്ങളെ പരിഹരിക്കണമെന്നു ഞാൻ ഗവൺമെണ്ടിനെ ശക്തിയായി ഉൽബോധിപ്പിച്ചുകൊണ്ടു് ഇതു് ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: സർ, ഞാൻ ഈ പ്രമേയത്തെ വളരെ ശക്തിയായി പിൻതാങ്ങിക്കൊള്ളുന്നു.

Mr. President: Mr. K. Balakishna Marar's cut motion No. 7 is also similar. So, Mr. K. Balakrishna Marar can speak on this cut motion.

CUT MOTION No. 7.

To reduce the allotment of Rs. 4,71,390 for General Administration in Demand No. 17 by Re 1.

(Setting up of a Committee to report to the Government, as to the anomalies in the Pay Revision proposals of the Government, now given effect to, and to correct them).

മിസ്റ്റർ കെ. ബാലകൃഷ്ണമാരാർ: സർ, എന്റെ ഉപക്ഷേപം ഏകദേശം ഇതുപോലെതന്നെയാണ്. ശമ്പളപരിഷ്കരണ നിർദ്ദേശങ്ങളിൽ പല വിധത്തിലുള്ള പരസ്പരവൈരുദ്ധ്യങ്ങളെ പരിഹരിക്കണം എന്നാണ് ഞാനും അതുകൊണ്ടുദ്ദേശിക്കുന്നതു്. ഉദ്യോഗസ്ഥന്മാരുടെ കാര്യത്തിൽ വ്യക്തമായിട്ടുള്ള ചിലമാനദണ്ഡങ്ങളും അനുസരിച്ചായിരിക്കണം അവരുടെ ശമ്പളം പരിഷ്കരിക്കേണ്ടതെന്നു് എനിക്കു ഗവൺമെണ്ടിനെ ധരിപ്പിക്കുവാൻ ആഗ്രഹം ഉണ്ടു്. ഒന്നാമതായിട്ടു ഒരു ഉദ്യോഗത്തിലിരുന്ന പരിചയം സിദ്ധിച്ചിട്ടുള്ള ഒരു ഉദ്യോഗസ്ഥനും പുതിയതായിട്ടു നിയമിതനാകുന്ന ഒരു ഉദ്യോഗസ്ഥനും തമ്മിൽ ശമ്പളകാര്യത്തിൽ വ്യത്യാസം ഉണ്ടായിരിക്കേണ്ടതു് അവരുടെ സർവ്വീസ്സിന്റെ കാര്യക്ഷമതക്കു് ആവശ്യമാണ് എന്നതാണ്. വിദ്യാഭ്യാസ വകുപ്പിൽ ഈ വിധത്തിലുള്ള അനുഭവങ്ങളും ഉണ്ടെന്നു് പ്രമേയഅവതരകൻതന്നെ പറയുകയുണ്ടായി. അങ്ങിനെയുള്ള വൈരുദ്ധ്യങ്ങളും മാറേണ്ടതു വളരെ അത്യാവശ്യമാണ്. പുതുതായിട്ടു് ഉദ്യോഗത്തിൽ പ്രവേശിക്കുന്ന ഒരാൾക്കും വളരെക്കാലം ഉദ്യോഗത്തിൽ ഇരുന്ന പഴക്കവും തഴക്കവും സിദ്ധിച്ചിട്ടുള്ള ഒരാൾക്കും തമ്മിൽ ശമ്പളകാര്യത്തിൽ അവരുടെ യോഗ്യതാനുസരണം നീതി ലഭിക്കേണ്ടതു് അത്യാവശ്യമാണ്. വേറെ ഒരു സംഗതി നിഷ്കർഷിക്കുവാനുള്ളതു് ഒരേ വകുപ്പുകളിൽ ഒരേ തരത്തിലുള്ള ജോലി ചെയ്യുന്ന ഉദ്യോഗസ്ഥന്മാർക്കു ഒരേ വിധത്തിലുള്ള ആനുകൂല്യങ്ങളും കിട്ടണമെന്നുള്ളതാണ്. എന്നാൽ അതിനു വിരുദ്ധമായിട്ടുള്ള അനുഭവങ്ങളും ശമ്പളപരിഷ്കരണ നിർദ്ദേശങ്ങളിൽ ഇന്നും നിലവിലുണ്ടു്. വ്യക്തമായ ചില ഉദാഹരണങ്ങളും എടുത്തു ഈ സഭ

LIBRARY ARCHIVES Kerala Legislative Assembly

യുടെ സമയം കളയണം എന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. ശമ്പളപരിഷ്കരണത്തിൽ കാണുവാൻ സാധിക്കുന്ന അസമതുലങ്ങളും അതു് അർഹിക്കുന്ന ഗൗരവത്തിൽ എടുക്കണം എന്നു മാത്രമേ എനിക്കു ഗവണ്മെണ്ടിനെ ഉൽബോധിപ്പിക്കുവാനുള്ളു.

വേറെ ഒരു മാനദണ്ഡം; ഈവക ശമ്പളക്കായ്ങ്ങളിൽ കൂടുതൽ ചുമതലയേറ്റുകൂടിയ കൂടുതൽജോലി നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥന്മാർക്കും, മറവുള്ളവരേക്കാൾ കൂടുതൽ ശമ്പളം കിട്ടുന്ന ഒരു വ്യവസ്ഥതിയുംകൂടി ശമ്പളപരിഷ്കരണ പദ്ധതിയിൽ ഉണ്ടായിരിക്കേണ്ടതാണു് എന്നതാണു്. ജോലിയുടെ കായ്ക്ഷമതയനുസരിച്ചു് ഉദ്യോഗം നിർവ്വഹിച്ചു് കൊണ്ടുപോകുന്ന ഉദ്യോഗസ്ഥന്മാർക്കു ഈ വിധത്തിൽ ശമ്പളം കൂടുതൽ കൊടുക്കുക എന്നുള്ളതു് അവരുടെ സർവ്വീസ്സിനെറ മഹിമക്കും നീതിക്കും ആവശ്യമാണെന്നു മാത്രമേ ഞാൻ പറയുന്നുള്ളു. ഈ വിധത്തിലുള്ള നയം താഴ്ന്ന തരത്തിലുള്ള ഉദ്യോഗസ്ഥന്മാരുടെ ഇടയിലും സ്വീകരിക്കേണ്ടതാണു്. ജോലിയുടെ ഗൗരവം അനുസരിച്ചു് ഇങ്ങിനെയുള്ള ശമ്പളം കൊടുക്കുവാൻ ഗവണ്മെണ്ടിനു് സാധിക്കേണ്ടതാണു്. എന്നാൽ ഇതിനെല്ലാം വിരുദ്ധങ്ങളായിട്ടുള്ള അനുഭവങ്ങളും ശമ്പളപരിഷ്കരണ പദ്ധതിയുടെ നിർദ്ദേശങ്ങളിൽ എനിക്കു കാണുവാൻ സാധിച്ചിട്ടുണ്ടു്. അങ്ങിനെയുള്ള പരസ്പരവൈരുദ്ധ്യങ്ങളും ഇല്ലായ്മ ചെയ്യുവാൻ ഗവണ്മെണ്ടു തയ്യാറാവണം എന്നാണു് ഈ ഉപക്ഷേപംമൂലം എനിക്കു ഗവണ്മെണ്ടിനെ ഉൽബോധിപ്പിക്കുവാനുള്ളതു്.

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: സർ, ഈ കായ്ത്തിൽ ഗവണ്മെണ്ടു വേണ്ട നടപടി എടുത്തു കഴിഞ്ഞിട്ടുണ്ടു്. ഇതുവരെയുള്ള പെയ്ഡ് റിവിഷനെറ കായ്ത്തിലുള്ള ന്യൂനതകളെ പായ്ലോചിച്ചു വേണ്ടതു് ചെയ്യുവാൻവേണ്ടി ചീഫ് സെക്രട്ടറിയും മറവ സെക്രട്ടറിമാരും അടക്കം ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടു്. അവർ ഈ വക കായ്ങ്ങൾ വളരെ ഗൗരവമായി പരിശോധിച്ചുവരുന്നുണ്ടു്. അവരുടെ ഒടുവിലത്തെ തീരുമാനം എടുത്തുകഴിഞ്ഞിട്ടില്ല. അവർ ഈ വക കായ്ങ്ങളെല്ലാം പരിശോധിച്ചു് അസമതുലങ്ങളെല്ലാം മാറവും എന്നാണു് വിചാരിക്കേണ്ടതു്. അതുവരെ ക്ഷമിച്ചിരുന്നാൽ കൊള്ളാം എന്നു ബഹുമാനപ്പെട്ട മെമ്പർമാരോടു് ഒരപേക്ഷയുണ്ടു്.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: സർ, എൻെറ ഈ ഉപക്ഷേപത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള കായ്ങ്ങളെപ്പററി പ്രധാനമന്ത്രി വേണ്ടപോലെ ചെയ്യാം എന്നു് പറഞ്ഞിട്ടുള്ളതുകൊണ്ടു ഈ കട്ടമോഷൻ പിൻവലിച്ചുകൊള്ളുന്നു.

Motion by leave withdrawn

Mr. President: I will now put the Demand for General Administration to vote.

The demand of Rs. 4,71,390 under 17—General Administration

Demand put and carried

(ii) 11. General Administration (Cranganur)

Mr. E. Ikkanda Warriar *(Prime Minister)*: I move for a grant of Rs. 1,945 under 11. General Administration—Cranganur.

Mr. C. A. Ouseph *(Minister for Education and Public Health)*: I second it.

Demand put and carried

(iii) 12. Stamps

Mr. E. Ikkanda Warriar *(Prime Minister)*: I move for a grant of Rs. 73,318 under 12. Stamps.

Mr. C. A. Ouseph *(Minister for Education and Public Health)*: I second it.

Demand put and carried

(iv) 8. Stamps (Cranganur)

Mr. E. Ikkanda Warriar *(Prime Minister)*: I move for a grant of Rs. 470 under 8. Stamps—Cranganur.

Mr. C. A. Ouseph *(Minister for Education and Public Health)*: I second it.

Demand put and carried

(v) 13. Stationery and Printing

Mr. E. Ikkanda Warriar *(Prime Minister)*: I move for a grant of Rs. 3,58,211 under 13. Stationery and Printing.

LIBRARY ARCHIVES Kerala Legislative Assembly